ഫെബ്രുവരി 2023

വാല്യം 06
ലക്കം 02

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. പരിശുദ്ധ പിതാവിന്റെ സന്ദേശം : ലോകരോഗീദിനം - ഫെബ്രു.11 .......... 05
2. Prot. No. 26 / 2023, Circular No. 01/2023 .......... 12
3. സർക്കുലർ : കെ.സി.ബി.സി.- തിരുബാലസഖ്യദിനം .......... 17
4. സർക്കുലർ : സിനഡ് അനന്തര സർക്കുലർ .......... 22
5. കച്ചേരിക്കാര്യം .......... 30
6. വിശ്വാസപരിശീലനം .......... 37
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .......... 43
8. ചെറുപുഷ്പ മിഷൻലീഗ് .......... 46
9. തിരുബാലസഖ്യം .......... 53
10. യുവജനശുശ്രൂഷ .......... 56
11. കുടുംബപ്രേഷിതത്വം .......... 61
12. വിദ്യാഭ്യാസ ഏജൻസി .......... 66
13. നിർമ്മലഗിരി കോളേജ് .......... 71
14. സാൻജോസ് അക്കാദമി .......... 75
15. വിമൽജ്യോതി വാർത്തകൾ .......... 76
16. കുടുംബക്കൂട്ടായ്മ .......... 79
17. ഇൻഫാം .......... 80
18. എ.കെ.സി.സി. .......... 82
19. ADAM .......... 85
20. മദ്യവിരുദ്ധ സമിതി .......... 87
21. എയ്ഞ്ചൽ ട്രസ്റ്റ് .......... 89
22. സാമൂഹ്യസേവനവേദി .......... 91
23. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി .......... 94
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 96
25. Engagements - February (Archbishop Mar Joseph Pamplany) ..........102
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 104
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 105

Ref: 3829/K-5/KCBC/OL/DS 18.01.2023

# 31–ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം ഫെബ്രുവരി 11, 2023 "ഇവനെ പരിചരിക്കുക"

***സിനഡാത്മക പ്രക്രിയയായ സുഖപ്പെടുത്തുന്ന അനുകമ്പ***

**പ്രിയ സഹോദരീസഹോദരന്മാരേ,**

നാം മനുഷ്യരായിരിക്കുന്നതിന്റെ ഭാഗമാണ് രോഗാവസ്ഥ. എന്നാൽ, പരിചരണവും അനുകമ്പയും കൂടാതെ ഏകാന്തതയിലും തിരസ്ക്കരണത്തിലുമാണ് നാം രോഗാവസ്ഥയിൽ ആയിരിക്കുന്നതെങ്കിൽ അത് മാനുഷികമല്ലാതായി മാറും.

നാം മറ്റുള്ളവരുമൊത്ത് ഒരു യാത്രയ്ക്കുപോകുമ്പോൾ ചിലപ്പോൾ നമുക്കു സുഖമില്ലായ്മ അനുഭവപ്പെടുന്നത് സാധാരണമാണ്; ചിലപ്പോൾ വഴിയിൽവച്ച് ക്ഷീണംകൊണ്ടോ മറ്റ് അനിഷ്ട സംഭവങ്ങൾകൊണ്ടോ നമുക്കു യാത്ര അവസാനിപ്പിക്കേണ്ടിവരും. അപ്രകാരമുള്ള വേളകളിലാണ് നമ്മുടെ സഞ്ചാരം എത്രമാത്രം ഒരുമിച്ചുള്ളതാണെന്നു നാം മനസ്സിലാക്കുന്നത്: അതായത്, നാം യഥാർത്ഥത്തിൽ സഹയാത്രികരാണോ അതോ നമ്മുടെതന്നെ താത്പര്യങ്ങൾ അന്വേഷിക്കുന്ന, മറ്റുള്ളവരെ അവരവരുടെ കാര്യങ്ങൾ നോക്കാനായി ഉപേക്ഷിക്കുന്ന, കേവലം ഒരേ പാതയിൽ സഞ്ചരിക്കുന്ന വ്യക്തികൾ മാത്രമാണോ എന്നത് വ്യക്തമാകുന്നത് അപ്പോഴായിരിക്കും. അക്കാരണത്താൽ, ഈ മുപ്പത്തൊന്നാമത് ലോകരോഗീദിനത്തിൽ, സഭ മുഴുവനും സിനഡാത്മക പാതയിലൂടെ സഞ്ചരിക്കുന്ന ഈ വേളയിൽ, വ്രണിതാവസ്ഥയിലും രോഗാവസ്ഥയിലുമായിരിക്കുന്ന അനുഭവത്തിലൂടെ കടന്നുപോകുമ്പോഴാണ് നാം ദൈവത്തിന്റെ ശൈലി അനുസരിച്ച് ഒരുമിച്ച് നടക്കുന്നതെന്നതിനെകുറിച്ച് ധ്യാനിക്കാൻ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നത്; ദൈവത്തിന്റെ ശൈലി സാമീപ്യവും അനുകമ്പയും ആർദ്രതയും ആണല്ലോ!

ദൈവീക വെളിപാടിന്റെ ഉത്തുംഗഭാവത്തെ പ്രകാശിപ്പിക്കുന്ന വചനങ്ങൾ എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിലുള്ളത് ശ്രദ്ധേയമാണ്: "ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: 'ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നല്കും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴി തെറ്റിപ്പോയതിനെ ഞാൻ തിരികെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും; ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും... നീതിപൂർവം ഞാൻ അവയെ പോറ്റും' (എസെ 34/15-16). സംഭ്രമവും രോഗവും ബലഹീനതയുമൊക്കെ മാനുഷികപ്രയാണത്തിന്റെ ഭാഗമാണ്. അവ നമ്മെ ദൈവജനത്തിന്റെ പക്കൽനിന്നു അകറ്റുന്നതിനുപകരം നമ്മെ കർത്താവിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നു; എന്തെന്നാൽ, അവിടന്ന് നമ്മുടെ പിതാവാണ്; തന്റെ മക്കളിൽ ഒരാൾപോലും വഴിയിൽവച്ച് നഷ്ടപ്പെടാൻ അവിടന്ന് ഇഷ്ടപ്പെടുന്നില്ല. ആകയാൽ നമുക്ക് അവിടന്നിൽനിന്നു പഠിക്കാം; അതായത്, ആവശ്യമില്ലെന്നവിധം വലിച്ചെറിയുന്ന സംസ്കാരത്തെ ചെറുത്തുനില്ക്കുന്ന, യഥാർഥമായും ഒരുമിച്ചു നടക്കുന്ന, ഒരു സമൂഹമായി എങ്ങനെ മാറാമെന്ന് നമുക്ക് ശ്രദ്ധിക്കാം.

"എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ നല്ല സമരിയാക്കാരന്റെ ഉപമ പുനർവായന നടത്തുന്നതിനെ ഞാൻ പ്രോത്സാഹിപ്പിച്ചു. അടഞ്ഞിരിക്കുന്ന ഒരു ലോകത്തിലെ "കാർമേഘങ്ങളിൽ നിന്ന്" എങ്ങനെ നമുക്കു "തുറവുള്ള ഒരു ലോകത്തെ വിഭാവനം ചെയ്യാനും സാക്ഷാത്കരിക്കാനും" ആകും എന്നു നിർദേശിക്കാനാണ് ഞാൻ അപ്രകാരം ചെയ്തത് (ഖ. 56 കാണുക). യേശുവിന്റെ ഈ ഉപമയും ഇന്നത്തെ ലോകത്തിൽ സാഹോദര്യം നിഷേധിക്കപ്പെടുന്ന നിരവധി അവസരങ്ങളും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്. മർദിതനും മോഷ്ടിക്കപ്പെട്ടവനുമായ ആ മനുഷ്യൻ എപ്രകാരം വഴിയരികിൽ ഉപേക്ഷിക്കപ്പെട്ടുവോ അപ്രകാരമാണ് അത്യാവശ്യസമയത്ത് ഉപേക്ഷിക്കപ്പെടുന്ന നമ്മുടെ ധാരാളം സഹോദരീസഹോദരന്മാർ. പ്രകൃതിയിൽനിന്ന് ആവിർഭവിക്കുന്ന സാധാരണയുള്ള കാരണങ്ങളാൽ മനുഷ്യജീവനും മഹത്ത്വത്തിനും വന്നുഭവിക്കുന്ന പ്രഹരങ്ങളിൽ നിന്ന് അനീ

തിയാലും അക്രമത്താലും വരുത്തിവയ്ക്കപ്പെടുന്നവയെ വേർതിരിച്ചറിയുക എന്നത് ഇന്നു പ്രയാസമായി മാറിയിരിക്കുന്നു. യഥാർഥത്തിൽ വർധമാനമാകുന്ന അസമത്വവും കുറച്ചുപേരുടെമാത്രം താത്പര്യങ്ങൾ സംരക്ഷിക്കുന്നവിധമുള്ള ക്രമീകരണങ്ങളും എല്ലാ മാനുഷിക പരിതോവസ്ഥകളെയും ബാധിക്കുന്നുണ്ട്; അക്കാരണത്താൽ, എല്ലാ അനുഭവങ്ങളെയും "പ്രകൃതി കാരണ"മാണെന്നു മാത്രം പറയാൻ സാധിക്കാത്തവിധമായിരിക്കുന്നു. എല്ലാ സഹനവും ഒരു "സംസ്കാരത്തിന്റെ" പശ്ചാത്തലത്തിലും അതിന്റെ വ്യത്യസ്തങ്ങളായ വൈരുദ്ധ്യത്തിലുമാണ് സംഭവിക്കുന്നത്. ഇവിടെ ഏകാന്തതയുടെയും തിരസ്ക്കരണത്തിന്റെയും അവസ്ഥ പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. അനീതിയുടെ മറ്റേതൊരുതരം രൂപത്തിൽനിന്നും വ്യത്യസ്തമാംവിധം ഈ ക്രൂരത എളുപ്പം പരിഹരിക്കപ്പെടാവുന്ന ഒന്നാണ്. കാരണം, പ്രസ്തുത ഉപമ നമ്മെ പഠിപ്പിക്കുന്നതുപോലെ, അത് നമ്മുടെ ശ്രദ്ധയുടെ ഏതാനും നിമിഷങ്ങൾ മാത്രമാണ് ആവശ്യപ്പെടുന്നത്; ഈ ക്രൂരതയെ ഒഴിവാക്കാനായി നാം നമ്മുടെ ഉള്ളിൽ അനുകമ്പയാൽ ചലിപ്പിക്കപ്പെട്ടാൽ മാത്രം മതി. ഭക്തരും മതാനുയായികളുമായ രണ്ട് വഴിയാത്രികർ മുറിവേറ്റ മനുഷ്യനെ കണ്ടു; എങ്കിലും അവർ നിന്നില്ല. എന്നാൽ മൂന്നാമത്തെ വഴിയാത്രികൻ - സമരിയാക്കാരനായവൻ, പരിഹാസ്യനായ പരദേശി - അനുകമ്പയാൽ ചലിപ്പിക്കപ്പെട്ട് വഴിയിലെ അപരിചിതനെ പരിചരിക്കുന്നു; അവനെ അയാൾ സഹോദരനായി കണക്കാക്കുന്നു. അപ്രകാരം ചെയ്യുക വഴിയായി, അയാൾ അപ്രകാരം ചിന്തിച്ചില്ലെങ്കിൽപ്പോലും, അയാൾ ഒരു വ്യത്യസ്തത സൃഷ്ടിക്കുന്നു; അതായത്, അയാൾ ലോകത്തെ കൂടുതൽ സാഹോദര്യം നിറയ്ക്കുന്നവനായി മാറുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗത്തിനായി നാം പലപ്പോഴും തയ്യാറെടുത്തിരിക്കുന്നവരല്ല. നമ്മൾ പ്രായമായിക്കൊണ്ടിരിക്കുന്നു എന്നതുപോലും പലപ്പോഴും നാം അംഗീകരിക്കാൻ വിസമ്മതിക്കുന്നു. നമ്മുടെ വ്രണിതാവസ്ഥ നമ്മെ ഭയപ്പെടുത്തുന്നു; ഇന്നു നിലനില്ക്കുന്ന കാര്യക്ഷമതയുടെ സംസ്കാരം അതിനെ മറച്ചുപിടിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; അത് മാനുഷീക ബല

ഹീനതയ്ക്കു ഇടം നല്കുന്നില്ല. ഈ രീതിയിൽ തിന്മ നമ്മുടെ മുമ്പിൽ അവതരിക്കുകയും നമ്മെ മുറിപ്പെടുത്തുകയും ചെയ്യുന്നു; അപ്പോൾ നാം ഞെട്ടിപ്പോകുന്നു. മാത്രമല്ല, ആ വേളകളിൽ മറ്റു ള്ളവർ നമ്മെ ഉപേക്ഷിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ, നമ്മുടെ തന്നെ ദൗർബല്യത്തിന്റെ നിമിഷങ്ങളിൽ നാം മറ്റുള്ളവർക്ക് ഒരു ഭാരമാകരുത് എന്ന ചിന്തയാൽ നാം തന്നെയും മറ്റുള്ളവരെ ഉപേ ക്ഷിക്കാൻ താത്പര്യപ്പെടുന്നു.

ഇങ്ങനെയാണ് ഏകാന്തത നമ്മിൽ കടന്നുകൂടുന്നത്; ദൈവം തന്നെയും നമ്മെ ഉപേക്ഷിച്ചു എന്നവിധം അനീതിയുടെ കയ്പുര സമുള്ള ചിന്തയാൽ നാം വിഷലിപ്തരായിത്തീരുന്നു. യഥാർഥ ത്തിൽ, മറ്റുള്ളവരോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ബന്ധം മുറിഞ്ഞതായിത്തീർന്നാൽ നമുക്കു തുടർന്നു കർത്താവുമായി സമാധാനത്തിലായിരിക്കാൻ ബുദ്ധിമുട്ടുള്ളതായി ഭവിക്കും. ആക യാൽ, രോഗാവസ്ഥയുടെ മധ്യേ സഭ മുഴുവനും സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഉദാഹരണത്തോളം ഉയരേണ്ടിയിരിക്കുന്നു. അങ്ങനെ സഭ യഥാർഥത്തിൽ ഒരു "യുദ്ധക്കളത്തിലെ ആശുപത്രി" ആയിത്തീരും; എന്തെന്നാൽ, അവളുടെ ദൗത്യം പ്രകാശിതമാകു ന്നത് കരുതലിന്റെ പ്രവൃത്തികൾവഴിയാണ്; ഏറെ പ്രത്യേകിച്ച്, നമ്മുടെ ഈ കാലഘട്ടത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ. നമ്മൾ എല്ലാവരും ദുർബലരും മുറിപ്പെട്ടവരും ആണ്; അല്പനേരം നില്ക്കാനും സമീപിക്കാനും സുഖപ്പെടുത്താനും ഉയർത്തിയെടു ക്കാനും കഴിവുള്ള ഒരുതരം കനിവ് നമുക്ക് ആവശ്യമാണ്. അങ്ങനെ രോഗത്തിന്റെ ദുരവസ്ഥയിൽ ആയിരിക്കുന്നവർ നമ്മുടെ നിസ്സം ഗത നീക്കാനും സഹോദരീസഹോദരന്മാർ ഇല്ലെന്നുള്ള അവരുടെ അവസ്ഥയെ ഇല്ലാതാക്കാനുമായി നമ്മെ ക്ഷണിക്കുന്നു.

സഹനത്തിലായിരിക്കുന്നവരോട് സമീപസ്ഥരായിരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ലോകരോഗീദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. നവമായി ഒത്തൊരുമിച്ച് മുന്നോട്ട് ഗമിക്കു ന്നതിന്റെ ആവശ്യകതയെ ദൈവജനത്തെയും ആരോഗ്യപരിപാ ലനസ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും ഈ ദിനം ബോധ്യ പ്പെടുത്തുന്നു. മറ്റുള്ളവരുടെമേൽ സാമ്പത്തികവും സാംസ്കാരി

കവും രാഷ്ട്രീയപരവും ആയ മേൽകൈ പുലർത്തുന്നവരെ നിശി തമായി വിധിക്കുന്നതാണ് മുമ്പ് ഉദ്ധരിക്കപ്പെട്ട എസെക്കിയേൽ പ്രവാചകന്റെ ഇതര വചനങ്ങൾ: “നിങ്ങൾ മേദസ്സ് ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലു കയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബ ലമായതിനു നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെ ട്ടിയില്ല; വഴിതെറ്റിയതിനെ തിരികെകൊണ്ടുവരുകയോ കാണാതാ യതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിനമായും ക്രൂരമായും നിങ്ങൾ അവയോട് പെരുമാറി” (34, 3-4). നമ്മെ പ്രകാശിപ്പിക്കു ന്നതും കാലോചിതവുമാണ് ദൈവവചനം; അത് അപലപിക്കുന്ന കാര്യങ്ങളിൽ മാത്രമല്ല, പ്രത്യുത അത് നിർദേശിക്കുന്നതിലും അപ്രകാരം തന്നെ. മുഖാമുഖമുള്ള കണ്ടുമുട്ടലിൽ ആരംഭിച്ച നല്ല സമരിയാക്കാരന്റെ ഉപമ ഉപസംഹരിക്കുമ്പോൾ എപ്രകാരം സാഹോ ദര്യത്തിന്റെ അഭ്യസനം പൊതുവായി ക്രമവൽക്കരിക്കപ്പെട്ട പ്രക്രി യയാക്കി മാറ്റാം എന്നതിന്റെ സൂചനയും നല്കപ്പെടുന്നു. സത്രം, സത്രം സൂക്ഷിപ്പുകാരൻ, പണം, തുടർന്നു സംഭവിക്കാൻ പോകു ന്നത് അറിയിക്കപ്പെടാനുള്ള നിർദേശം എന്നീ ഘടകങ്ങൾ (ലൂക്കാ 10, 34-35 കാണുക) മറ്റു പലതിലേക്കും വിരൽചൂണ്ടുന്നു; അതായ ത്, ആരോഗ്യപരിപാലനപ്രവർത്തകരുടെയും സാമൂഹ്യസേവകരു ടെയും കുടുംബാംഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും പ്രതി ജ്ഞാബദ്ധത എന്നിവയിലേക്ക്. ഇവർ വഴിയാണല്ലോ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എല്ലാ ദിവസവും തിന്മയ്ക്കെതിരായി നന്മ യുടെ മുഖം ഉയർന്നു നില്ക്കുന്നത്!

ആരോഗ്യപരിപാലനത്തിന്റെയും അതിന്റെ ഗവേഷണത്തി ന്റെയും രംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള നമ്മുടെ കടപ്പാട് മഹാ മാരിയുടേതായ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏറെ വർധിച്ചിട്ടുണ്ട്. എന്നാൽ, ഈ ഭീമമായ സാമൂഹ്യദുരന്തത്തിൽനിന്നു പുറത്തുവ രുമ്പോൾ കേവലം ധീരയോദ്ധാക്കളെ ആദരിച്ചതുകൊണ്ടുമാത്രം നമ്മുടെ ഉത്തരവാദിത്വം തീരുന്നില്ല. കോവിഡ്-19 വൈദഗ്ദ്ധ്യത്തി ന്റെയും ഐകമത്യത്തിന്റെയും ശൃംഖലകളെ ഏറെ ആയാസപ്പെ ടുത്തുകയുണ്ടായി; നിലവിലുള്ള പൊതുക്ഷേമ സംവിധാനങ്ങളു

ടെ അപര്യാപ്തതത അത് വെളിച്ചത്തുകൊണ്ടുവരുകയുണ്ടായി. ആകയാൽ, കൃതജ്ഞത പ്രകാശിപ്പിക്കുന്നതോടൊപ്പം ഒരോ വ്യക്തിയുടെയും മൗലിക അവകാശമായ അടിസ്ഥാനപരവും അനുയോജ്യവുമായ ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അതിനുള്ള ധനാഗമ മാർഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ആസൂത്രണം ഓരോ രാജ്യവും അടിയന്തിരമായി ചെയ്യേണ്ടതാണ്.

"ഇയാളെ പരിചരിക്കണം" (ലൂക്കാ 10/35) എന്നാണ് ആ സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരോട് പറഞ്ഞത്. യേശു അക്കാര്യത്തിനായി നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. യേശു നമ്മോടു പറയുന്നു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10/37). ഞാൻ "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ, "വീണവരെ ഉയർത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന അയല്ക്കാരെപ്പോലെ പ്രവർത്തിക്കുന്നവരായ സ്ത്രീപുരുഷന്മാരാൽ ഒരു സമൂഹം എങ്ങനെ പുനർനിർമിക്കാനാകും എന്ന് ഈ ഉപമ കാണിച്ചുതരുന്നു" (ഖ. 67). മാത്രമല്ല, "സ്നേഹത്തിൽ മാത്രം കണ്ടെത്താവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധിക്കില്ല" (ഖ. 68).

ആധുനിക കാലഘട്ടത്തിലെ ഒരു പ്രവാചക സന്ദേശമായി സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ലൂർദിലെ പുണ്യസങ്കേതത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിച്ചുവയ്ക്കാം. യഥാർത്ഥത്തിൽ, നന്നായി പ്രവർത്തിക്കുകയും നല്ല ഫലോത്പാദനം നടത്തുകയും ചെയ്യുകയെന്നത് മാത്രമല്ല കാര്യമാത്ര പ്രസക്തമായിട്ടുള്ളത്. രോഗികളായവർ ദൈവജനത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളവരാണ്; സഭ അവരോടൊപ്പമാണ് മുന്നേറുന്നത്. കാരണം, അത് മാനുഷികതയുടെ ഒരടയാളമാണ്; ഈ മാനുഷീകഭാവത്തിൽ ഓരോരുത്തരും വിലപ്പെട്ടവരാണ്; ആരും പുറംതള്ളപ്പെട്ടവരോ, പിന്നാക്കം നിറുത്തപ്പെട്ടവരോ ആകാൻ പാടില്ല.

രോഗികളുടെ ആശ്രയമായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ രോഗികളായ എല്ലാവരെയും സമർപ്പിക്കുന്നു. അവരെ മാത്രമല്ല രോഗികളെ തങ്ങളുടെ ഭവനങ്ങളിൽ പരിചരിക്കുന്നവരെയും ജോലിയും ഗവേഷണവും സന്നദ്ധസേവനവും വഴിയായി പ്രവർത്തിക്കുന്നവരെയും വ്യക്തിപരവും സഭാപരവുമായ പൊതുസാമൂഹ്യപ്രവർത്തനം വഴിയായി സാഹോദര്യത്തിന്റെ കണ്ണികളെ കോർത്തിണക്കുന്നവരെയും അവളുടെ മാധ്യസ്ഥ്യത്തിനായി സമർപ്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഞാൻ എന്റെ ഹൃദയപൂർവമായ ആശീർവാദം നല്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്നു 2023 ജനുവരി 10-ാം തീയതി നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

*NB:* പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ ലോക രോഗീദിനസന്ദേശം 2023 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 26 / 2023, Circular No. 01/2023

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

നമ്മുടെ കർത്താവിന്റെ സഹന മരണ ഉത്ഥാന രഹസ്യങ്ങളെ സവിശേഷമായി ധ്യാനിക്കുന്ന വലിയ നോമ്പിന്റെ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച അർദ്ധരാത്രി മുതലാണ് ഈ വർഷത്തെ വലിയ നോമ്പാരംഭിക്കുന്നത്. 'ഇതാ നമ്മൾ ജെറുസലേമിലേക്ക് പോകുന്നു' (മർക്കോ 10/13) എന്ന ആഹ്വാനത്തോടെയാണ് ഈശോ ശിഷ്യരെ പെസഹാ രഹസ്യത്തിലേക്ക് ആനയിക്കുന്നത്. രക്ഷാകര സംഭവങ്ങളുടെ മർമ്മപ്രധാനമായ സംഭവങ്ങൾ അരങ്ങേറേണ്ട വിശുദ്ധ നഗരമായ ജെറുസലേമിലേക്ക് തന്റെ പ്രിയ ശിഷ്യരെ കൂട്ടിക്കൊണ്ട് ഈശോ ഗലീലീയിൽ നിന്നും നടത്തുന്ന യാത്ര സ്വർഗ്ഗീയ ജെറുസലേം ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയുടെ പ്രതീകമാണ്. നമ്മുടെ പാരമ്പര്യം അനുസരിച്ച് ആണ്ടുവട്ടത്തിലെ ഏറ്റവും ഫലദായകമായ ദിനങ്ങളാണ് വലിയ നോമ്പിന്റെ കാലഘട്ടം. മാമ്മോദീസായിൽ ഈശോയുടെ ശരീരത്തിന്റെ ഭാഗമായി തീർന്ന നമ്മൾ അവിടുത്തെ മരണ ഉത്ഥാന രഹസ്യങ്ങളിൽ പങ്കാളികളായി മാറിക്കൊണ്ട് തന്നോട് പൂർണ്ണ കൂട്ടായ്മ പ്രാപിക്കുവാനും ആത്മപരിവർത്തനം നടത്തുവാനും ഈശോ ഈ കാലഘട്ടത്തിൽ നമ്മെ ഒരുക്കുകയാണ്.

മരുഭൂമിയിൽ ഈശോ നേരിട്ട പ്രലോഭനങ്ങളെ ധ്യാനിച്ചുകൊണ്ടാണ് (ലൂക്കാ 4/1-13) ആത്മവിശുദ്ധീകരണത്തിന്റെ നാളു

കളിലേക്ക് നാം പ്രവേശിക്കുന്നത്. ഈശോ നേരിട്ട പ്രലോഭനങ്ങൾ മനുഷ്യൻ നേരിടുന്ന സർവ്വപ്രലോഭനങ്ങളെയും പ്രതിനിധീകരിക്കുന്നവയാണ്. ഉപവാസത്തിലും പ്രാർത്ഥനയിലും സംഭരിക്കുന്ന ആത്മീയ ശക്തികൊണ്ട് ഏതൊരു പ്രലോഭനത്തെയും കീഴടക്കാനാവുമെന്ന ആത്മവിശ്വാസം ഈശോ നമുക്ക് നല്കുന്നുണ്ട്. പ്രലോഭനങ്ങളെ ചെറുത്തുതോല്പിക്കുന്നതിനുപകരം അവയ്ക്ക് പെട്ടെന്ന് അടിയറവു പറയുന്ന ദുരവസ്ഥയിൽനിന്നും ആത്മീയ സമരത്തിലൂടെ അവയെ കീഴടക്കുവാനുള്ള കരുത്ത് നാം ആർജ്ജിക്കണം. ഒരു പ്രലോഭനത്തെ നമ്മൾ കീഴടക്കുമ്പോൾ ഒരു സ്വർഗ്ഗീയ കിരീടമാണ് ദൈവം നമുക്ക് നല്കുന്നതെന്ന ഫിലിപ്പ്നേരി പുണ്യവാന്റെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം. ഉപവാസവും പ്രായ്ശ്ചിത്തവും നോമ്പുകാല ആദ്ധ്യാത്മികതയുടെ ഭാഗമാകയാൽ വലിയ നോമ്പിന്റെ ദിനങ്ങളിൽ ഉപവാസത്തിനും പ്രായ്ശ്ചിത്ത പ്രവൃത്തികൾക്കും നാം പ്രാധാന്യം കൊടുക്കണം. 'നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്, പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിശുദ്ധവുമായത് എന്തെന്നും വിവേചിച്ചറിയുവാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും' (റോമാ 12/2) എന്ന ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം. ഉപവാസവും പ്രാർത്ഥനയും ദൈവഹിതം തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. വിഭൂതിയിലും ദുഃഖവെള്ളിയിലും ഉപവസിക്കാൻ നമുക്ക് കടമയുണ്ട്. എന്നാൽ നോമ്പ് കാലത്ത് വെള്ളിയാഴ്ചകളിൽ ഉപവസിച്ചും കുരിശിന്റെ വഴിയുടെ പ്രാർത്ഥനകളിൽ അനുതാപപൂർവ്വം പങ്കെടുത്തും പ്രലോഭനങ്ങളെ തോല്പിക്കുവാനുള്ള കരുത്ത് ആർജ്ജിക്കുന്ന പാരമ്പര്യമാണ് നമ്മുടെ സഭയ്ക്കുള്ളത്.

മനുഷ്യാ നീ മണ്ണാകുന്നു എന്ന ഈരടികൾ ആലപിച്ചാണ് വിഭൂതി തിരുനാളിൽ കുരിശുവരച്ചു നാം നോമ്പിന്റെ പുണ്യദിനങ്ങളിലേക്ക് പ്രവേശിക്കുന്നത്. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ധ്യാനം ജീവിത നവീകരണത്തിനുള്ള ഏറ്റവും നല്ല വഴിയാണ്. ദൈവത്തെ കേന്ദ്രമാക്കിയുള്ള ജീവിതത്തിനേ അർത്ഥമുള്ളു എന്ന നിത്യസത്യം യാഥാർത്ഥ്യമാണെങ്കിലും ആത്മീയതയെ തള്ളിപറയാനുള്ള പ്രലോഭനങ്ങൾ ഇന്നു ശക്തിപ്പെടുന്നുണ്ട്. മഹാനായ ബെനഡിക്ട് മാർപാപ്പായുടെ **പ്രത്യാശയിൽ രക്ഷ** എന്ന ചാക്രിക ലേഖനത്തിൽ ദൈവത്തെ കൂടാതെയുള്ള ജീവിതത്തിന്റെ നിരർത്ഥകതയെക്കുറിച്ച് പരാമർശി

ക്കുന്നുണ്ട്. "മനുഷ്യന് ദൈവത്തെ ആവശ്യമുണ്ട്, അല്ലെങ്കിൽ അവൻ പ്രത്യാശയില്ലാത്തവനായി തീരും. ദൈവത്തെകൂടാതെ നേടുന്ന രാജ്യം അവന്റെ മാത്രം രാജ്യമായിരിക്കും. അത് എല്ലാറ്റിന്റെയും 'തല തിരിഞ്ഞ' അന്ത്യത്തിൽ നിർബന്ധപൂർവ്വം ചെന്നവസാനിക്കും." (പ്രത്യാശയിൽ രക്ഷ 23). "ദൈവമില്ലാത്ത അവസ്ഥ ശൂന്യതയിൽനിന്നും ശൂന്യതയിലേയ്ക്കുള്ള പതനമാണെന്നകാര്യം നാം മറക്കരുത്" (പ്രത്യാശയിൽ രക്ഷ 2). ആത്മീയ ജീവിതമാണ് ഈ ലോകത്തിലെ നമ്മുടെ ഹ്രസ്വമായ ജീവിതത്തെ മനോഹരവും അർത്ഥപൂർണ്ണവുമാക്കി മാറ്റുന്നത് എന്ന സത്യം നാം ഓർമ്മിക്കണം. നോമ്പുകാലം അതുകൊണ്ടാണ് ആത്മീയ ജീവിതത്തിന്റെ വസന്തകാലമെന്ന് പറയുന്നത്. വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്ന വചനം പ്രസക്തമാണ്: ആത്മീയത എല്ലാ വിധത്തിലും വിലയുള്ളതാണ്. എന്തുകൊണ്ടെന്നാൽ അത് ഈ ജിവിതത്തെയും വരാനിരിക്കുന്ന ജീവിതത്തെയും സംബന്ധിച്ചുള്ള വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നു (1 തിമോത്തി 4/8).

ജീവിതനവീകരണവും പുതുജീവിതവും ലക്ഷ്യമാക്കി നോമ്പിന്റെ ദിനങ്ങൾ നമുക്ക് ക്രമീകരിക്കാം. "നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നും രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ, യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ" (എഫേ 4/22-24) എന്ന ആഹ്വാനം നോമ്പുകാലത്ത് സവിശേഷമാംവിധം സഭ ദൈവജനത്തിന് നല്കുന്നുണ്ട്. നമ്മുടെ സ്വഭാവരീതികളിലും പെരുമാറ്റ ശൈലികളിലുമൊക്കെ മാറ്റങ്ങൾ വരുത്തുവാൻ നാം പരിശ്രമിക്കേണ്ട കാലമാണിത്. എല്ലാം പുതുതായി തുടങ്ങുവാൻ ദൈവം അവസരം നല്കുന്നു എന്നതാണ് ദൈവിക കരുണയുടെ സവിശേഷത. നമ്മുടെ വ്യക്തിത്വത്തെ ആത്മീയ മനുഷ്യന്റെ പ്രത്യേകതകൾ കൊണ്ട് രൂപാന്തരപ്പെടുത്തുവാൻ നോമ്പുകാലം നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്. പുതിയ മനുഷ്യനെ അണിയേണ്ട സമയമാണിത്. ചില പാപങ്ങളും ദുശീലങ്ങളും നമ്മുടെ സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും ഭാഗമായി ഇതിനോടകം മാറിയിട്ടുണ്ടാകാം. നമ്മുടെ വ്യക്തിത്വം തന്നെ ഒരു ദുഃശീലത്തിന്റെ ആൾരൂപമായി മാറുന്ന ദുരവസ്ഥപോലും ചിലപ്പോൾ സംഭവിക്കാം. മദ്യപാനം.

ജഡികാസക്തി, ദ്രവ്യാഗ്രഹം, മാത്സര്യബുദ്ധി, അഹങ്കാരം ഇവയൊക്കെയും ഇതിനു ദൃഷ്ടാന്തങ്ങളാണ്. ഈ നോമ്പുകാലം പാപത്തിന്റെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റാനുള്ള സമയമാണ്. നോമ്പിന്റെ ദിനങ്ങളിൽ നമ്മുടെ ദുഃശ്ശീലങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള പരിശ്രമം ബോധപൂർവ്വം നമ്മൾ നടത്തണം. അന്ധനായ ബർത്തിമേയൂസ് ഈശോയുടെ വിളികേട്ട അവന്റെ പുറങ്കുപ്പായം ദൂരെയെറിഞ്ഞാണ് (മർക്കോ 10/50) ഈശോയുടെ അടുത്ത് എത്തിയത്. നമ്മുടെ ജഡികതയുടെയും സ്വാർത്ഥതയുടെയും കപടതകളുടെയും പുറങ്കുപ്പായം ഊരിയെറിയാനുള്ള കാലമാണ് നോമ്പിന്റെ ദിനങ്ങൾ.

മാനസാന്തരത്തിന്റെ മാർഗ്ഗങ്ങളിൽ താല്പര്യപൂർവ്വം പാദങ്ങൾ ഊന്നുന്ന നാളുകളാകട്ടെ നോമ്പുദിനങ്ങൾ. വി. കുർബ്ബാനയിൽ നിന്നാണ് എന്റെ ആത്മാവിന്റെ ശക്തി ഞാൻ സംഭരിക്കുന്നത് എന്ന വി. ഫൗസ്റ്റീനായുടെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം. നോമ്പിലെ മുഴുവൻ ദിവസങ്ങളിലും കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രഭാതത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുന്നത് നോമ്പുകാലത്ത് ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കാനുള്ള ഏറ്റവും നല്ല വഴിയാണ്. നമ്മുടെ മുമ്പിൽ പറുദീസായുടെ വാതിലുകൾ തുറക്കുന്ന കരുണയുടെ കൂടാരമായ വി. കുമ്പസാരത്തെ താല്പര്യപൂർവ്വം നാം സമീപിക്കേണ്ട കാലം കൂടിയാണ് നോമ്പ്. വീടുകളിലെ സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് പങ്ക് ചേരുന്നതും മത്സ്യ-മാംസാഹാരങ്ങൾ ഒഴിവാക്കുന്നതുമെല്ലാം മാനസാന്തരത്തിന്റെ വഴിയിലുള്ള നമ്മുടെ യാത്രയെ കൂടുതൽ സജീവമാക്കും. നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പു ദിനങ്ങളിലേക്കുള്ള 50 ദിവസത്തെ ആത്മീയയാത്ര ഏറ്റവും അനുഗ്രഹീതമാക്കുവാൻ നിങ്ങളുടെ സവിശേഷമായ പരിശ്രമം ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടുന്ന സുന്ദരമായ അനുഭവമായി മാറട്ടെ ഈ വർഷത്തെ ഉയിർപ്പു തിരുനാൾ.

ദൈവത്തോടും അയൽക്കാരോടും അനുരഞ്ജനപ്പെട്ട ഹൃദയം നോമ്പുകാലത്ത് നാം സ്വന്തമാക്കണം. സ്നേഹം വിദ്വേഷം പുലർത്തുന്നില്ല (1കോറി 13/8) എന്ന വചനത്തിന്റെ വെളിച്ചത്തിൽ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും സകല അരൂപികളെയും ബോധപൂർവ്വം ഒഴിവാക്കേണ്ട കാലമാണിതെന്ന് സ്നേഹത്തോടെ നമുക്ക് ഓർമ്മിക്കാം. നമ്മുടെ ബന്ധങ്ങളുടെ മേഖല ആത്മശോധനയ്ക്കു വിധേയമാക്കണം. കുടുംബത്തിലുള്ളവരോടും അയൽക്കാരോടുമുള്ള നമ്മുടെ

നിലപാടുകൾ സ്നേഹത്തിന്റേതല്ലെങ്കിൽ അവ പുനഃക്രമീകരിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ നമുക്ക് തടസ്സമായി നില്ക്കുന്നത് സ്നേഹരാഹിത്യമാണെന്ന സത്യം നാം മനസ്സിലാക്കണം. നമ്മുടെ നഷ്ടപ്പെട്ട ബന്ധങ്ങളെ വീണ്ടെടുക്കാനും നമ്മുടെ ജീവിതത്തിൽ നിന്നും ഒരാളെയും മാറ്റിനിർത്താതിരിക്കാനും ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം. എന്തു ത്യാഗം സഹിച്ചും നമ്മിൽനിന്നും അകന്നുപോയവരെ ചേർത്തുപിടിക്കുവാൻ നമുക്ക് കഴിയണം. "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ, ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും" (മത്താ 5/45) എന്ന തിരുവചനം നമുക്ക് മാർഗ്ഗദീപമാകട്ടെ. നഷ്ടപ്പെട്ട ബന്ധങ്ങളെ വീണ്ടെടുക്കുവാനും വ്യക്തിജീവിതത്തെ ആത്മീയമായ അച്ചടക്കത്തിലേക്കു കൊണ്ടുവരാനും കഴിയുന്ന സുന്ദരദിനങ്ങളാകട്ടെ ഈ വർഷത്തെ വലിയ നോമ്പിന്റെ ദിനങ്ങൾ.

നിങ്ങളെ ഏവരേയും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹത്തോടെ.

നിങ്ങളുടെ വത്സലപിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ജനുവരി 20, വി. സെബസ്ത്യാനോസിന്റെ തിരുനാളിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3832 /K-5/KCBC/OL/DS 25.01.2023

## 2023 ഫെബ്രുവരി 12 തിരുബാലസഖ്യദിനം

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 12-ാം തീയതിയാണ്. കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാ സഭയിൽ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാല സഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2/51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക. ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും

പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസജീവിതത്തിലെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. കുടുംബത്തിൽ എപ്പോഴും താത്വികമായ വിശ്വാസപ്രബോധനമല്ല നടക്കുന്നത്. മറിച്ച് അവിടെ പങ്കുചേരുന്ന, ജീവിക്കുന്ന വിശ്വാസമാണുള്ളത്. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചുകൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മക ചിത്രം ഉണ്ടാകുന്നതിന് അനു പേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നതുപോലെ 'യേശുവിനോ, കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെകുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാൻ ആണ് (14).

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി.വിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സാങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ

ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെ തന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്ന വരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങ ളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ട തുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവുമൊക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെ ടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മക വുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്ക ന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വര വാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും

നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലന വും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷ ണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യ ത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാല ഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തി ത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധി ക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽപോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിത മാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നിപറയുന്നതു പോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചാസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കി

യെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ്  മാർ തോമസ് തറയിൽ**
ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികാർപ്പോസ്ഫദതബ**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ ആബിർ അന്റോണിസാമി**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം കൊച്ചി- 682 025

---

NB: 2023 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Prot. No. 0029/2023

# സിനഡ് അനന്തര സർക്കുലർ

*സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കും ശേഷം ജനുവരി 9 മുതൽ 14 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധജീവിതംകൊണ്ടും തിരുസഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായ ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർസഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ബെനഡിക്ട് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോമലബാർ സഭയുടെ

മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

**ഏകീകൃത കുർബാനയും എറണാകുളം അങ്കമാലി അതിരൂപതയും**

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലനപ്രശ്നങ്ങളെ സിനഡു വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരുമനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡു സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാനപ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർ മുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർസഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ, തികച്ചും അസാധരണമായ നടപടിയെന്ന നിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25നും ഫ്രാൻസിസ് മാർപാപ്പ രണ്ടു കത്തുകളിലൂടെ നേരിട്ടു ആവർത്തിച്ചു ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർസഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനാക്രമവിഷയങ്ങളിൽ അന്തിമതീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡും ശ്ലൈഹിക സിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാനമെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹിക സിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വി. കുർബാനയർപ്പിക്കുന്നതു നിയമവിരുദ്ധമാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽപറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ.

എറണാകുളം അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലായതിനാൽ സിനഡിനു നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശപ്രകാരം എറണാകുളം അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗസമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി സമിതി പല തവണ ചർച്ചകൾ നടത്തി. അതിരൂപതാ

കൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നടന്നു. കൂടാതെ അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളം അങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയും വഴി ഈ അനുരഞ്ജന പ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്നരീതിയിൽ ഏകീകൃത ബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാകുളം അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യപൂർവം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ചകൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ചകളിലെങ്കിലും ഏകീകൃത രൂപത്തിലുള്ള കുർബാനയർപ്പിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡുപിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാനദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർച്ചുബിഷപ്പിന്റെ കാർമികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താമെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽവിവരിച്ച തത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാപിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ ചർച്ചകൾ തുടരുവാൻ ഏതാനും അല്മായപ്രമുഖരോടും ഞങ്ങൾ സഹായം തേടിയിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയൈക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരിക പ്രബോധനങ്ങളും തീരുമാനങ്ങളും പൊതുനന്മയും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ചർച്ചകളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടന ങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദി കരോടും സന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ ആഹ്വാനം ചെയ്യുന്നു. മാർപാപ്പയുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനി സ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധ പിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരു മാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടുവന്ന എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികരുടെയും അല്മായസഹോദര ങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീല നമാണ് 2000-ാം ആണ്ടുമുതൽ കേരളത്തിലെ വൈദികവിദ്യാർത്ഥിക ൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതി റ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരു ന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ ഏകീകൃത കുർബാനയർപ്പണരീതി തിക ച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭ യിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണ രീതികളാണ് 1999 വരെ നിലനിന്നിരുന്നത്: പൂർണമായി അൾത്താരാ ഭിമുഖവും പൂർണമായി ജനാഭിമുഖവും. പ്രസ്തുത രീതികളെ സഭ യുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണ് നിലവിലുള്ള ഏകീകൃത കുർബാനയർപ്പണരീതി സിനഡ് അംഗീകരിച്ചത്. അതി നാൽ, ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീ കൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 27ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക് അഡ്മിനി സ്ട്രേറ്ററെ തടഞ്ഞതും എറണാകുളം അങ്കമാലി അതിരൂപതാകേന്ദ്ര ത്തിൽ നടന്ന പ്രതിഷേധപ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർ വഹണത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻ ഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23,24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധ

പ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയും നോക്കികണ്ടത്. വിശുദ്ധ കുർബ്ബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ടു റോമിലെ ബന്ധപ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവർത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശബ്ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ചുബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നു നിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാദ്ധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യ സ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥികൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കുമ്പോൾ പൗരോഹിത്യം ദൈവജനത്തിന് കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം എല്ലാ വൈദികരും തിരിച്ചറിയണം.

അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേണ്ടത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

**പുതിയ യാമപ്രാർത്ഥനകൾ**

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ

തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

**ബഫർസോൺ**

ബഫർ സോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11 ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർ സിനഡു വിലയിരുത്തി. മുഴുവൻ ജനവാസകേന്ദ്രങ്ങളെയും കൃഷി ഭൂമിയെയും തോട്ടങ്ങളെയും ബഫർസോൺ പരിധിയിൽനിന്നു ഒഴിവാക്കാനുള്ള സത്വരനടപടികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കണ്ണൂർ ജില്ലയിലെ ആറളം മുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർ വരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ജീവിക്കുന്നജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സങ്കേതങ്ങൾക്കുപുറമേ അട്ടപ്പാടിയിൽ പുതുതായി വനംവകുപ്പ് ശുപാർശചെയ്തിരിക്കുന്ന ഭവാനി വന്യജീവി സങ്കേതം അട്ടപ്പാടിയെ കൂടുതൽ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷകരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി.

കൃഷിസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡ് സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ഭവാനി വന്യജീവിസങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം. കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടെന്നും, വന്യജീവി സങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റുതിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും വന്യജീവിസങ്കേതങ്ങളുടെ ബഫർ സോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർത്ഥിക്കാൻ സർക്കാരിനു

കഴിയണം. നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട് കേന്ദ്ര വന്യജീവി ബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവെർഡ് കമ്മിറ്റി (CEC)യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതിക പിഴവുകൾകൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസമേഖലകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുത പ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

**സംവരണേതര വിഭാഗങ്ങൾക്കുള്ള സംവരണം**

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്രസംസ്ഥാന നിയമങ്ങൾ തമ്മിൽ നിലവിലുള്ള വൈരുധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

**മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ**

സീറോമലബാർസഭയ്ക്കു ഓസ്ട്രേലിയായിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്ക് പുതിയ ഇടയനായി സി.എം.ഐ. സന്യാസസഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പ നിയമിച്ചു. നിയുക്ത മെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദനങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭംമുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ്പ് എന്നനിലയിലും മെൽബൺ രൂപതാദ്ധ്യക്ഷൻ എന്നനിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കുമുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ സർക്കുലർ 2023 ജനുവരി 22-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## ഫെബ്രുവരി 2023

**1. ബഹു. വൈദികരുടെ സ്ഥലം മാറ്റവും നിയമനവും (04.02.2023)**

1. ഫാ. ചാക്യാരത്ത് മാത്യു - വികാരി, കീഴ്പ്പള്ളി
2. ഫാ. റാത്തപ്പള്ളി ജോസഫ് - വികാരി, ഹൊസങ്കടി
3. ഫാ. തേനമ്മാക്കൽ ജോസഫ് - വികാരി, രണ്ടാംകടവ്
4. ഫാ. അരീക്കാട്ട് പയസ് - പ്രോ. വികാരി നെല്ലിയടുക്കം (താല്ക്കാലികം)
5. ഫാ. ചെരിയംകുന്നേൽ ജോസഫ് - പ്രോ. വികാരി, ഏറ്റുപാറ
6. ഫാ. പൂവൻപുഴ തോമസ് - പ്രോ. വികാരി, താബോർ
7. ഫാ. ചക്കാംകുന്നേൽ അഗസ്റ്റിൻ - അഡ്മിനിസ്ട്രേറ്റർ, മദർ ഹോം
8. ഫാ. പൂവന്നിക്കുന്നേൽ ജോസ് - പൊന്ന്യം (താല്ക്കാലികം)
9. ഫാ. മാടശ്ശേരി ലൂക്കോസ് - എക്സി. ഡയറക്ടർ, ബയോമൗണ്ടൻ
10. ഫാ. വയലുങ്കൽ ജോസഫ് - Internship in audio engineering ബോംബേ

**അസിസ്റ്റന്റ് വികാരിമാർ**

1 ഫാ. ഐക്കര ജോസഫ് MCBS - പടുപ്പ്
2 ഫാ. അറയ്ക്കൽ അഗസ്റ്റിൻ - എടൂർ
3 ഫാ. കള്ളിക്കാട്ട് ആന്റണി CST - പൈസക്കരി
4 ഫാ. കായംകാട്ടിൽ ജോർജ് - മേരിഗിരി
5 ഫാ. കൊന്നയിൽ തോമസ് - തളിപ്പറമ്പ്
6 ഫാ. കുടിലിൽ മാത്യു - കുടിയാന്മല

| | | | |
|---|---|---|---|
| 7 | ഫാ. മടപ്പാംതോട്ടുകുന്നേൽ ജോസഫ് | - | വെളിമാനം |
| 8 | ഫാ. മരശ്ശേരി തോമസ് | - | ചെമ്പേരി |
| 9 | ഫാ. മരക്കശ്ശേരി സെബാസ്റ്റ്യൻ RCJ | - | പേരട്ട |
| 10 | ഫാ. മുണ്ടൻകുന്നേൽ ജോർജ് | - | പേരാവൂർ |
| 11 | ഫാ. ഒടിയത്തിങ്കൽ ലോറൻസ് SCJ | - | വെള്ളരിക്കുണ്ട് |
| 12 | ഫാ. പാലിയത്തിൽ മാത്യു OFM | - | ചന്ദനക്കാംപാറ |
| 13 | ഫാ. പാനേങ്ങാടൻ റെൻസൺ ISch | - | കണിച്ചാർ |
| 14 | ഫാ. പള്ളിക്കൽ തോമസ് | - | പുലിക്കുരുമ്പ |
| 15 | ഫാ. പാണാക്കുഴിയിൽ തോമസ് | - | കൊളക്കാട് |
| 16 | ഫാ. പരിയാനിക്കൽ മാത്യു | - | ഉദയഗിരി |
| 17 | ഫാ. പൂകമല തോമസ് | - | മണ്ഡളം |
| 18 | ഫാ. പൂവനാട്ട് ആന്റണി O.prem | - | കാസർഗോഡ് |
| 19 | ഫാ. പുതുമന ജോസഫ് | - | ആലക്കോട് |
| 20 | ഫാ. പുത്തൻപുരയ്ക്കൽ ജോൺ MCBS | - | പേരാവൂർ |
| 21 | ഫാ. വെങ്കിട്ടയിൽ ജോൺ OCD | - | പാണത്തൂർ |
| 22 | ഫാ. തകിടിയേൽ ജോസഫ് | - | തിരുമേനി |
| 23 | ഫാ. മണ്ണൂർ അൻവിൻ CMI | - | കോഴിച്ചാൽ |
| 24 | ഫാ. വട്ടംകാട്ടേൽ തോമസ് | - | നെല്ലിക്കാംപൊയിൽ |

**2. നന്ദി, സ്വാഗതം**

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ സഹവികാരിമാരായി ശുശ്രൂഷ ചെയ്തതിനുശേഷം സ്വന്തം സന്യാസസമൂഹങ്ങളിലേക്ക് തിരികെ പോകുന്ന ഫാ. ചിലമ്പിക്കുന്നേൽ ജോസഫ് MCBS, കൈതയ്ക്കൽ ജോസഫ് MCBS, ഫാ. വട്ടപ്പാറ ദേവസ്യ Ofm Cap., ഫാ. ഐലാറ്റിൽ ചാക്കോ Ofm Cap., എന്നിവർക്ക് അതിരൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

നമ്മുടെ അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന ഫാ. ശൗര്യാംതടത്തിൽ സെബാസ്റ്റ്യൻ Ofm Cap., ഫാ. നെടുമറ്റത്തിൽ തോമസ്, ഫാ. സ്രാമ്പിക്കൽ മെൽവിൻ Ofm Cap., ഫാ. ഐക്കര ജോസഫ് MCBS, ഫാ. കള്ളിക്കാട്ട് ആന്റണി CST, ഫാ. മരക്കശ്ശേരി സെബാസ്റ്റ്യൻ RCJ, ഫാ. ഒടിയത്തിങ്കൽ ലോറൻസ് SCJ, ഫാ. പാലിയത്തിൽ മാത്യു Ofm, ഫാ. പാനേങ്ങാടൻ റെൻസൺ Isch, ഫാ. പൂവനാട്ട് ആന്റണി O. prem, ഫാ. പുത്തൻപുരയ്ക്കൽ ജോൺ MCBS, ഫാ. വെങ്കിട്ടയിൽ ജോൺ OCD, ഫാ. മണ്ണൂർ അൻവിൻ CMI എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**3. പാസ്റ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപതാ അജപാലനസമിതിയുടെ ഒരു യോഗം 2023 ഫെബ്രുവരി 11 ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്കുശേഷം 3.30 വരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ചേരുന്നതാണ്. അജപാലനസമിതിയിലെ മുഴുവൻ അംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**4. നോമ്പുകാലം**

ഈ വർഷത്തെ അമ്പത് നോമ്പ് ഫെബ്രുവരി 20-ാം തീയതിയാണ് ആരംഭിക്കുന്നത്. നോമ്പുകാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു. മറ്റ് ചടങ്ങുകളും നോമ്പിന്റെ ലാളിത്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**5. ലോകരോഗീദിനം ഫെബ്രുവരി 11**

ലോകരോഗീദിനമായി ആചരിക്കുന്ന ഫെബ്രുവരി 11-ാം തീയതി എല്ലാ ഇടവകകളിലും രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന, കിടപ്പുരോഗികളെ സന്ദർശിക്കുക തുടങ്ങിയ ശുശ്രൂഷകളിലൂടെ അനുസ്മരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**6. തിരുബാലസഖ്യ ദിനം ഫെബ്രുവരി 12**

ഈ വർഷം ഫെബ്രുവരി 12-ാം തീയതിയാണ് തിരുബാലസഖ്യ ദിനമായി ആചരിക്കുന്നത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പടന്നക്കാട് ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ ബലിയർപ്പിച്ച് തിരുബാലസഖ്യദിനം ഉദ്ഘാടനം ചെയ്യും. ഇടവകകളിൽ ഉചിതമായ പരിപാടികളോടെ തിരുബാലസഖ്യദിനമായി ആചരിക്കുമല്ലോ. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**7. പുതിയ ഫോൺ നമ്പറുകൾ**

| | | | |
|---|---|---|---|
| 1. | ഫാ. അറയ്ക്കൽ അഗസ്റ്റിൻ | - | 9447308589 |
| 2. | ഫാ. കായംകാട്ടിൽ ജോർജ് | - | 9539931419 |
| 3. | ഫാ. കൊന്നയിൽ തോമസ് | - | 9072021204 |
| 4. | ഫാ. പാണാക്കുഴിയിൽ തോമസ് | - | 9497510940 |
| 5. | ഫാ. പള്ളിക്കൽ തോമസ് | - | 9447397993 |
| 6. | ഫാ. പൂകമല തോമസ് | - | 9847342898 |
| 7. | ഫാ. തകിടിയേൽ ജോസഫ് | - | 8086492833 |

**8. തലശ്ശേരി അതിരൂപതാ വൈദിക സമ്മേളനം**

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം

2023 ഫെബ്രുവരി 28 ചൊവ്വാഴ്ച രാവിലെ 10.00 മണി മുതൽ വൈകിട്ട് 3.30 വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് ചേരുന്നു. തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരും അതി രൂപതയിൽ വികാരിമാരും അസി. വികാരിമാരുമായി സേവനം ചെയ്യുന്ന സന്യാസവൈദികരും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.


**9. അഭിനന്ദനങ്ങൾ**

ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടിയുള്ള പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമം കണ്ണൂർ ജില്ലാ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹു. ജോസഫ് കാവനാടി അച്ചന് അഭിനന്ദനവും ആശംസകളും.

**10. ആദരാഞ്ജലികൾ**

**1. ശ്രീ. ഷാജി കുറ്റിക്കാട്ടുകുന്നേൽ:** ബഹു. ജേക്കബ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ സഹോദരൻ ശ്രീ. ഷാജി കുറ്റിക്കാട്ടുകുന്നേൽ 2022 ഡിസംബർ മാസം 29-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2022 ഡിസംബർ 30-ാം തീയതി അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ദൈവാലയ സിമിത്തേരിയിൽ വച്ചുനടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജേക്കബ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. റവ. ഫാ. തോമസ് ഫെലിക്സ് സി. എം. ഐ:** ബഹു. ആന്റണി



കുറിച്ച്യാപറമ്പിലച്ചന്റെ സഹോദരൻ റവ. ഫാ. തോമസ് ഫെലിക്സ് 2023 ജനുവരി 11 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ബഹു. തോമസച്ചൻ തിരുവനന്തപുരത്തുള്ള മെന്റൽ റീട്ടാർഡേഷൻ സെന്ററിൽ ശുശ്രൂഷ ചെയ്യുകയായിരുന്നു. ഭിന്നശേഷിക്കാരായ സഹോദരങ്ങൾക്കുവേണ്ടി നിസ്തുലമായ സേവനങ്ങൾ നടത്തിയ വ്യക്തിയായിരുന്നു ബഹു. തോമസച്ചൻ. 2023 ജനുവരി 15-ാം തീയതി തിരുവനന്തപുരത്തുള്ള മുറിഞ്ഞപാലത്ത് മൃതസംസ്ക്കാര ശുശ്രൂഷകൾ നടന്നു. സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന പ്രിയപ്പെട്ട ആന്റണി അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാകുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**3. ശ്രീ. ആന്റണി റ്റി. ജെ. തൈത്തോട്ടം:** ബഹു. മോൺ. തോമസ് തൈത്തോട്ടം അച്ചന്റെ പ്രിയ സഹോദരൻ ശ്രീ. ആന്റണി റ്റി.ജെ 2023 ജനുവരി 21-ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2023

ജനുവരി 24ന് ചങ്ങനാശ്ശേരി അതിരൂപതയിലെ ചമ്പക്കുളം ബസിലിക്കാ ദൈവാലയ സിമിത്തേരിയിൽ നടന്നു. സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന പ്രിയപ്പെട്ട തൈത്തോട്ടത്തിലച്ചന്റെ കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**11. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. സക്കറിയാസ് കട്ടക്കൽ - 05-02-2020
3. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
4. റവ. ഫാ. പോൾ കളപ്പുര - 11-02-1998
5. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
6. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
7. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
8. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
9. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
10. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
11. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998
12. റവ. ഫാ. തോമസ് നടയിൽ - 28-02-2020

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## Decretum Suspensionis

Presbyter Archieparchiae Tellicherriensis, Thomas Valliyil, est sub sunpensione. Propter hoc est non licet facere aliquis officia sacerdotale.Petitio eius pro dispensatione ab obligationibus ex sacro Ordine est sub processu.

Fr. Joseph Muttathukunnel
Cancellarius

+ Mar Joseph Pamplany
Archiepiscopus Tellicherriensis



## റവ. ഡോ. ഫാ. തോമസ് മണ്ണൂരാംപറമ്പിലിന് മോൺസിഞ്ഞോർ പദവി

തലശ്ശേരി അതിരൂപതാംഗവും പ്രമുഖ ആരാധനക്രമ ദൈവശാസ്ത്രജ്ഞനുമായ റവ. ഡോ. തോമസ് മണ്ണൂരാംപറമ്പിലിനെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചു. സീറോ മലബാർ സഭയുടെ നിലവിലുള്ള വിശുദ്ധ കുർബാന ക്രമത്തിന്റെ തക്സാ രൂപീകരിക്കുന്നതിൽ വലിയ സംഭാവനകൾ നൽകിയ അറിയപ്പെടുന്ന ആരാധനക്രമ പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമാണ് ഡോ. മണ്ണൂരാംപറമ്പിൽ. 1942 നവംബർ 11 നു പാലായിൽ മണ്ണൂരാംപറമ്പിൽ തോമസ് മേരി ദമ്പതികളുടെ മകനായിയാണ് അദ്ദേഹം ജനിച്ചത്. എസ്.എച്ച്. സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായിരുന്ന വാഴ്ത്തപ്പെട്ട കദളിക്കാട്ടിൽ മത്തായി അച്ചൻ അദ്ദേഹത്തിന്റെ മാതൃസഹോദരനാണ്. സ്കൂൾ പഠനത്തിനുശേഷം സെമിനാരി പരിശീലനത്തിനായി 1960 ൽ പാലായിലുള്ള ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നെങ്കിലും അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം തലശ്ശേരി യിൽ ചേർന്ന് വൈദിക പരിശീലനം തുടർന്നു. വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾ പൂർത്തി യാക്കി 1968 ഡിസംബർ പതിനെട്ടാം തീയതി പുരോഹിതനായി അഭിഷിക്തനായി. കുളത്തുവയൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും നീർവനം, ചുണ്ടപ്പറമ്പ്, വെമ്പുവ, പുളിങ്ങോം എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തതിനുശേഷം 1974 ൽ റോമിലെ പ്രശസ്തമായ സാൻ അൻസലേം യൂണിവേഴ്സിറ്റിയിൽ നിന്ന് ആരാധന ക്രമത്തിൽ സീറോ മലബാർ സഭയുടെ അനാഫോറ യെകുറിച്ചുള്ള പഠനത്തിൽ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കി. ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ, ഫ്രഞ്ച്, ലാറ്റിൻ, സുറിയാനി, സ്പാനിഷ് എന്നീ ഭാഷകളിൽ അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യം ഉണ്ട്. 1981 ൽ പഠനം പൂർത്തിയാക്കി റോമിൽനിന്നും നാട്ടിലെത്തിയ അദ്ദേഹം സുറിയാനി ഭാഷയിലുള്ള പട്ടക്രമം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. തുടർന്ന് തലശ്ശേരി മൈനർ സെമിനാരിയിൽ അധ്യാപക നായി. 1983 ആരാധനക്രമവും തത്വശാസ്ത്രവും പഠിപ്പിക്കുവാനായി വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ അധ്യാപകനായി നിയമിതനായി. ദീർഘകാലം സെമിനാരി

പ്രൊഫസർ ആയി കേരള സഭയിലെ ആയിരക്കണക്കിന് വൈദിക വിദ്യാർഥികൾക്ക് അദ്ദേഹം പരിശീലനം നൽകി.

നൂറോളം പുസ്തകങ്ങളും 700 ഓളം ലേഖനങ്ങളും രചിച്ചിട്ടുള്ള ബഹു. മണ്ണൂരാംപറമ്പിൽ അച്ചൻ ഈസ്റ്റ് സിറിയൻ ലിറ്റർജിയിൽ ലോകം ആദരിക്കുന്ന പണ്ഡിതനാണ്. സഭയുടെ വിവിധ കമ്മീഷനുകളിൽ അംഗമായിരുന്ന അദ്ദേഹം സീറോ മലബാർ ലിറ്റർജി കമ്മിറ്റിയിൽ ദീർഘകാലം സേവനം ചെയ്തു. കത്തോലിക്കാ സഭയിൽ അദ്ദേഹം നൽകിയ നിസ്തുലമായ സംഭാവനകളെ മാനിച്ചുകൊണ്ട് അദ്ദേഹത്തെ മോൺസിഞ്ഞോർ പദവി നൽകി ആദരിക്കണമെന്ന തലശ്ശേരി അതിരൂപതാ അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അഭ്യർത്ഥന മാനിച്ചാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഡോ. തോമസ് മണ്ണൂരാംപറമ്പിലിനെ മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചത്. തലശ്ശേരി അതിരൂപതയുടെ എറണാകുളം കാക്കനാടുള്ള ഡോക്ടർ തോമസ് മണ്ണൂരാംപറമ്പിൽ ഈസ്റ്റ് സിറിയക് ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെയും ആൽഫ സെന്ററിന്റെയും ഡയറക്ടറായി ഇപ്പോൾ ബഹു. തോമസ് അച്ചൻ സേവനം ചെയ്യുകയാണ്. ഡോ. മണ്ണൂരാംപറമ്പിലിനെ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ കല്പന 2023 ഫെബ്രുവരി 11 ന് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ചേരുന്ന തലശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വായിക്കുകയും അദ്ദേഹത്തിന്റെ സ്ഥാനികചിഹ്നങ്ങൾ തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി അണിയിക്കുകയും ചെയ്യും.

ബഹു. തോമസ് അച്ചൻ നമ്മുടെ അതിരൂപതക്ക് ദൈവം നല്കിയ ഒരു സമ്മാനമാണ്. സീറോ മലബാർ സഭക്ക് നമ്മുടെ അതിരൂപതാംഗമായ തോമസ് അച്ചൻ നൽകിയ സംഭാവനകൾ എല്ലാ കാലത്തിലും അനുസ്മരിക്കപ്പെടും. പ്രിയപ്പെട്ട തോമസ് മണ്ണൂരാംപറമ്പിൽ അച്ചന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ നല്കിയ അംഗീകാരത്തിന് അതിരൂപതാ കുടുംബം മുഴുവൻ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. ഡിപ്ലോമ പരീക്ഷ - നന്ദി

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ നടത്തി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും ക്ലാസ്സ് അധ്യാപകർക്കും അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

## 2. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 3. വാർഷികപരീക്ഷ I - XI - ഏപ്രിൽ 15 ശനി

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 8 മണി മുതൽ 10 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 4. വിശ്വാസോത്സവം - ഏപ്രിൽ 10 മുതൽ 13 വരെ

വിശ്വാസോത്സവം ഏപ്രിൽ 10 മുതൽ 13 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില ഓരോ ക്ലാസ്സിനും 25 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ ജീവന്റെ അപ്പം എന്ന പുസ്തകത്തിന് 60 രൂപയായിരിക്കും.

a. **വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)**

ഫെബ്രുവരി 18 ശനിയാഴ്ച അതിരൂപതാതല പഠനശിബിരം നടത്തുന്നതാണ്. ▸ ഓരോ ഫൊറോനയിൽ നിന്നും 5 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠനശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ 4 വിശ്വാസപരിശീലകർ). ▸ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയക്കണം. ▸ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

b. **വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 11 ശനിയാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▸ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 5 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗ് നല്കുന്നത്. ▸ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▸ മാർച്ച് 11 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രാം.

**5. സ്കോളർഷിപ്പ് പരീക്ഷ**

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടിയ മൂന്ന് ഉത്തര പേപ്പറുകൾ ഏപ്രിൽ 24 തിങ്കളാഴ്ചക്കുള്ളിൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

**6. അവധിക്കാല വേദപാഠം ഏപ്രിൽ 17-21**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 17ന് രാവിലെ 9.30 മുതൽ 21-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശ ഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 2-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**7. ആസ്പെക്ട് 2022-2023 - ഓൺലൈൻ പരീക്ഷ**

2022-2023 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം"** എന്ന പുസ്തകമാണ്. പതിമൂന്ന് മുതൽ പതിനാറ് വരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ ഫെബ്രുവരി 12 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

**നിർദ്ദേശങ്ങൾ**

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത് b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. c. പുസ്തകത്തിന്റെ 174 മുതൽ 208 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക. d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ. e.പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും. f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡമാസ്റ്ററിന് നൽകേണ്ടതാണ്. g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

**8. ആസ്പെക്ട് 2022-2023 - എഴുത്തുപരീക്ഷ മാർച്ച് 5 ഞായർ**

- ഒന്നു മുതൽ 3 വരെയും 5 മുതൽ 7 വരെയും 13 മുതൽ 16 വരെയുമുള്ള അദ്ധ്യായങ്ങളാണ് പരീക്ഷയ്ക്ക് പഠിക്കേണ്ടത്.
- 100 ചോദ്യങ്ങൾ ഉൾപ്പെടുന്ന ചോദ്യാവലി (one word) വിശ്വാസപരിശീലകർക്ക് എഴുത്തു പരീക്ഷയ്ക്ക് മുൻപായി നല്കുന്നതാണ്. ഇതിൽ നിന്നും 40 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ നേരത്തെ നല്കുന്നതല്ല (one word).
- ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കാത്തവർക്ക് ചോദ്യാവലിയിൽ നിന്നും 60 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. 15 മാർക്കിനുള്ള ചോദ്യങ്ങൾ (one word) നേരത്തെ നല്കുന്നതല്ല.

**9. ASPCT പരീക്ഷ - നന്ദി**

"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം" എന്ന പുസ്തകത്തിന്റെ ആദ്യത്തെ അഞ്ച്, ആറ്, ഏഴ് അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ജനുവരി 22 ഞായറാഴ്ച രാത്രി 9 മണിക്ക് പരീക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

**10. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

ജനുവരി 20, 21, 22, 23, 24 തീയതികളിൽ പ്രധാനാധ്യാപകരുടെ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം

ചെയ്തു. പരീക്ഷ നടത്തിപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

### 11. "എൻലൈറ്റ് 2023"

7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▶ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▶ ഫെബ്രുവരി 26, മാർച്ച് 05, മാർച്ച് 12, മാർച്ച് 19, മാർച്ച് 26 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▶ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതാണ്. ▶ സെമിനാർ നയിക്കേണ്ട 3 അംഗടീമിനെ വിശ്വാസപരിശീലനകേന്ദ്രം നല്കുന്നതാണ്. ▶ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

### 12. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഫെബ്രുവരി 12 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 13. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 14. അതിരൂപതാ മതബോധന കമ്മിറ്റി

2022-23 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ 2023 ഫെബ്രുവരി 7-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോനാ പ്രസിഡന്റ്-സെക്രട്ടറിമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് മതബോധനകമ്മിറ്റിയിൽ സംബന്ധിക്കേണ്ടത്.

### 15. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേ സ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 18 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 16. വിസിറ്റ് - നന്ദി

ജനുവരി മാസത്തിൽ 20 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

## 17. സീറോമലബാർ പ്രതിഭാസംഗമം 2022-23 - അഭിനന്ദനങ്ങൾ

സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ഡിസംബർ 28, 29, 30 തീയതികളിൽ നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ അതിരൂപതയിൽ നിന്നും ഐബൽ ചൂരക്കുന്നേൽ പരപ്പ, ജോസഫ് (ക്ലിൻസ്) പനച്ചകത്തിൽ കിളിയന്തറ, മരിയ (ജാസ്മിൻ) മനയ്ക്കലാത്ത് കച്ചേരിക്കടവ്, ഡയാന പടിഞ്ഞാറെ ആനിശ്ശേരി പുലിക്കുരുമ്പ എന്നിവർ പങ്കെടുത്തു. സംസ്ഥാന പ്രതിഭയായി തെരെഞ്ഞെടുക്കപ്പെട്ട പരപ്പ ഇടവകാംഗമായ ഐബൽ ചൂരക്കുന്നേലിന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുമോദനങ്ങൾ.

## 18. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 19. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 20. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം

പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**21. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**22. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക**

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. വിശ്വാസോത്സവ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

**23. ഡയറക്ടറച്ചന്മാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ ഹൊസ്സങ്കടി, മുള്ളേരിയ, പരിയാരം, കോഴിച്ചാൽ, മണിക്കടവ്, വെളിമാനം എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ഏറ്റുപാറ സൺഡേസ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് & ബൈബിൾ അപ്പൊസ്തോലേറ്റ്

### ബിരുദദാന ചടങ്ങ് നടത്തി

2023 ജനു. 21 ന്, 2022 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കിയ ബി.റ്റി.എച്ച്, എം.റ്റി.എച്ച്, പി.എച്ച്.ഡി പഠിതാക്കളുടെ ബിരുദദാനച്ചടങ്ങ് തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജോബി കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി. മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട് എന്നിവർ റാങ്ക് ജേതാക്കൾക്കുള്ള ട്രോഫികളും ലോഗോസ് ക്വിസ് സമ്മാനങ്ങളും നൽകി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. ഫിലിപ്പ് കവിയിൽ കോൺവൊക്കേഷൻ പ്രഭാഷണം നടത്തി. റവ, ഫാ. വിപിൻ വടക്കെപ്പറമ്പിൽ ആശംസകളർപ്പിച്ചു. ഡോ. ജിസി മരിയ സത്യപ്രതിജ്ഞാ ചടങ്ങിന് നേതൃത്വം നൽകി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടോം ഓലിക്കരോട്ട് സ്വാഗതവും സി. തേരേസ് ജോൺ നന്ദിയും പറഞ്ഞു.

### ലോഗോസ് ബൈബിൾ ക്വിസ് ജേതാക്കളെ ആദരിച്ചു

2023 ജനു 21 ന് നടത്തിയ ബിരുദദാനചടങ്ങിൽ വച്ച് 2022 വർഷത്തെ ലോഗോസ് ക്വിസ് ജേതാക്കളെ ആദരിച്ചു. ലോഗോസ് സ്പെഷ്യൽ ക്വിസ് വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനം നേടിയ നിമ്മി ഏലിയാസിനെ വിജയത്തിലെത്തിച്ച, ആദം മിനിസ്ട്രി ഡയറക്ടർ ബഹു. പ്രിയേഷ് കളരിമുറിയിലച്ചനെയും അനുമോദിച്ചു.

### ലോഗോസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും

2022 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ ഫെബ്രുവരി ആദ്യ

ആഴ്ചയിൽ തന്നെ എത്തിക്കുന്നതാണ്. ഓരോ ഇടവകയും നടത്തിയ രജിസ്ട്രേഷന് ആനുപാതികമായിട്ടാണ് സമ്മാനങ്ങൾ ലഭിക്കുക. അവയുടെ ലഭ്യതയനുസരിച്ച് ഓരോ ഗ്രൂപ്പിലും കൂടുതൽ മാർക്കു ലഭിച്ചവർക്ക് അവ വിതരണം ചെയ്യുമല്ലോ. സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇടവകകളിലെത്തിച്ച് അർഹതയുള്ളവർക്കു നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

## പാഠപുസ്തക വിതരണം

ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ഫെബ്രുവരി ആദ്യ ആഴ്ചയിൽത്തന്നെ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും എത്തിക്കുന്നതാണ്. പ്രധാനാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം എത്തിച്ചു നൽകുമല്ലോ.

## സഭാനവീകരണധ്യാനം

2023 ഫെബ്രുവരി 23 മുതൽ 26 വരെ തോമാപുരം ഫൊറോനയിൽ 14 സെന്ററുകളിലായി സഭാനവീകരണവർഷ ധ്യാനം നടത്തുന്നതാണ്. അതിനു മുന്നൊരുക്കമായി എല്ലാ ഇടവകകളിലും ഹോം മിഷനും ധ്യാനവിളംബരവും നടത്തും.

## ബൈബിൾ സന്ധ്യ

കേരളസഭാനവീകരണ വർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രദർശനം ഇവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826.**

## ഫെബ്രുവരി മാസത്തിലെ ദൈവശാസ്ത്രക്ലാസ്സുകളുടെ സമയക്രമീകരണം

### BTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| കാനൻ നിയമം | 5.02.2023 |
| സഭാവിജ്ഞാനീയം | 18.02.2023 |
| ആരാധനാക്രമ ദൈവശാസ്ത്രം | 25.02.2023 |

## BTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| സഭാവിജ്ഞാനീയം | 19.02.2023 |
| ആരാധനാക്രമ ദൈവശാസ്ത്രം | 26.02.2023 |

## MTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| ലാറ്റിൻ ഭാഷാപഠനം | 10.02.2023 |
| ആദ്ധ്യാത്മിക ദൈവശാസ്ത്രം | 17.02.2023 |
| സാർവ്വത്രിക ലേഖനങ്ങൾ | 22.02.2023 |

## MTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| സാർവ്വത്രിക ലേഖനങ്ങൾ | 07.02.2023 |
| ലാറ്റിൻ ഭാഷാപഠനം | 10.02.2023 |

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നമ്മുടെ കർത്താവീശോമിശിഹായുടെ സമർപ്പണതിരുനാളിന്റെ ചൈതന്യത്തിൽ ആരംഭംകുറിക്കുന്ന ഈ ഫെബ്രുവരി മാസം പുതിയൊരു ആത്മീയ ഉണർവ്വിലേക്ക് നമ്മെ നയിക്കുന്നു. ഈശോയുടെ കൂടെ ആയിരിക്കേണ്ട ഈശോയുടെ അരികിലിരിക്കേണ്ട നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നമ്മുടെ കണ്ണും കാതും തുറന്ന് സർവ്വോപരി ഹൃദയം തുറന്ന് നമ്മുടെ തന്നെ ജീവിതത്തിലേക്ക് എത്തിനോക്കാനുള്ള ഒരവസരമായി നമുക്ക് ഈ നോമ്പുകാലത്തെകാണാം. ദൈവപിതാവിന്റെ സ്നേഹം നമ്മിൽ നിറയുവാനും, ക്രിസ്തുനാഥന്റെ മുഖം നമ്മിൽ പ്രകാശിക്കുവാനും, പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ പ്രകടമാകുവാനും ഈ നോമ്പുകാലത്തിൽ കൊച്ചു കൊച്ചു ത്യാഗങ്ങളിലൂടെ നമുക്ക് പരിശ്രമിക്കാം...

അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണിമരിയ
അനുസ്മരിക്കുന്ന വിശുദ്ധ : വി. ബ്രിജീറ്റ്
പ്രാർത്ഥനാനിയോഗം : എല്ലാ പ്രവർത്തക അംഗങ്ങൾക്കു വേണ്ടിയും
സുകൃതം : 75 കരുണയുടെ ജപമാല
സുകൃതജപം : യുവാവായ ഈശോയെ യുവാക്കളിൽ നിറയണമേ
വിശുദ്ധയെ അറിയാൻ സ്നേഹിക്കാൻ : നവമാലിക 8-ാം അദ്ധ്യായം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

11 ശനി : ലൂർദ്ദ് മാതാവിന്റെ തിരുനാൾ
12 ഞായർ : തിരുബാലസഖ്യദിനം
25 ശനി : വാ. റാണിമരിയയുടെ തിരുനാൾ
20 തിങ്കൾ : വലിയനോമ്പ് ആരംഭം (വിഭൂതി തിരുനാൾ)

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, പരീക്ഷ ഒരുക്കധ്യാനം, ജീവകാരുണ്യ കൂപ്പൺ, എം.റ്റി.സി. മേഖലാതല സെമിനാറുകൾ, തിരുബാലസഖ്യദിനം, വലിയ നോമ്പ് ആരംഭം.

### 3. മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2022 – 2023 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ഈ മാസം മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ് കൂടുന്നതാണ്. മീറ്റിംഗിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 4. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

### 5. എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ സാഹചര്യം അനുസരിച്ച് സാധിക്കുന്നിടത്തോളം ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 4 ആൺകുട്ടികളുടെയും 2 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 10-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

### 6. ബഹു. വൈസ്ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- 2022 – 2023 വർഷത്തെയും; അതിന് മുമ്പുള്ള വർഷത്തെയും അംഗത്വ ഫീസ്, വാർഷിക വിഹിതം, മറ്റ് കുടിശ്ശികകൾ തരാനുള്ളവർ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- സാധിക്കുന്നവിധത്തിൽ പഞ്ചാബ് മിഷന് ഉണ്ണീശോകട്ടിൽ വാങ്ങാൻ സഹായിക്കുമല്ലോ.

### 7. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2023 –24 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ – സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും

അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

## 8. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

ചെറുപുഷ്പ മിഷൻലീഗിന്റെ 2023 –25 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തി ലിസ്റ്റ് എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തീയതി നേരത്തെ തന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 9. ജീവകാരുണ്യകൂപ്പൺ

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്നുന്ന ജീവകാരുണ്യ കൂപ്പൺ മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിക്കാണുമല്ലോ. കൂപ്പണിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

- 10 ലീഫുകളായിരിക്കും ഒരു കുറ്റിയിൽ ഉണ്ടായിരിക്കുക. ഒരു ലീഫിന്റെ വില 20 രൂപ.
- 10 ലീഫുകളും വിൽക്കുന്ന കുട്ടിക്ക് മാത്രമേ കമ്മീഷൻ ഉണ്ടായിരിക്കുകയുള്ളൂ.
- ബംബർ സമ്മാനങ്ങളോടൊപ്പം നാനൂറിൽ പരം സമ്മാനങ്ങൾ ഉണ്ടായിരിക്കും.
- ഒരു ലീഫിന് 4 രൂപ കുട്ടിക്കും 4 രൂപ ശാഖയ്ക്കും 4 രൂപ മേഖലയ്ക്കും എടുക്കാവുന്നതാണ്.
- ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുന്ന ബുക്കുകളുടെ (ഓരോ ബുക്കിനും 200 രൂപ വീതം) മുഴുവൻ തുകയും അതിരൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.
- പൂർണ്ണമായി തീർക്കുന്ന ഓരോ 100 ബുക്കുകൾക്കും ഒരു പ്രോത്സാഹന സമ്മാനം വീതം ശാഖകൾക്ക് നൽകുന്നതാണ്.
- എല്ലാ സമ്മാനങ്ങളും നറുക്കിട്ടായിരിക്കും തീരുമാനിക്കുന്നത്.
- ഓരോ ലീഫിലും കൃത്യമായി അഡ്രസും ഫോൺ നമ്പറും എഴുതാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുമല്ലോ.
- ഒരു കൂപ്പണിന് 8 രൂപ വീതമാണ് അതിരൂപതയിൽ നൽകേണ്ടത്.
- ഏറ്റവും കൂടതൽ കുറ്റികൾ വിൽക്കുന്ന കുട്ടിക്കുള്ള പ്രോത്സാഹനസമ്മാനം മേഖല തിരിച്ച് അതിരൂപതയിൽ നിന്ന് നൽകുന്നതായിരിക്കും.

ഓരോ ശാഖയിലും ഏറ്റവും കൂടുതൽ കുറ്റി വിൽക്കുന്ന കുട്ടിയുടെ പേര് വൈസ്ഡയറക്ടേഴ്സ് അതിരൂപതയിൽ അറിയിക്കേണ്ടതാണ്.

- ഏപ്രിൽ 7 ന് തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.
- നറുക്കെടുപ്പ് ഏപ്രിൽ 15-ാം തീയതി നടത്തുന്നതായിരിക്കും.

## 10. ഹൃദ്യമായ സ്വാഗതം

നെല്ലിക്കാംപൊയിൽ മേഖലാ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. എയ്ഷൽ ആനക്കല്ലിൽ അച്ചനും, വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ആൽഫിൻ ചെറുശ്ശേരി അച്ചനും അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 11. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

## 12. മേഖലാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം സന്ദർശിക്കാത്ത എല്ലാ മേഖലകളും സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് മേഖലയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## 13. പുതിയ മേഖലകൾ

കാഞ്ഞങ്ങാട് മേഖല വിഭജിച്ച് കാസർഗോഡ് മേഖലയായും, വെള്ളരിക്കുണ്ട് മേഖല വിഭജിച്ച് മാലോം മേഖലയായും, നെല്ലിക്കാംപൊയിൽ മേഖല വിഭജിച്ച് മണിക്കടവ് മേഖലയായും പ്രഖ്യാപിച്ചു. പുതിയ മേഖലകളിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ ആശംസകളും... പ്രാർത്ഥനകളും...

## 14. റീജനൽ സെമിനാർ

പെനുവേൽ: മിഷൻലീഗ് കുട്ടികളിൽ ആത്മീയ ഉണർവും അടിയുറച്ച വിശ്വാസവും പ്രേഷിതതീക്ഷ്ണതയും വളർത്തുക എന്ന ലക്ഷ്യത്തോടെ 5-ാം ക്ലാസുമുതൽ 9-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കായി പെനുവേൽ എന്ന പേരിൽ റീജനൽ തലത്തിൽ സെമിനാർ നടത്തപ്പെടുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ.

### നിർദ്ദേശങ്ങൾ

1. 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളാണ് പങ്കെടുക്കേണ്ടത്.
2. ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് ചെമ്പേരി റീജനുമാത്രമായിരിക്കും.

3. ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് ആലക്കോട് റീജനും 2.30ന് കാഞ്ഞങ്ങാട് റീജനുമായിരിക്കും നടത്തപ്പെടുക.
4. ഒരു ശാഖയിൽനിന്നും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടേ 5 പേരാണ് പങ്കെടുക്കേണ്ടത്.
5. ഇരിട്ടി റീജനിൽ സെമിനാർ നടക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.
6. സെമിനാർ നടത്തപ്പെടുന്ന സ്ഥലവും കൂടുതൽ വിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 15. പരീക്ഷ ഒരുക്കധ്യാനം

പരീക്ഷയ്ക്കു ഒരുങ്ങുന്ന അതിരൂപതയിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം ക്രമീകരിക്കപ്പെടുന്നു. തീയതി, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 16. പ്രേഷിതവാരം

പ്രേഷിതവാരത്തോടനുബന്ധിച്ച് ജനുവരി 6-ാം തീയതി മുതൽ 12-ാം തീയതി വരെ വിവിധ പരിപാടികളോടെ പ്രേഷിതവാര പ്രവർത്തനങ്ങൾ നടത്താൻ ശാഖകളിലും മേഖലകളിലും നേതൃത്വം നൽകിയ എല്ലാ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, ശാഖാ മേഖലാ ഭാരവാഹികൾക്കും മതാധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും നന്ദി.

## 17. അതിരൂപതാ സംയുക്ത എക്സിക്യൂട്ടീവ്

2023 ജനുവരി 7-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ നടന്ന സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ വച്ച് 2023-2025 വർഷത്തേക്കുള്ള പുതിയ അതിരൂപതാ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പുതിയ എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ എപ്രകാരമായിരിക്കണം എന്നതിനെക്കുറിച്ച് എല്ലാവരുടെയും അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കർമ്മപദ്ധതികൾ അവതരിപ്പിച്ചു.

## 18. ശാഖാ സന്ദർശനങ്ങൾ

**08.01.2023 ഞായർ :** തോമാപുരം മേഖലയിലെ 12 ശാഖകൾ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അതിരുമാവ് - സജി കുന്നത്ത്, ആയന്നൂർ & കമ്പല്ലൂർ - സുനിൽ കല്ലിടുക്കിൽ, ചാവറഗിരി & പാലാവയൽ - സി.റോഷ്നി എഫ് സി സി, ചട്ടമല - ഷിജോ സ്രായിൽ, കടുമേനി - സി. ക്ലെറിൻ എസ്.എ.ബി.എസ്, കാവുന്തല - ടോമി അഴകത്ത്, കുന്നുംകൈ - ബിജു കൊച്ചുപൂവക്കോട്ട്, കുളിനീർ & തോമാപുരം - ഷേർളി പാമ്പനാൽ,

**15.01.2023 ഞായർ :** കാഞ്ഞങ്ങാട് മേഖലയിലെ 5 ശാഖകൾ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ചീമേനി - സജി കുന്നത്ത്, ചായ്യോത്ത് - ബിജു കൊച്ചുപൂവക്കോട്ട്, എണ്ണപ്പാറ - സണ്ണി പടിഞ്ഞാറെ

ചിറ്റേടത്ത്, നീലേശ്വരം - സി. അലീന എസ്.എ.ബി.എസ്., നെല്ലിയടുക്കം - ടോമി അഴകത്ത്.

**19. ഹൃദയം നിറഞ്ഞ നന്ദി**

കാസർഗോഡ് മേഖലാ ഡയറക്ടറായി സ്തുത്യർഹമായ സേവനത്തിനുശേഷം ബയോമൗണ്ടൻ ഫാർമേഴ്സ് കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി ഉത്തരവാദിത്വം ഏറ്റെടുത്ത് സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട ലൂക്കോസ് മാടശ്ശേരി അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ കർമ്മവീഥികളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും.

**20. മിഷൻ പച്ചക്കറിത്തോട്ടസന്ദർശനം**

മിഷൻ പച്ചക്കറിത്തോട്ടമത്സരത്തിന്റെ 1-ാം ഘട്ടം സന്ദർശനത്തിനുശേഷം അതിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട തളിപ്പറമ്പ്, പൊയ്നാച്ചി, മേരിപുരം, മണ്ഡപം, കടുമേനി, പാടിച്ചാൽ, മേരിഗിരി, കോടോപ്പള്ളി, ജയഗിരി, ചേപ്പറമ്പ്, ആനറ എന്നീ ശാഖകളിൽ 2-ാം ഘട്ടം പച്ചക്കറിത്തോട്ട സന്ദർശനം അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തി.

**21. ഗ്ലോറിയ നൈറ്റ്**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ച് ആലക്കോട്, വായാട്ടുപറമ്പ് മേഖലകളുടെ സഹകരണത്തോടെ അതിരൂപതയുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി.

**22. നവവൈദികരെ ആദരിച്ചു**

ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഈ വർഷം വൈദിക പട്ടം സ്വീകരിച്ച നവവൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകി.

**23. ക്രിസ്കാർഡ് മത്സരവിജയികൾ**

| | | |
|---|---|---|
| I^st^ | മരീന കട്ടക്കയം | - പാലാവയൽ |
| II^nd^ | ഹന്ന കുഴിയംപ്ലാവിൽ | - നെല്ലിക്കാംപൊയിൽ |
| III^rd^ | ലൂക്കോസ് ഓരത്തേൽ | - പുലിക്കുരുമ്പ |

**24. ആൽബം നിർമ്മാണ വിജയികൾ**

Ist കരുവഞ്ചാൽ ശാഖ
IInd പയ്യാവൂർ ശാഖ
IIIrd എടൂർ ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

കണ്ണൂർ, നെല്ലിക്കുറ്റി, മുണ്ടാനൂർ, കണിച്ചാർ, കരയത്തുംചാൽ, ഉമ്മർപൊയിൽ, കുട്ടാപറമ്പ, പെർള, ചുള്ളി.

**25. ക്ലിക്ക് ഷോട്ട് (ഷോർട്ട് ഫിലീം) വിജയികൾ**

Ist കരിക്കോട്ടക്കരി ശാഖ

IIⁿᵈ കാസർഗോഡ് ശാഖ
IIIʳᵈ കരുവഞ്ചാർ ശാഖ

**പ്രോത്സാഹനസമ്മാനങ്ങൾ:**

എടൂർ, ഉദയപുരം, അട്ടക്കണ്ടം, നെല്ലിക്കാംപൊയിൽ

**26. പ്രബന്ധരചന മത്സരവിജയികൾ**

Iˢᵗ ജിസ്ന പ്രയാറ്റിൽ - കനകപ്പള്ളി
IIⁿᵈ ലിയ തുളിശ്ശേരിൽ - നെല്ലിക്കുറ്റി
IIIʳᵈ മരിയ തെക്കേൽ - അട്ടക്കണ്ടം

**27. പൂമ്പാറ്റ (ആംഗ്യപ്പാട്ട്) വിജയികൾ**

Iˢᵗ പേരാവൂർ ശാഖ
IIⁿᵈ വെള്ളരിക്കുണ്ട് ശാഖ
IIIʳᵈ തോമാപുരം ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

എടൂർ, കിളിയന്തറ, അട്ടക്കണ്ടം, കരുവഞ്ചാൽ, കണിച്ചാർ, മണ്ഡപം, മണിക്കടവ്

**28. സെമിനാറുകൾ, ക്ലാസ്സുകൾ**

- 28.12.2022 ന് നെല്ലിക്കാംപൊയിൽ മേഖലയിൽ എം.റ്റി.സി.കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 08.01.2023 ന് ഏറ്റുപാറ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

**29. ആദരാജ്ഞലികൾ**

വായാട്ടുപറമ്പ് മേഖലാ വൈസ് ഡയറക്ടർ സി. പൗളിൻ എസ്.എച്ച്. ന്റെ മരണംമൂലം വേർപിരിഞ്ഞ് പോയ വത്സല പിതാവ് ജോസഫിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. വിശ്വാസ ജീവിതത്തിലേയ്ക്ക് പിച്ചവെക്കുന്ന പ്രായത്തിൽ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളർന്ന് സദ്ഗുണസമ്പന്നരായി ജീവിക്കുവാൻ കുഞ്ഞുങ്ങളെ നമുക്ക് പ്രാപ്തരാക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യ ദിനത്തിന്റെ ആശംസകൾ...

അനുസ്മരിക്കുന്ന തിരുനാൾ : വാ. റാണി മരിയ
അനുസ്മരിക്കുന്ന വിശുദ്ധ : ലൂർദ്ദ് മാതാവ്
പ്രാർത്ഥനാനിയോഗം : ലോകം മുഴുവനുമുള്ള എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുക.
സുകൃതജപം : ഉണ്ണീശോയെ അങ്ങയെപ്പോലെ ജ്ഞാനത്തിൽ വളരാൻ എന്നെ അനുഗ്രഹിക്കണമേ
വചനം : ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജിവന്റെ പ്രകാശമുണ്ടായിരിക്കും (വി. യോഹ 8:12)
പ്രവൃത്തി : നിങ്ങളുടെ ഇടവകയിൽ നിന്നും ദൈവവിളിസ്വീകരിച്ച വൈദികർക്കും, സിസ്റ്റേഴ്സിനും വേണ്ടി പ്രാർത്ഥിക്കുക.
മനഃപാഠമാക്കുക : 5 സുകൃത ജപം കാണാതെ പഠിക്കുക
എയ്ഞ്ചൽസ് വോയ്സ് : ഏറ്റവും കൂടുതൽ ബൈബിൾ വചനം കാണാതെ പഠിച്ച് പറയുന്ന കുട്ടികൾക്ക് സമ്മാനം നൽകുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക)

**1. ശ്രദ്ധിക്കാൻ**

11 ശനി : ലൂർദ്ദ് മാതാവിന്റെ തിരുനാൾ
12 ഞായർ : തിരുബാലസഖ്യദിനം
25 ശനി : വാ. റാണി മരിയയുടെ തിരുനാൾ
20 തിങ്കൾ : വലിയനോമ്പ് ആരംഭം (വിഭൂതി തിരുനാൾ)

**2. തിരുബാലസഖ്യദിനം**

ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ ആഘോഷിക്കുമല്ലോ. തിരുബാലസഖ്യം സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാമുകൾ നടത്തുമല്ലോ. അതിരൂപതാതല തിരുബാലസഖ്യദിനം പടന്നക്കാട് ശാഖയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**3. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഫെബ്രുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**4. ഈശോയെപ്പോലെ സ്നേഹത്തിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ ദേവാലയത്തിലായിരിക്കാം, ഈശോയെപ്പോലെ പഠിക്കാം എന്ന എട്ടും, ഒൻപതും അധ്യായങ്ങൾ പഠിക്കാം. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ പ്രാർത്ഥനയിൽ ആയിരിക്കാം, ഈശോയെപ്പോലെ പഠിക്കാം.. അങ്ങനെ വിശുദ്ധിയിൽ വളരാം.

**5. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ദേവാലയത്തിലായിരിക്കാം, ഈശോയെപ്പോലെ പഠിക്കാം എന്ന എട്ടും, ഒൻപതും അധ്യായങ്ങൾ പേജ് 43 ലെയും പേജ് 47 ലെയും ചിത്രങ്ങൾ ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഫെബ്രുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ദേവാലയത്തിലായിരിക്കാം, ഈശോയെപ്പോലെ പഠിക്കാം എന്ന എട്ടും, ഒൻപതും അധ്യായങ്ങൾ പേജ് 44 ലും, പേജ് 47ലും കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഫെബ്രുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**7. ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണ ജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ**

തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റിന് എടൂർ ശാഖയിലെ ഡിയോൺ എടത്തിനാൽ, പൈസക്കരി ശാഖയിലെ ആൻതെരേസ് മേപ്രാട്ട് എന്നിവർ അർഹരായി.

**8. അതിരൂപതാ കലോത്സവ വിജയികൾ**

തിരുബാലസഖ്യം അതിരൂപതാ കലോത്സവം (എയ്ഞ്ചൽസ് ഫെസ്റ്റ്) 2023 ജനുവരി 14-ാം തീയതി ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടന്നു. രാവിലെ 9.45 ന് ചെമ്പേരി ഫൊറോന അസി. വികാരി ഫാ. തോമസ് വട്ടംകാട്ട് കലോത്സവം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ അധ്യക്ഷനായിരുന്ന കലോത്സവത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

അതിരൂപതാ കലോത്സവത്തിൽ വെള്ളരിക്കുണ്ട്, നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ് എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി കൂടാതെ ലഘുനാടക മത്സരത്തിൽ മികച്ച അഭിനേതാവായി പൈസക്കരി ശാഖയിലെ അഗസ്റ്റോൺ ടോം കളരിക്കൽ മികച്ച അഭിനേത്രിയായി വായാട്ടുപറമ്പ് ശാഖയിലെ ഡെൽന മാളിയേക്കൽ തെരഞ്ഞെടുത്തു. 16 ഫൊറോനകളിൽ നിന്നുമായി 510 കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാകുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ് ഡയറക്ടേഴ്സിനും പ്രത്യേകം നന്ദി.

കലോത്സവത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഏറ്റവും മനോഹരമായി ക്രമീകരിച്ച വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടച്ചനും കൊച്ചച്ചനും ചെറുപുഷ്പ മിഷൻലീഗ് ശാഖാ ഭാരവാഹികൾക്കും പ്രവർത്തകർക്കും സ്കൂൾ അധികാരികൾക്കും മറ്റെല്ലാ സംഘടനാ പ്രവർത്തകർക്കും ചെറുപുഷ്പ മിഷൻലീഗ് ചെമ്പേരി മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും തിരുബാലസഖ്യം സെൻട്രൽ ടീം അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**9. കരോൾഗാനമത്സര വിജയികൾ**

| | | |
|---|---|---|
| I[st] | എവ്‌ലിൻ മണിയംമാക്കൽ | - വെള്ളരിക്കുണ്ട് |
| II[nd] | ടെസ്സ വിലങ്ങുപാറ | - എടൂർ |
| III[rd] | അർനോൾഡ് മാളിയേക്കൽ | - ഓടംതോട് |
| III[rd] | അന്ന സെലിൻ കുമുള്ളിൽ | - കനകക്കുന്ന് |

**10. നിറംകൊടുക്കാമോ ജനുവരി മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | തെരേസ എടാട്ട് | - മാലോം |
| II | ഡാർവിൻ ജോസഫ് | - ചെട്ട്യാംപറമ്പ് |
| III | എയ്ഡൻ കൂട്ടിങ്കൽ | - കോഴിച്ചാൽ |

**11. നിങ്ങൾക്കറിയാമോ ജനുവരി മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | സാറാ തോമ്പുന്നയിൽ | - കരിക്കോട്ടക്കരി |
| II | റോസ്ബൽ റെജി | - മാലോം |
| III | ഐവിൻ ജോൺ ജോസഫ് | - ചെട്ട്യാംപറമ്പ് |

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഫെബ്രുവരി മാസം യുവജന സംഗമങ്ങൾ നടത്തേണ്ട മാസമാണ്. വൈകുന്നേരങ്ങളിൽ **T - TIME** നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഫൊറോന ടീമുകൾ നേതൃത്വം കൊടുക്കണം. ഈ മാസത്തിൽ എല്ലാ ഫൊറോനയിലും ഒരു പള്ളിയിൽ വച്ച് നൈറ്റ് വിജിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.

## ക്രിക്കറ്റ് മത്സരം ഫെബ്രുവരി

യുവജന കൂട്ടായ്മ വളർത്തുന്നതിനായി കെസിവൈഎം ആരംഭിച്ച മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ ക്രിക്കറ്റ് ടൂർണ്ണമെന്റ് നടത്തപ്പെടുന്നു. ഫെബ്രുവരി 19 ന് തോമാപുരം സ്റ്റേഡിയത്തിൽ വച്ചാണ് നടത്തുന്നത്. കെസിവൈഎം അംഗത്വ കാർഡുള്ള യുവജനങ്ങൾക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

## ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റ്

ഫൊറോനയിലെ കെസിവൈഎം ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും മീറ്റിംങ്ങ് ഫെബ്രുവരി 18 ന് ശനിയാഴ്ച തളിപ്പറമ്പിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ഡയറക്ടർമാരും ആനിമേറ്റർമാരും പങ്കെടുക്കുമല്ലോ.

## ബ്ലെസ്സിങ്ങ്

തലശ്ശേരി അതിരൂപത കെസിവൈഎം, മാതൃവേദി എന്നീ സംഘടനകൾ നേതൃത്വം കൊടുക്കുന്ന അവിവാഹിതർക്കായുള്ള ധ്യാനം ഫെബ്രുവരി 11, 12, 13 തീയതികളിൽ പരിയാരം ധ്യാന

സെന്ററിൽ വെച്ചു നടക്കുന്നു. എല്ലാ അവിവാഹിതരെയും ധ്യാനത്തിലേക്ക് പറഞ്ഞുവിടുമല്ലോ.

**ബന്ധപ്പെടാനുള്ള നമ്പർ : 9400062918, 9497439045.**

## ലഹരി വിരുദ്ധ സന്ദേശ യാത്ര

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരി വിരുദ്ധ സന്ദേശയാത്രയ്ക്ക് തലശ്ശേരിയിൽ സ്വീകരണം. നല്കി. ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ ഇടയാടിയിലിനെ ഷാൾ അണിയിച്ച് ആദരിച്ചു. ലഹരി വിരുദ്ധ ബോഡുകൾ പ്രസിദ്ധീകരിച്ചു. മോൺ. സിബി പാലാക്കുഴി, ബഹു. വൈദികർ, സംസ്ഥാന സമിതി, അതിരൂപത സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കേരള യൂത്ത് കോൺഫ്രൻസ് ലോഗോ പ്രകാശനം

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തൃശൂര് വച്ച് നടത്തപ്പെടുന്ന കേരള യൂത്ത് കോൺഫ്രൺസ് ലോഗോ പ്രകാശനം ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം നിർവ്വഹിച്ചു. ജനുവരി 20 മുതൽ 22 വരെ തൃശ്ശൂരിൽ നടത്തപ്പെടുന്ന കേരള യൂത്ത് കോൺഫ്രൻസിൽ നിരവധി യുവജനങ്ങൾ പങ്കെടുക്കും.

## മലബാർ യുവജന സംഗമം

താമരശ്ശേരിയിൽ വച്ച് നടന്ന മലബാർ യുവജന സംഗമത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും അമ്പതോളം യുവജനങ്ങൾ പങ്കെടുത്തു. യുവജന സംഗമത്തിൽ അതിരൂപതയിലെ നൃത്തകലാകാരൻമാർ അണിനിരന്ന സംഘനൃത്തം അരങ്ങേറി. തുടർന്ന് നടന്ന മഹാറാലിയിലും യുവജനങ്ങൾ അണിചേർന്നു.

## ലഹരി വിരുദ്ധ സമ്മേളനം കണ്ണൂർ

തലശ്ശേരി കണ്ണൂർ രൂപതകളുടെ സംയുക്ത ആഭിമുഖ്യത്തിൽ കണ്ണൂർ കാൾടെക്സ് ജംഗ്ഷനിൽ വച്ച് സമ്മേളനം നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രി. ഷിജോ ഇടയാടി ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ പ്രതിജ്ഞ രൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ചൊല്ലികൊടുത്തു.

## T - TIME (സായാഹ്ന യുവജന സംഗമം)

സായാഹ്ന യുവജന സംഗമം യൂണിറ്റുകളിൽ ക്രമീകരിക്കുന്നതിന്റെ മുന്നോടിയായി ഫൊറോന തലത്തിൽ **T - TIME** ന്റെ ഉദ്ഘാടനം പൈസക്കരി ഫൊറോനയിൽ ചന്ദനക്കാംപാറ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറയുടെ അദ്ധ്യക്ഷതയിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ സംഗമം ഉദ്ഘാടനം ചെയ്തു.

4.30 ന് ആരംഭിച്ച വി. കുർബാനയ്ക്ക് ശേഷം നടന്ന യുവജന സംഗമത്തിൽ സമകാലീന വിഷയത്തെ കുറിച്ചുള്ള ചർച്ച, കലാപരിപാടികൾ, മോട്ടിവേഷൻ ക്ലാസ്സ്, മ്യൂസിക് നൈറ്റ് എന്നിവ നടത്തപ്പെട്ടു. ചന്ദനക്കാംപാറ വികാരി റവ. ഫാ. ജോസഫ് ചാത്തനാട്ട്, ഫൊറോന പ്രസിഡന്റ് സിന്റോ, ഫൊറോന ഡയറക്ടർ ഫാ. ജയ്സൻ വാഴകാട്ട്, അതിരൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. സഹകരിച്ച എല്ലാവർക്കും പ്രിയപ്പെട്ട യുവജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## T - TIME – സായാഹ്ന യുവജന സംഗമ നിർദ്ദേശങ്ങൾ

1. ഫൊറോന സമിതിയുടെ നേതൃത്വത്തിൽ ഫൊറോനയിലെ ഒരു യൂണിറ്റിൽ വച്ച് ഫൊറോന തല ടീ ടൈം ഉദ്ഘാടനം നടത്തണം.
2. ഫൊറോന തല ടീ ടൈം ഉദ്ഘാടനത്തിന് ശേഷം എല്ലാ യൂണിറ്റിലും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഈ പ്രോഗ്രാം നടത്താൻ ശ്രദ്ധിക്കണം.
3. വി. കുർബാനയോടുകൂടി ആരംഭിക്കാം. വി. ബലിക്ക് ഗാനങ്ങളാലപിക്കുന്നതും, ശുശ്രൂഷികളും യുവജനങ്ങളായിരിക്കണം. കാഴ്ച സമർപ്പണം നടത്തുതും ഉചിതമാണ്.
4. മുൻകൂട്ടി ക്രമീകരണങ്ങൾ ആവശ്യമില്ല. വേണ്ടതായ ക്രമീകരണങ്ങൾ വി. കുർബാനക്ക്ശേഷം എല്ലാവരുംകൂടി ചെയ്യുന്നു. തോരണങ്ങൾ, ബലൂണുകൾ തുടങ്ങിയവ നേരത്തെ കരുതി വയ്ക്കുക.
5. വി. കുർബാനക്ക് ശേഷം യൂണിറ്റ് പ്രസിഡന്റ് ഫ്ളാഗ് ഉയർത്തി കൊണ്ട് ആരംഭിക്കണം. കെസിവൈഎം ആന്തം ആലപിക്കണം. മുദ്രാവാക്യങ്ങൾ വിളിച്ചു കൊടുക്കണം. എല്ലാ യൂണിറ്റിലും മിനിമം 5 ഫ്ളാഗ് വീതം ഉള്ളത് നല്ലതാണ്.
6. കെസിവൈഎം ഫ്ളാഗ് ഉപയോഗിക്കുക. യൂണിറ്റുകൾക്കാവശ്യമായ ഫ്ളാഗുകൾ കെസിവൈഎം ഓഫീസിലുണ്ട്. അതിന്റെ വില 100 രൂപയാണ്.
7. ഉദ്ഘാടന ചടങ്ങ് ലളിതമായിരിക്കണം. സ്വാഗതം, ഉദ്ഘാടനം തുടങ്ങിയവക്ക് ശേഷം പ്രോഗ്രാം നടത്തി നന്ദി പറഞ്ഞ് സമാപിപ്പിക്കുക.
8. 10 മിനിറ്റ് മോട്ടിവേഷൻ ടോക്ക് ഉൾപ്പെടുത്തണം. അൽമായരോ, വൈദീകരോ, മറ്റാളുകൾ ആരെ വേണമെങ്കിലും വിളിക്കാവുന്നതാണ്.
9. ഗ്രൂപ്പ് തിരിച്ച് ചർച്ചകൾക്കായി വിഷയം കൊടുക്കാം. എല്ലാവർക്കും അഭിപ്രായങ്ങൾ പറയാനുള്ള സമയം നൽകണം.
10. ഒരു മോഡറേറ്റർ ഉണ്ടാവണം.
11. ഒന്നോ, രണ്ടോ ഗെയിമുകൾ ഉൾപ്പെടുത്താം.
12. ഗ്രൂപ്പിൽ നടക്കുന്ന ചർച്ചകൾക്കിടയിൽ ചായ നൽകേണ്ടതാണ്. ചായ കുടിച്ചു കൊണ്ട് ചർച്ച നടത്തണം
13. യൂണിറ്റിൽ വിവിധ മേഖലകളിൽ ഉന്നതവിജയം നേടിയവരെ ആദരിക്കണം.

14. സായാഹ്ന യുവജന സംഗമത്തിന് മാറ്റ് കൂട്ടാൻ ഒരു മ്യൂസിക്ക് നൈറ്റ് സംഘടിപ്പിക്കാം.

## NIGHT OUT – ചട്ടേം മുണ്ടും

അതിരൂപതയിലെ എല്ലാ ഫൊറോനയിലെയും വൈസ് പ്രസിഡന്റു മാർക്കായി നൈറ്റ് ഔട്ട് (ന്യൂ ഇയർ ആഘോഷം) വുമൺസ് വിങ്ങിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ചെമ്പേരി ഫൊറോനയിലെ പൊൻമല യൂണി റ്റിൽ വച്ചാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്. ചെമ്പേരിയിലെ എസ്ഐ ജോസ് മാത്യു നൈറ്റ് ഔട്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. യുവതിക ളുടെ നേതൃത്വത്തിൽ ആശംസാ കാർഡുകൾ നിർമ്മിച്ച് പുതുവത്സരാശം സകൾ നേർന്നുകൊണ്ട് കുടിയാന്മല ടൗണിലെ കടകളിൽ ആശംസാ കാർഡുകൾ സമ്മാനിച്ചു. നൈറ്റ് ഔട്ടിന് എല്ലാ ക്രമീകരണങ്ങളും ഒരുക്കിയ ഇടവക വികാരി റവ. ഫാ. മനോജ് കൊച്ചുപുര, ഫൊറോന ഡയറക്ടർ ഫാ. വിപിൻ ആനചാരിയിൽ, ഫൊറോന അൽമായ ആനിമേറ്റർ ജോമോൻ കരിനാട്ട്, യൂണിറ്റ് ആനിമേറ്റർ സി. ഹെലൻ, അതിരൂപതാ, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ എല്ലാവർക്കും നന്ദി.

## പ്രതിഷേധിച്ചു

ഇന്ത്യയുടെ മതേതര സംസ്കാരത്തിന് വീണ്ടും വിള്ളലുകൾ വീഴ്ത്തി കൊണ്ട് വർഗ്ഗീയത ലക്ഷ്യം വച്ച് ഛത്തീസ്ഗഡിലെ നാരായൺപൂരിൽ കത്തോലിക്കാ ദേവാലയവും തിരുസ്വരൂപങ്ങളും അടിച്ചുതകർത്തതിനെ തിരെ കെസിവൈഎം ശക്തമായി പ്രതിഷേധിച്ചു. ക്രൈസ്തവ സമൂഹത്തി നെതിരെ തുടർന്നുകൊണ്ടിരിക്കുന്ന അക്രമ പ്രവർത്തനങ്ങൾ ഇന്ത്യയുടെ മതേതര സംസ്കാരത്തിന് കരിനിഴൽ വീഴ്ത്തുന്നതാണെന്ന് യുവജനങ്ങൾ അഭിപ്രായപ്പെട്ടു. പ്രതിഷേധങ്ങൾ അറിയിച്ചുകൊണ്ട് പ്രധാന മന്ത്രിക്കും, രാഷ്ട്രപതിക്കും അതിരൂപതാ പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ കത്തയച്ചു.

## Gloria 2k22 - Town carol

വായട്ടുപറമ്പിലെ കെസിവൈഎം അംഗങ്ങളും, മിഷൻലീഗും സംയു ക്തമായി ക്രിസ്തുമസ് സന്ദേശ യാത്രയും, ടൗൺ കരോളും കരുവഞ്ചാൽ ടൗണിൽ നടത്തി. 101 പാപ്പാമാരെ അണിനിരത്തി നടത്തിയ പ്രോഗ്രാം ഫൊ റോന വികാരി റവ. ഫാ. തോമസ്സ് തെങ്ങുംപള്ളിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാണി ആട്ടേൽ സന്ദേശം നൽകി.

## 25 Days of Hope

പനത്തടി ഫൊറോനയുടെ നേതൃത്വത്തിൽ ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസിനോടനുബന്ധിച്ച് ഓരോ ദിവസവും ഓരോ സന്ദേശം നൽകുന്ന രീതിയിൽ ഒരു പ്രോഗ്രാം നടത്തി.

## World Cup Prdiction Contest

ഫിഫ ലോക കപ്പിനോട് അനുബന്ധിച്ച് പനത്തടി ഫൊറോനയിലെ യുവജനങ്ങൾക്കായി ഒരു പ്രവചന മത്സരം നടത്തി.

### നൈറ്റ് വിജിൽ

പനത്തടി ഫൊറോനയിലെ പടുപ്പ് യൂണിറ്റിൽ വച്ച് യുവജനങ്ങൾക്കായി 25 നോമ്പിനൊരുക്കമായി ആരാധനയും കുമ്പസാരവും നടത്തി.

ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി കുട്ടാപറമ്പ് യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ സംഘടിപ്പിച്ചു. ആരാധന, ക്ലാസ്സ്, കുമ്പസാരം എന്നിവയിൽ ഫൊറോനയിലെ ധാരാളം യുവജനങ്ങൾ പങ്കെടുത്തു.

### യാത്രയയപ്പ് സമ്മേളനം

വെള്ളരിക്കുണ്ട് ഫൊറോനയുടെ വിഭജനത്തോടനുബന്ധിച്ച് നടന്ന മീറ്റിംങ്ങിൽ പുതിയ ഫൊറോനയുടെ ഭാഗമായ യൂണിറ്റുകളിലെ സമിതി അംഗങ്ങൾക്ക് യാത്രയയപ്പ് നൽകി.

### Vox - പരിശീലന ക്യാമ്പ്

കെസിവൈഎം ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ആലക്കോട് ഫൊറോന വികാരി റവ. ഫാ. മാണി ആട്ടേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എല്ലാ യൂണിറ്റിൽ നിന്നുമായി 100 ഓളം യുവജനങ്ങൾ പങ്കെടുത്തു.

### കെസിവൈഎം സ്ഥാപകദിനം ആചരിച്ചു

കെസിവൈഎം സ്ഥാപക ദിനത്തോടനുബന്ധിച്ച് കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ മുരിക്കുംകരി സ്നേഹഭവൻ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളോടൊപ്പം പ്രാർത്ഥിക്കുകയും സ്നേഹ വിരുന്നൊരുക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തുകൊണ്ട് കെസിവൈഎം പ്രസ്ഥാനത്തിന്റെ ജന്മദിനം ആഘോഷിച്ചു.

### പുതിയ ഡയറക്ടർമാർ

നെല്ലിക്കാംപൊയിൽ ഫൊറോനയുടെ പുതിയ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട എഡ്‌വിൻ കോയിപ്പുറം അച്ചനും മാലോം ഫൊറോനയിൽ മാലോം ഫൊറോനാ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട പീറ്റർ കൊച്ചുവീട്ടിൽ അച്ചനും അഭിനന്ദനങ്ങൾ.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

| MPC 2023 | |
|---|---|
| February 23 - 25 | (Thursday, Saturday) Thalassery |
| March 16 -18 | (Thursday, Saturday) Padannakkad |
| April 20 -22 | (Thursday, Saturday) Thalassery |
| May 25 - 27 | (Thursday, Saturday) Padannakkad |

### Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.

- എം.പി.സി കോഴ്സ് Online & Offline ആയി കൂടാൻ ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1250** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- മാർച്ച് മാസം മുതൽ കോഴ്സ് ഫീസ് 1600 രൂപയായിരിക്കും.

**2.**

| **Online MPC 2023**<br>March 27 - 29 | | | | |
|---|---|---|---|---|
| **Time Schedule** | | | | |
| | Ist Day | 10: 00 am | - | 05:00 pm |
| | IInd Day | 02:00 pm | - | 07:00 pm |
| | IIIrd Day | 02:00 pm | - | 07:00 pm |

## 3. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com     Contact No : 6235445544.

## II. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം –** ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – വൃദ്ധരോഗികളെ സന്ദർശിക്കുക.

3. **മാതൃവേദി പ്രവർത്തന പദ്ധതി – ഫെബ്രുവരി 2023**

2 – കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ
3 – ജ്വാല – പനത്തടി (10.00 am – 12.30 pm)
4 – ജ്വാല – കാഞ്ഞങ്ങാട് (10.00 am – 12.30 pm)
ജ്വാല – കാസർഗോഡ് (02.00 pm – 04.30 pm)
6 – ജ്വാല – കുന്നോത്ത് (10.00 am – 12.30 pm)
ജ്വാല – നെല്ലിക്കാംപൊയിൽ (02.00 pm – 04.30 pm)
7 – ജ്വാല – ആലക്കോട് (10.00 am – 12.30 pm)
ജ്വാല – വായാട്ടുപറമ്പ് (02.00 pm – 04.30 pm)
8 – ജ്വാല – പേരാവൂർ (10.00 am – 12.30 pm)
ജ്വാല – മണിക്കടവ് (02.00 pm – 04.30 pm)
11 – രോഗീദിനം, ലൂർദ്ദ് മാതാവ്
ജ്വാല – എടൂർ (10.00 am – 12.30 pm)
13 – ജ്വാല – പൈസക്കരി(10.00 am – 12.30 pm)
ജ്വാല – ചെമ്പേരി (02.00 pm – 04.30 pm)
14 – ജ്വാല – തളിപ്പറമ്പ് (02.00 pm – 04.30 pm)
18 – ജ്വാല – വെള്ളരിക്കുണ്ട് (10.00 am–12.30 pm)
ജ്വാല – തോമാപുരം (02.00 pm – 04.30 pm)

20 – നോമ്പാരംഭം, വിഭൂതി

23–25 – എം.പി.സി – തലശ്ശേരി

28 – ആത്മീയ സംഗമം (08.30 pm – 09.30 pm)

### 4. സ്പിരിചൽ ഗാതറിംഗ്

ഡിസംബർ 21–ാം തീയതി വൈകിട്ട് 8.30 മുതൽ 9.30 വരെ അമ്മ മാർക്കായി സ്പിരിചൽ ഗാതറിംഗ് നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഏവരെയും സ്വാഗതം ചെയ്ത പ്രാർത്ഥനാ ശുശ്രൂഷയിൽ റവ.സി ഉഷ എഫ്.സി.സി നേതൃത്വം നൽകി.

### 5. പ്രീസ്റ്റ് ഹോം വിസിറ്റ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മാതൃവേദി – പ്രോലൈഫ് ഭാരവാഹികളും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ടീമും ജനുവരി 12–ാം തീയ്യതി ശാന്തിഭവൻ പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

### 6. എക്സിക്യൂട്ടീവ് മീറ്റിംഗ്

ജനുവരി 12–ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. മാതൃവേദി അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ പഴയതും പുതിയതുമായ ഭാരവാഹികൾ പങ്കുകൊണ്ടു.

### 7. പുഞ്ചിരി പൂന്തോട്ടം

തലശ്ശേരി അതിരൂപത മാതൃവേദി സംഘടിപ്പിച്ച പുഞ്ചിരി പൂന്തോട്ട മത്സരത്തിൽ 10 പേർ പ്രോത്സാഹന സമ്മാനത്തിന് അർഹരായി.

**വിജയികൾ**

1) മേഴ്സി ഉപ്പൻമാക്കൽ – ഉദയഗിരി (ആലക്കോട് മേഖല)
2) റീന പള്ളിത്താനം – അൽഫോൻസഗിരി (വായാട്ടുപറമ്പ് മേഖല)
3) എൽസമ്മ പുറവിടക്കുന്നേൽ – കരുവഞ്ചാൽ (വായാട്ടുപറമ്പ് മേഖല)
4) മേരിക്കുട്ടി തോപ്പുകാലായിൽ – പനത്തടി (പനത്തടി മേഖല)
5) ജാൻസി ചോഴൻമാക്കൽ – നടുവിൽ (ചെമ്പന്തൊട്ടി മേഖല)
6) സാലി ഓതിരക്കുടിശുമാക്കൽ – ചുണ്ടപ്പറമ്പ് (പൈസക്കരി മേഖല)
7) അനിത ജോണി മലേക്കുടിയിൽ – നെല്ലിക്കുറ്റി (ചെമ്പേരി മേഖല)
8) അമ്പിളി മുണ്ടക്കൽ – നെല്ലിക്കുറ്റി (ചെമ്പേരി മേഖല)
9) റോസമ്മ വട്ടാംതൊട്ടിയിൽ – കിളിയന്തറ (കുന്നോത്ത് മേഖല)
10) ആഗ്നസ് പുളിക്കൽ – പൊന്മല (ചെമ്പേരി മേഖല)
11) ബിജി കോവൂർപുത്തൻപുരയിൽ – എടക്കോം (മേരിഗിരി മേഖല)

വിജയികൾക്ക് അഭിനന്ദനങ്ങൾ....!

### 8. മാതൃവേദി ജനറൽബോഡി യോഗം

തലശ്ശേരി അതിരൂപതാ മാതൃവേദി ജനറൽബോഡി യോഗവും പുതിയ

ഭാരവാഹികൾക്കായുള്ള തെരഞ്ഞെടുപ്പും ഡിസംബർ 19-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ച യോഗത്തിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതമാശംസിച്ചു. മുൻ പ്രസിഡന്റ് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. മുൻ സെക്രട്ടറി ശ്രീമതി സിസിലി പുഷ്പക്കുന്നേൽ റിപ്പോർട്ടും, മുൻ ട്രഷറർ ശ്രീമതി ഷീബ തെക്കേടത്ത് കണക്കും അവതരിപ്പിച്ചു. ചടങ്ങിൽ വച്ച് പിതാവ് മാർഗ്ഗരേഖ പ്രകാശനവും നടത്തി. കഴിഞ്ഞ രൂപതാ ഭാരവാഹികളെ ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് ആദരിച്ച് സംസാരിക്കുകയും ചെയ്തു. ശേഷം കെ.സി.വൈ.എം ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ അമ്മമാർക്കായി ക്ലാസ് എടുത്തു. 2022-24 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**9. ബ്ലെസ്സിങ്ങ്**

അവിവാഹിതർക്കും, പുനർവിവാഹത്തിനൊരുങ്ങുന്നവർക്കും വിവാഹതടസ്സങ്ങൾ നേരിടുന്നവർക്കും വേണ്ടി ഒരുക്കുന്ന ധ്യാന ശുശ്രൂഷ 2023 ഫെബ്രുവരി 11 ന് 5 മണിക്ക് ആരംഭിച്ച് 13 ന് ഉച്ചയ്ക്ക് 2 മണിക്ക് സമാപിക്കുന്നു. ഗൂഗിൾ ഫോമിലൂടെയോ, തന്നിരിക്കുന്ന നമ്പറിൽ വിളിച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ധ്യാനം നടക്കുന്ന സ്ഥലം മദർഹോം, പരിയാരം
നമ്പർ : 8301029369

**10. അതിരൂപതാ ഭാരവാഹികൾക്കായി ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന മേഖലകൾ**

പ്രസിഡന്റ്: ഷീബ തെക്കേടത്ത് - ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്
വൈസ് പ്രസിഡന്റ്: പ്രസന്ന മാങ്ങാട്ട് - കാഞ്ഞങ്ങാട്, കാസർഗോഡ്
സെക്രട്ടറി: മിനി മംഗലത്തിൽ - എടൂർ, കുന്നോത്ത്, പേരാവൂർ
ജോ. സെക്രട്ടറി: റീന മാളിയാംപുരക്കൽ - നെല്ലിക്കാംപൊയിൽ, പൈസക്കരി, മണിക്കടവ്
ട്രഷറർ: ഷാന്റി മാമ്മൂട്ടിൽ - ആലക്കോട്, മേരിഗിരി, വായാട്ടുപറമ്പ്
സെനറ്റ് മെമ്പർ: മേരിക്കുട്ടി തോപ്പുകാലായിൽ - പനത്തടി, വെള്ളരിക്കുണ്ട്
,, : ഡിംപിൾ ജോസ് കൂട്ടുങ്കൽ - ചെറുപുഴ, തോമാപുരം, മാലോം

**11. അറിയിപ്പുകൾ**

- ജ്വാല സംഗമം വിജയകരമായി സംഘടിപ്പിക്കുവാൻ മേഖല സമിതി ശ്രദ്ധിക്കുക. ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ജ്വാല പ്രോഗ്രാമിന് രണ്ടാഴ്ച മുമ്പ് അതിരൂപതാ ഓഫീസിൽ അറിയിക്കുക.
- ഓരോ മേഖലയുടെയും പ്രത്യേക ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുള്ള അതിരൂപത ഭാരവാഹികളെ മേഖല വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ചേർക്കുക.
- എല്ലാ യൂണിറ്റുകളിലെയും പുതിയ ഭാരവാഹികളുടെ നമ്പർ ആഡ്

ചെയ്ത് മേഖല വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ ക്രമീകരിക്കുക.

- വലിയ നോമ്പുകാലം എല്ലാ യൂണിറ്റുകളും മേഖലകളും ഒരു തവണ യെങ്കിലും അഗതി മന്ദിര സന്ദർശനം നടത്തിയെന്ന് ഉറപ്പുവരുത്തുകയും അതിന്റെ റിപ്പോർട്ട് മേഖലയിൽ രേഖപ്പെടുത്തുകയും ചെയ്യുക.
- ബിബ്ലിയ ഫമീലിയ സീസൺ 2 ക്വിസ്സ് മത്സരത്തിനായി രജിസ്റ്റർ ചെയ്ത വരുടെ ലിസ്റ്റ് ഒരു കോപ്പി മേഖലയിൽ ശേഖരിച്ച് വയ്ക്കുക. ഓരോ യൂണിറ്റിൽ നിന്നും മിനിമം 50 പേരെയെങ്കിലും ഈ പഠന പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക.
- ഫെബ്രുവരി 28 ന് നടക്കുന്ന ഓൺലൈൻ സ്പിരിചൽ ഗാതറിംഗിൽ എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി അമ്മമാരെ പങ്കെടുപ്പിക്കുകയും അവരുടെ ലിസ്റ്റ് മേഖലയിൽ നൽകുകയും ചെയ്യുക.
- അവിവാഹിതർക്കുവേണ്ടി നടത്തുന്ന ബ്ലെസ്സിംഗ് എന്ന ധ്യാന പരിപാടി യിൽ പരമാവധി പേരെ രജിസ്റ്റർ ചെയ്യിപ്പിക്കുക. വിവാഹത്തിനായി ഒരു ങ്ങുന്നവരും വിവാഹം നടക്കാത്തവരുമായ യുവതികളുടെ ലിസ്റ്റ് യൂണിറ്റ് തലത്തിൽ ശേഖരിച്ച് എത്രയും വേഗം രൂപതാ ഓഫീസിൽ നൽകുക.
- മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം മേഖലാതലത്തിലും യൂണിറ്റുക ളിലും വനിതാശാക്തീകരണ സെമിനാർ വനിതാ റാലി എന്നിവയോടെ ക്രമീകരിച്ച് നടത്താൻ ശ്രദ്ധിക്കുക.
- ഓൺലൈഫ് മീഡിയയ്ക്കുവേണ്ടി കഴിഞ്ഞ മാസത്തിൽ പ്രോഗ്രാമുകൾ നൽകിയ യൂണിറ്റുകൾക്കും മേഖലകൾക്കും നന്ദി. ഫെബ്രുവരി മാസം എടൂർ, കുന്നോത്ത് മേഖലകളാണ് യൂട്യൂബിലേക്ക് പരിപാടികൾ നൽകേ ണ്ടത്.

## III. അമല പ്രോലൈഫ്

### ജീവോപഹാരം

പരിയാരം ഇടവകയിലെ അനീഷ് ഉറുമ്പിൽ, സിബി മഞ്ഞളാംകുന്നേൽ എന്നീ കുടുംബങ്ങളിലെ നാലാമത്തെ കുട്ടിയെ അമല പ്രോലൈഫ് പ്രവർത്തകർ സന്ദർശിച്ച് ജീവോപഹാരം നൽകി ആദരിച്ചു.

## IV. അഭിനന്ദനങ്ങൾ...

അന്തർദേശീയ മാതൃവേദി സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ട അതിരൂപത സെനറ്റ് മെമ്പർ ശ്രീമതി ഡിമ്പിൾ ജോസ് കൂട്ടുങ്കലിനു അതിരൂപതാ മാതൃവേദിയുടെയും പ്രൊലൈഫ് സമിതിയുടെയും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ...

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
*ഡയറക്ടർ*

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**ഓൺലൈൻ ക്രിസ്തുമസ് കരോൾഗാന മത്സരം**

കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയിലെ അധ്യാപകർക്കായി നടത്തിയ കരോൾഗാന മത്സര വിജയികൾ

ഒന്നാം സ്ഥാനം - ചെറുപുഴ ടീം

രണ്ടാം സ്ഥാനം - ഗാന്ധിമെമ്മോറിയൽ യുപി സ്കൂൾ നെല്ലിക്കുറ്റി

മൂന്നാം സ്ഥാനം - നിർമ്മല യു പി സ്കൂൾ ചെമ്പേരി

**പൊതുവിജ്ഞാന പരീക്ഷ - Master Minds 2K22**

Master Minds 2K22 എന്ന പേരിൽ 2022 -2023 വർഷത്തെ പൊതുവിജ്ഞാന പരീക്ഷ 2023 ജനുവരി 31-ാം തീയതി അതാത് സ്കൂളുകളിൽ വെച്ച് നടത്തുന്നു.

**സന്മാർഗശാസ്ത്രം, മതബോധനം, അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷകൾ**

സന്മാർഗശാസ്ത്രം, മതബോധനം, അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷകൾ 2023 ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നു.

IV, VII ക്ലാസുകളിലെ അക്കാദമിക് പരീക്ഷ 2023 ഫെബ്രുവരി 10-ാം തീയതി അതാത് സ്കൂളുകളിൽ വെച്ച് നടത്തുന്നു. IV, VII ക്ലാസുകളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പുതിയ സ്കൂൾ കെട്ടിടങ്ങൾ**

**കരുവുള്ളടുക്കം (വെള്ളരിക്കുണ്ട്) യുപി സ്കൂൾ**

കരുവുള്ളടുക്കം സെന്റ് ജോസഫ്സ് യുപി സ്കൂളിന്റെ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 2022 ഡിസംബർ 29 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. ലൈബ്രറി ഉദ്ഘാടനവും മുഖ്യപ്രഭാഷണവും ബളാൽ ഗ്രാമപഞ്ചാ

യത്ത് പ്രസിഡന്റ് ശ്രീ. രാജു കട്ടക്കയം നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

മനോഹരമായ ഈ സ്കൂൾ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിനായി അത്യാദ്ധ്വാനം ചെയ്ത റവ. ഫാ. ജോൺസൺ അന്ത്യാംകുളം അച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. അച്ചനോടൊപ്പം ഈ ഉദ്യമത്തിനായി അദ്ധ്വാനിച്ച കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

## രത്നഗിരി എൽപി സ്കൂൾ

രത്നഗിരി എൽ.പി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും 2023 ജനവരി 21 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. ഔദ്യോഗിക സമ്മേളനത്തിൽ ഇരിക്കൂർ എംഎൽഎ ശ്രീ. സജീവ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഫാ. ജോൺസൺ വേങ്ങപ്പറമ്പിൽ, കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ, ചെമ്പേരി ഫൊറോന വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നേതൃത്വം നൽകിയ ബഹു.ജോൺസൺ വേങ്ങപ്പറമ്പിൽ അച്ചനും അച്ചനോടൊത്ത് സഹകരിച്ച അധ്യാപകർക്കും, രക്ഷകർത്താക്കൾക്കും, ഇടവകക്കാർക്കും പ്രത്യേകം നന്ദി.

## സ്നേഹതണൽ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ അധ്യാപക അനധ്യാപകരും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും ഒരുമിച്ചു ചേർന്നു നടത്തുന്ന ജീവകാരുണ്യ പ്രവർത്തനമായ ഭവന നിർമ്മാണ പദ്ധതിയിൽ സംഭാവനകൾ നൽകിയവരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| സ്കൂൾ | HSS | HS | UP | LP |
|---|---|---|---|---|
| 1) അങ്ങാടിക്കടവ് | 35923/- | 35800/- | 30016/- | Nil |
| 2) ചെമ്പേരി | 30250/- | 38500/- | 30250/- | Nil |
| 3) എടൂർ | 57620/- | 42500/- | Nil | 9000/- |
| 4) കിളിയന്തറ | 24500/- | 38640/- | Nil | 4500/- |
| 5) കെളക്കാട് | 31750/- | 20800/- | 25000/- | Nil |
| 6) കുന്നോത്ത് | 21000/- | 29150/- | 35977/- | Nil |
| 7) മണിക്കടവ് | 17000/- | 40900/- | 30000/- | Nil |
| 8) മേരിഗിരി | 30500/- | - | Nil | Nil |
| 9) പാലാവയൽ | 11500/- | 44200/- | Nil | 10300/- |
| 10) പേരാവൂർ | 16850/- | 60700/- | 50000/- | Nil |
| 11) പെരുമ്പടവ് | 29600/- | 26000/- | Nil | Nil |

| | | | | |
|---|---|---|---|---|
| 12) തോമാപുരം | 35412/- | 27670/- | Nil | 9500/- |
| 13) വായാട്ടുപറമ്പ | 43000/- | 42740/- | 15100/- | Nil |
| 14) വെളിമാനം | 38150/- | 31500/- | 26550/- | Nil |
| 15) വെള്ളരിക്കുണ്ട് | 26000/- | 17500/- | 7000/- | 15000/- |
| 16) ചന്ദനക്കാംപാറ | Nil | 24650/- | 11700/- | 14250 |
| 17) ചെമ്പന്തൊട്ടി | „ | 31780/- | 32400/- | Nil |
| 18) ചെറുപുഴ | „ | 45300/- | Nil | „ |
| 19) കടുമേനി | „ | 17300/- | Nil | „ |
| 20) കരിക്കോട്ടക്കരി | „ | 36473/- | 23500/- | „ |
| 21) കുടിയാന്മല | „ | 32000/- | 16900/- | „ |
| 22) നെല്ലിക്കുറ്റി | „ | 22700/- | 21850/- | „ |
| 23) പൈസക്കരി | „ | 30650/- | 21450/- | „ |
| 24) പുലിക്കുരുമ്പ | „ | 19900/- | 10550/- | „ |
| 25) ജോസ്ഗിരി | „ | Nil | 8300/- | „ |
| 26) കച്ചേരിക്കടവ് | „ | „ | 10000/- | „ |
| 27) അറബി | „ | „ | 15000/- | „ |
| 28) കാഞ്ഞിരക്കൊല്ലി | „ | „ | 11000/- | „ |
| 29) കരിവേടകം | „ | „ | 7500/- | 7050/- |
| 30) മണ്ടപം | „ | „ | 8700/- | Nil |
| 31) മഞ്ഞളാപുംറം | „ | „ | 20000/- | Nil |
| 32) മാട്ടറ | „ | „ | 6100/- | Nil |
| 33) പാത്തൻപറ | „ | „ | /- | 5500/- |
| 34) പേരട്ട | „ | „ | 7100/- | Nil |
| 35) പെരുമ്പുന്ന | „ | „ | 4500/- | „ |
| 36) പൊട്ടംപ്ലാവ് | „ | „ | 11600/- | „ |
| 37) ഉദയഗിരി | „ | „ | 14000/- | „ |
| 38) വയത്തൂർ | „ | „ | 26330/- | „ |
| 39) അരീക്കമല | „ | „ | Nil | 2000/- |
| 40) ഭീമനടി | „ | „ | „ | 5000/- |
| 41) ചരൾ | „ | „ | „ | 5000/- |
| 42) എടക്കോം | „ | „ | „ | /- |
| 43) കല്ലുവയൽ | „ | „ | „ | 4000/- |
| 44) കോഴിച്ചാൽ | „ | „ | „ | 8200/- |
| 45) മാമ്പൊയിൽ | „ | „ | „ | 2000/- |
| 46) മാങ്ങോട് | „ | „ | „ | 15375/- |
| 47) നെല്ലിക്കാംപൊയിൽ | „ | „ | „ | 4000/- |
| 48) നെല്ലിപ്പാറ | „ | „ | „ | 2500/- |

| | | | | |
|---|---|---|---|---|
| 49) പാലത്തുംകടവ് | Nil | Nil | Nil | 2100/- |
| 50) രണ്ടാംകടവ് | ,, | ,, | ,, | 5600/- |
| 51) രത്നഗിരി | ,, | ,, | ,, | 2100/- |
| 52) താബോർ | ,, | ,, | ,, | 4000/- |
| 53) വിളക്കന്നൂർ | ,, | ,, | ,, | 5000/- |
| | | **ആകെ തുക** | | **18,89,456/-** |

## അധ്യാപക/അനധ്യാപക അവാർഡുകൾ

നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ജോലി ചെയ്യുന്ന അധ്യാപക അനധ്യാപകരുടെ സേവനങ്ങളെ സഭയും സമൂഹവും നന്ദിയോടെ സ്മരിക്കുന്നു. ചിലർ വളരെ മാതൃകാപരവും ശ്രദ്ധേയവുമായ സേവനങ്ങൾ ചെയ്യുന്നുണ്ട്. സ്കൂൾ തലത്തിലും കോർപ്പറേറ്റ് തലത്തിലും അധ്യാപകരെയും അനധ്യാപകരെയും ആദരിക്കണം. എല്ലാവർക്കും അവാർഡുകൾ നൽകുക പ്രായോഗികമല്ലല്ലോ. പരമാവധി അന്വേഷണങ്ങൾ നടത്തി കോർപ്പറേറ്റ് തലത്തിൽ മൂന്ന് തരത്തിലുള്ള അവാർഡുകൾ അധ്യാപകർക്കും അനധ്യാപകർക്കും നൽകുന്നു. ഈ വർഷത്തെ അവാർഡുകൾക്ക് അർഹരായിട്ടുള്ളവരുടെ പേരുകൾ ബഹു. വികാരിയച്ചന്മാരും മറ്റ് സ്റ്റാഫ് അംഗങ്ങളും വിശദമായ റിപ്പോർട്ടുകളോടെ ഫെബ്രുവരി 10-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് വിശദമായ പഠനം നടത്തി അവാർഡുകൾ നൽകുന്നതാണ്.

## വിദ്യാലയ വിലയിരുത്തൽ

ഏതൊരു പദ്ധതിയുടെയും കാര്യക്ഷമമായ തുടർ പ്രവർത്തനത്തിനും മികവിനും വിലയിരുത്തൽ ആവശ്യമാണ്. വിദ്യാർത്ഥികളുടെ അക്കാദമിക് മികവുകൾ പരിശോധിക്കുന്നതിനാണ് പരീക്ഷകൾ സംഘടിപ്പിക്കുന്നത്. നിരന്തരമായ വിലയിരുത്തലിലൂടെ മാത്രമേ വിദ്യാലയ പ്രവർത്തനങ്ങൾ മികവോടെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പരീക്ഷയുടെ റിസൾട്ടിനെ മാത്രം അടിസ്ഥാനമാക്കി ഒരു വിദ്യാലയത്തിന്റെ മികവ് നിർണ്ണയിക്കാനാവില്ല. സമഗ്രമായ വിലയിരുത്തൽ ആവശ്യമാണ്. കലാലയങ്ങളെ വിലയിരുത്തുന്ന സർക്കാറിന്റെ ഔദ്യോഗിക സംവിധാനങ്ങൾ ഇപ്രകാരം സമഗ്രമായ ഒരു വിലയിരുത്തൽ നടത്താറുണ്ട്.

സ്കൂൾ വാർഷിക റിപ്പോർട്ട് കൃത്യമായ ഒരു വിലയിരുത്തലിന്റെ ബാക്കിപത്രമാകണം. എന്നാൽ സ്കൂൾ വാർഷികങ്ങളിൽ അവതരിപ്പിക്കാൻ തയ്യാറാക്കുന്ന പല റിപ്പോർട്ടുകളും സമഗ്രവും സമ്പൂർണ്ണവും അല്ല. വിദ്യാലയ പ്രവർത്തനങ്ങളെ വിലയിരുത്തി കൃത്യമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മാർഗ്ഗരേഖ എല്ലാ വർഷവും കോർപ്പറേറ്റിൽ നിന്ന് അയക്കാറുണ്ട്. ഈ

ഫോർമാറ്റ് അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്രമല്ല, വിദ്യാലയത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുവേണ്ടിയാണ്. അതു കൊണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നയക്കുന്ന സ്കൂൾ പെർഫോമയെ അടിസ്ഥാനമാക്കി പ്രധാനധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയ പ്രവർത്ത നങ്ങൾ യഥാവിധി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി ഫെബ്രുവരി 10ന് മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം.

## പി. ടി. എ. അവാർഡ്

നമ്മുടെ വിദ്യാലയങ്ങളിൽ രേഖകൾ സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ചകൾ ഉണ്ടാകാതെ ജാഗ്രത പുലർത്തണം. നമ്മുടെ വിദ്യാലയങ്ങൾക്ക് പി.ടി.എ. നൽകുന്ന പിൻതുണയും പ്രോത്സാഹനവും ശ്രദ്ധേയമാണ്. വിദ്യാലയങ്ങളെ സ്നേഹിക്കുകയും തങ്ങളുടെ സമയവും അദ്ധ്വാനവും സ്കൂളിനുവേണ്ടി മാറ്റിവെക്കുകയും ചെയ്യുന്ന രക്ഷിതാക്കളോട് പ്രത്യേകം നന്ദി പറയുന്നു.

രക്ഷിതാക്കളുടെയും, പൊതുസമൂഹത്തിന്റെയും പങ്കാളിത്തം കൊണ്ടു മാത്രമേ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കാനും, വളർത്താനും കഴിയുകയുള്ളൂ. നമ്മുടെ വിദ്യാലയങ്ങളുടെ സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതികളിൽ രക്ഷിതാക്കൾ നൽകുന്ന പിൻതുണയെ വിസ്മരി ക്കാനാവില്ല. പല സ്കൂളുകളും ഭൗതിക വികസനത്തിനുള്ള പദ്ധതികൾക്ക് പി. ടി. എ. യുടെ പിൻതുണയും പ്രോത്സാഹനവും ലഭിക്കുന്നുണ്ട്.

ഓരോ വർഷവും പി.ടി.എ.യുടെ നേതൃത്വത്തിൽ ഒരു വികസന പദ്ധതിയെങ്കിലും ലക്ഷ്യമിട്ട് മാനേജ്മെന്റിനെ സഹായിക്കണം. 2021-22 അധ്യയന വർഷത്തിൽ പി.ടി.എ.യുടെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തന ങ്ങൾ വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ ഭാഗമാകണം. ഈ അധ്യയന വർഷം പി.ടി.എ.യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിദ്യാലയ പ്രവർത്തന ങ്ങളെയും വികസന പദ്ധതികളെയും വിലയിരുത്തി മികച്ച പി. ടി.എ.യ്ക്കുള്ള അവാർഡുകൾ നൽകുന്നു. റിപ്പോർട്ട് ഫെബ്രുവരി 10-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കണം.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

### ഗ്രാൻഡ് അലുംമ്നി മീറ്റ് സംഘടിപ്പിച്ചു

ഗ്രാൻഡ് അലുംമ്നി മീറ്റ് സംഘടിപ്പിച്ചു. കോളേജിന്റെ ആരംഭകാലത്ത് പഠിച്ച വിദ്യാർത്ഥികളും പഠിപ്പിച്ച അധ്യാപകരും മീറ്റിംഗിൽ പങ്കെടുത്തു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്തയും കോളേജ് അലുംമ്നിയുമായ മാർ ജോസഫ് പാംപ്ലാനി ചടങ്ങ് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡണ്ട് ശ്രീ മമ്പറം ദിവാകരൻ അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത വികാരി ജനറൽ ആൻറണി മുതുകുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. എം.എൽ.എ.മാരായ അഡ്വ. സജീവ് ജോസഫ്, കെ കെ ശൈലജ, കെ പി മോഹനൻ മുൻ പ്രിൻസിപ്പൽമാരായ ഫാ. ജിയോ പുളിക്കൽ റവ. ഡോ. മാണി ആട്ടേൽ, ഡോ. ജോസ്‌ലെറ്റ് മാത്യു, ഡോ. സി. മേരിക്കുട്ടി അലക്സ്, പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., ബർസാർ റവ. ഫാ. ഷാജി തെക്കേമുറി. അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് പ്രതിനിധി ശ്രീ. ജോസഫ് പോൾ ഐ.ക്യു.എ.സി. കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ അലുംമ്നി മീറ്റ് ജനറൽ കൺവീനർ ഡോ. ജോൺ ജോസഫ് പ്രോഗ്രാം കോഡിനേറ്റർ ശ്രീ. ബിജു ഫാൻസിസ് എന്നിവർ സംസാരിച്ചു. റിട്ടയർമെൻറ് അധ്യാപകരെ ആദരിച്ച ഗുരുവന്ദനം പരിപാടി ഏറെ ശ്രദ്ധേയമായി. ഔദ്യോഗി കമായ മീറ്റിംഗിനുശേഷം ബൈജു മാത്യുവിന്റെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറി.

### ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷം

കോളേജ് ടീച്ചിങ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ കോളേജിൽ ക്രിസ്മസ് ന്യൂ ഇയർ ആഘോഷം സംഘടിപ്പിച്ചു. ബർസാർ ഫാ. ഷാജി തെക്കേമറി സന്ദേശം നൽകി. അധ്യാപകരും

അനധ്യാപകരും ക്രിസ്മസ് സമ്മാനങ്ങൾ കൈമാറി അധ്യാപകരുടെ കരോൾ ഗാനം മത്സരവും നടന്നു.

### കോളേജ് യൂണിയൻ & ഫൈൻ ആർട്സ് ഉദ്ഘാടനം ചെയ്തു

കോളേജ് യൂണിയൻ ഉദ്ഘാടനം 'ഫിനിക്സ്', ഫൈൻ ആർട്സ് കമ്മിറ്റി 'ചിരാത്' എന്നിവയുടെ ഉദ്ഘാടനം കണ്ണൂർ കോർപറേഷൻ മേയർ അഡ്വ. ടി. ഒ. മോഹനൻ നിർവഹിച്ചു. പ്രശസ്ത പിന്നണി ഗായകൻ കെ. എസ്. ഹരിശങ്കർ മുഖ്യാതിഥിയായി. ഫൈൻ ആർട്സ് ലോഗോ കെ. എസ്. ഹരിശങ്കർ പ്രകാശനം ചെയ്തു. ഭീതിയോടെയും പ്രതീക്ഷയോടെയും നോക്കി കാണുന്ന വാർത്തമാനകാലഘട്ടത്തിൽ വിദ്യാർത്ഥി സർഗബോധങ്ങളെ പരിപോഷിക്കുന്ന കോളേജ് യൂണിയനുകളുടെ പ്രസക്തി വലുതാണെന്ന് മേയർ പറഞ്ഞു.

കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ ബർസാർ റവ. ഫാ. ഷാജി തെക്കേമുറി, യൂണിയൻ അഡ്വൈസർ ഡോ. ദീപാമോൾ മാത്യു കോളേജ് ചെയർമാൻ സഞ്ജയ് ഷാജി, സെക്രട്ടറി ജോസഫൈൻ സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി പൗർണമി, ഫൈൻ ആർട്സ് സെക്രട്ടറി ആൽഫിൻ ബിനു, യു.യു.സി. ആനന്ദ് പി.ടി. എന്നിവർ സംസാരിച്ചു.

### സന്ദർശിച്ചു

മുൻ എം.എൽ.എ.യും കോളേജ് അലുംമ്നിയുമായ എം.വി. ജയരാജൻ കോളേജ് സന്ദർശിച്ചു.

### യുവജനദിനാഘോഷം

ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് നിർമ്മലഗിരി കോളേജ് ചരിത്ര വിഭാഗത്തിന്റെയും കുത്തുപറമ്പ് ജെ.സി.ഐ.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ യുവജന ദിനാഘോഷം നടത്തി. ജെ.സി.ഐ. പ്രസിഡന്റ് റിഗുൻലാൽ അധ്യക്ഷത വഹിച്ച ചടങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. ജെ. സി. ഐ. ദേശിയ ട്രെയിനർ ജെയ്സൺ മുകളേൽ ക്ലാസുകൾ നയിച്ചു. ചരിത്രവകുപ്പ് അധ്യക്ഷ ഡോ. സി. മഞ്ജു ഒ. എസ്., ഹർഷ പി എന്നിവർ സംസാരിച്ചു.

### ലൈബ്രറി ആരംഭിച്ചു

നിർമലഗിരി കോളേജ് ദത്തു ഗ്രാമമായ പെരുവാ കോളനിയിൽ ലൈബ്രറി സജ്ജീകരിക്കുന്നതിനായി പുസ്തകങ്ങൾ കൈമാറി. പരിപാടി കണ്ണൂർ ജില്ലാ കലക്ടർ എസ്. ചന്ദ്രശേഖർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. പിന്നാക്ക വിഭാഗങ്ങളുടെ ഉയർച്ച മുന്നിൽ കണ്ട് പ്രവർത്തിക്കുന്ന കോളേജ് കൂട്ടായ്മയെ പ്രോത്സാഹിപ്പിച്ചുകൊണ്ടും ഇത്തരം സമൂഹിക പ്രതിബദ്ധത വിദ്യാർത്ഥികളിൽ വളർത്തുന്നത് അഭിനന്ദിച്ചുകൊണ്ടും അദ്ദേഹം സംസാരിച്ചു. കോവിഡ് കാലത്ത് കോളനിയിൽ ഇന്റർനെറ്റ്

സൗകര്യമൊരുക്കിയും ഇംഗ്ലീഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ രണ്ടാഴ്ച നീളുന്ന ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ പദ്ധതി 'സ്പീക്ക്സി, നടത്തിയും ഒരു കുട്ടിക്ക് ഒരു വിഷയത്തിൽ ഒരു ടീച്ചർ എന്ന രീതിയിൽ ഓൺലൈൻ ട്യൂഷൻ സംഘടിപ്പിച്ചും നിർമലഗിരി കോളേജ് പെരുവാ കോളനിയെ സഹായിച്ചിട്ടുണ്ട്. ഇന്ന് നടന്ന ചടങ്ങിൽ വിദ്യാർഥികൾ സംഭാവന ചെയ്ത നാനൂറോളം പുസ്തകങ്ങളും ഷെൽഫുമാണ് ആദ്യഘട്ടമെന്ന നിലയിൽ കൈമാറിയത്. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ സ്വാഗതം പറഞ്ഞു. കോളേജ് ബർസർ റവ. ഫാ. ഷാജി തെക്കേമുറിയിൽ, പഞ്ചായത്ത് പ്രസിഡന്റ് റിജി എൻ ഇ-ടീച്ച് പദ്ധതിയുടെ കോ ഓർഡിനേറ്റർ ഡോ. ദീപമോൾ മാത്യു, അസിസ്റ്റന്റ് പ്രൊഫ. ഡോ. ദീപു തോമസ്, കോളയാട് പഞ്ചായത്തംഗം റോയ് പൗലോസ്, സ്വാതി ബാലകൃഷ്ണൻ, വിസ്മിജാ, ദിൽഷാ എന്നിവർ പങ്കെടുത്തു.

### സെമിനാർ സംഘടിപ്പിച്ചു

കേരള സാഹിത്യ അക്കാദമിയും നിർമ്മലഗിരി കോളേജിൽ പ്രവർത്തിക്കുന്ന ഐറിഷ് ഗവേഷണ സ്ഥാപനവും നിർമ്മലഗിരി മലയാള ചരിത്രവിഭാഗങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ സംക്ഷേപവേദാർത്ഥവും ആധുനിക വ്യവഹാരങ്ങളും എന്ന വിഷയത്തിൽ ഏകദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. പ്രമുഖ പത്രപ്രവർത്തകനും നിരൂപകനുമായ ഡോ. പി.കെ രാജശേഖരൻ ഉദ്ഘാടനം ചെയ്തു. മതപരമായ കാര്യങ്ങൾ വിശദീകരിക്കുന്ന ഒരു ഗ്രന്ഥം എന്നതിനുമപ്പുറത്തേക്ക് സംക്ഷേപവേദാർത്ഥത്തിന്റെ പ്രാധാന്യത്തെ നാം ഇനിയും വായിച്ചെടുക്കേണ്ടിയിരിക്കുന്നു. സംവേദനാത്മകതയാണ് ലോകത്തെ മാറ്റിമറിക്കുന്നത്. അത്തരത്തിലൊരു എഴുത്തു സമീപനമാണ് ഈ കൃതിയിൽ 250 വർഷങ്ങൾക്കുമുൻപ് ക്ലമന്റ് പിയാനോസ് എന്ന ഇറ്റാലിയൻ മിഷണറി സ്വീകരിച്ചതെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു ഐറിഷ് ഡയറക്ടർ റവ. ഡോ. എം. ജെ. മാണി മുഖ്യപ്രഭാഷണം നടത്തിയ പരിപാടിയിൽ മലയാളവിഭാഗം ചരിത്രവിഭാഗം വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. മാറുന്ന കാലത്തിൽ ഭാഷയുടെ വേരുകളന്വേഷിച്ച് പഠിക്കേണ്ടതിന്റെ പ്രധാന്യമോർമിപ്പിച്ചു കൊണ്ട് ചങ്ങനാശ്ശേരി എസ്. ബി. കോളേജ് മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസർ ജോസഫ് സ്ക്കറിയ പരിപാടിയിൽ സംസാരിച്ചു. റവ. ഡോ. ജോബി ജേക്കബ്, റവ. ഡോ. മാർട്ടിൻ ജോസഫ് അസിസ്റ്റന്റ് പ്രൊഫസർ സി. സുജമോൾ ജോസഫ്, ഡോ. ദീപാമോൾ മാത്യു ഡോ. ജയ്സൺ ജോസഫ് കോളേജ് യൂണിയൻ ചെയർമാൻ സഞ്ജയ് ഷാജി, മൂന്നാം വർഷമലയാള വിഭാഗം വിദ്യാർത്ഥിനി അൽഫോൻസ ജോസഫ് ചരിത്ര വിദ്യാർത്ഥി ഹർഷ പി. എന്നിവർ സംസാരിച്ചു

## സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു

കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർക്ക് (STRAC)ന്റെ പങ്കാളിത്തത്തോടെ രണ്ടാംവർഷ കോമേഴ്സ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു.

## നേട്ടങ്ങൾ

അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ വച്ച് നടന്ന നാഷണൽ കോമേഴ്സ് ഫെസ്റ്റ് COMET 23 ൽ നിർമ്മലഗിരി കോമേഴ്സ് വിഭാഗം ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

കണ്ണൂർ ജില്ലാ ജൂണിയർ ഹോക്കിയിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ നിർമലഗിരി കോളേജ് ടീം ചാമ്പ്യൻമാരായി.

## പ്രഭാഷണം സംഘടിപ്പിച്ചു

മാതൃഭൂമിയുടെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി മാതൃഭൂമി ഇൻറർനാഷണൽ ഫെസ്റ്റിവൽ ഓഫ് ലെറ്റേഴ്സ് നടത്തിവരുന്ന പ്രഭാഷണ പരമ്പര മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ കോളേജിൽ സംഘടിപ്പിച്ചു.

പ്രമുഖ എഴുത്തുകാരനായ ഇ. സന്തോഷ് കുമാർ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. അധ്യക്ഷത വഹിച്ചു കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറി ഉപഹാരം നൽകി. മലയാളം വിഭാഗം അധ്യക്ഷ ഡോ. ദീപാ മോൾ മാത്യു സ്വാഗതവും സഞ്ജയ് ഷാജി നന്ദിയും പറഞ്ഞു.

## ക്ലാസ് സംഘടിപ്പിച്ചു

ഇലക്ഷൻ ലിറ്ററസി ക്ലബിന്റെയും എൻ.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇലക്ഷൻ ലിറ്ററിസി ക്ലാസ് സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ലിറ്ററസി ക്ലബ് കൺവീനർ റവ. ഡോ. മാർട്ടിൻ ജോസഫ് സ്വാഗതം പറഞ്ഞു. താലൂക്ക് ഓഫീസർ സജിത്ത് എം., റവന്യു ഇൻസ്പെക്ടർ കെ. ബാബു എസ്.വി.ഒ. റോഷൻ കുമാർ എന്നിവർ ക്ലാസ് നയിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. ജെയ്സൺ ജോസഫ്, വോളന്റിയർ അലൻ ലൂയിസ് എന്നിവർ സംസാരിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്

**1. സാൻജോസ് അക്കാഡമി - വെള്ളരിക്കുണ്ട്**

സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് വെള്ളരിക്കുണ്ട് സെന്റ് ജൂഡ് ആർട്‌സ് ആൻഡ് സയൻസ് കോളേജിൽ ആരംഭിച്ചിരിക്കുന്നു. ഈ അക്കാഡമിയിൽ ജർമ്മൻ ഭാഷാപഠനം, IELTS, OET എന്നീ പരിശീലനങ്ങൾ ലഭ്യമാണ്. ആദ്യബാച്ചിൽ 25 കുട്ടികൾക്ക് അവസരം. ഈ ബാച്ചിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഉടനെ പേര് രജിസ്റ്റർ ചെയ്യുക.

**2. ജർമ്മൻ ഭാഷാ പരിശീലനം**

ജർമ്മൻ ഭാഷാ പരിശീലനത്തിന്റെ പുതിയ ബാച്ച് വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സാൻജോസ് അക്കാദമിയിൽ ഫെബ്രുവരി 1 ന് ആരംഭിക്കും. ഈ ബാച്ചിൽ 15 കുട്ടികൾക്കാണ് അവസരം

**3. NEET and KEAM Entrance Crash Course**

മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് ഒരുക്കമായുള്ള NEET, KEAM ക്രാഷ് കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ചെമ്പേരി, ആലക്കോട്, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലാണ് ക്രാഷ് കോഴ്സ് നടക്കുന്നത്. ഒരു ബാച്ചിൽ 50 കുട്ടികൾക്കാണ് അവസരം.

**4. IELTS, OET, UKVI**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. സാൻജോസ് അക്കാഡമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **ഫോൺ : 8281 750 777, 8281 730 777.**

**ഫാ. സോണി വടശ്ശേരിൽ**

*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - JAN. 2023**

- Computer Aided Engineering (CAE) മേഖലയിൽ TRAINING നൽകുന്ന് PUNE ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ ELEATIONS സിവിൽ, മെക്കാനിക്കൽ വിദ്യാർത്ഥികൾക്കായി ഡിസംബർ മാസം 27-ാം തീയതി Preliminary Round Selection ടെസ്റ്റ് നടത്തി. Mechanical ബ്രാഞ്ചിലെ 3 കുട്ടികൾ Free Training-നായി തെരഞ്ഞെടുക്കപ്പെട്ടു Final Selection Process ഫെബ്രുവരി 5, 2023 ന് നടക്കും.
- LONDON ആസ്ഥാനമായി പ്രവർത്തിക്കുന്ന International Professional Services Network കമ്പനിയായ DELOITTE പ്രാഥമിക Round Selection test ഡിസംബർ 30-ാം തീയതി നടത്തി. Selection List ലഭ്യമായിട്ടില്ല. ഫെബ്രുവരി അവസാനത്തോടെ റിക്രൂട്ട്മെന്റ് Process പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- പ്രമുഖ IT സർവ്വീസസ് PROVIDER ആയ VANENBURG വിമൽജ്യോതിയിൽ നിന്നും ഫെബ്രുവരി മാസത്തിൽ റിക്രൂട്ട്മെന്റ് നടത്തുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രതിവർഷം 7 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു. വിമൽജ്യോതിയിലെ ഏതാനും പൂർവ്വ വിദ്യാർത്ഥികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്.
- സ്കൂൾ വിദ്യാർത്ഥികളുടെ COMMUNICATION SKILLS പരിപോഷിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന EDTECH കമ്പനിയായ ACCENTA EDUCATION ഫെബ്രുവരി മാസം 7-ാം തീയതി വി

മൽജ്യോതിയിൽ വെച്ച് CAMPUS RECRUITMENT നടത്തുന്നു. 50 – ലധികം ഒഴിവുകൾ നിലവിലുണ്ട്.

- പ്രമുഖ IT കമ്പനിയായ COGNIZANT TECHNOLOGY SERVICES (CTS) വിമൽജ്യോതിയിൽ നിന്നും 50 പെൺകുട്ടികളെ തെരഞ്ഞെടുത്ത് WOMEN EMPOWERMENT Program -ന്റെ ഭാഗമായി SALESFORCE CRM ൽ Training നൽകുന്നു. കമ്പനിയുടെ BANGALORE ശാഖയിൽ നിന്നുള്ള STAFF ശനിയാഴ്ചകളിൽ College -ൽ വന്നാണ് ഈ പരിശീലന പരിപാടി നടത്തുന്നത്. തികച്ചും സൗജന്യമാണ്. പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികൾക്ക് സർട്ടിഫിക്കറ്റും, തൊഴിലവസരവുമുണ്ടായിരിക്കും. പരിശീലനം ഫെബ്രുവരി 4–ാം തീയതി ആരംഭിക്കും.

## എം.ബി.എ. വാർത്തകൾ

### വിമൽജ്യോതിയിൽ സൗജന്യ കെ മാറ്റ് പരിശീലനം

2023–25 ബാച്ചിലേക്കുള്ള എം.ബി.എ. പ്രവേശനത്തിനുള്ള കെ മാറ്റ് എൻട്രൻസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 2 മുതൽ ഓൺലൈനായി പരിശീലനം സംഘടിപ്പിക്കുന്നു. വിമൽജ്യോതി എം.ബി.എ. കോളേജിന്റെ നേതൃത്വത്തിൽ നടത്തുന്ന പരിശീലന പരിപാടിയിൽ വിദഗ്ധരായ അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. തികച്ചും സൗജന്യമായി നടത്തുന്ന ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

- കണ്ണൂർജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അന്റ് റിസേർച്ചിൽ 2023–25 വർഷത്തേക്കുള്ള എം ബി എ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കുംഅവസാന വർഷ വിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞ് 70% മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായി സ്കോളർഷിപ്പുകളും ലഭ്യമാണ്. 90% മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിൽ വിമൽജ്യോതിയിൽ നിന്നും എം ബി എ പഠനം പൂർത്തിയാക്കാവുന്നതാണ്.

എം.ബി.എ പ്രവേശന പരീക്ഷയായ കെ മാറ്റ് എഴുതുന്ന വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 1 മുതൽ ഓൺലൈൻ വഴി സൗജന്യമായി പരിശീലനവും നൽകുന്നുണ്ട്.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുക ളിൽ ബന്ധപ്പെടുക**

**9497517396, 9656786719, +8111918367**

- വിമൽജ്യോതിയിലെ സൗജന്യ ഓൺലൈൻ കെ-മാറ്റ് കോച്ചിങ്ങിന് ഓൺലൈനായി (https: //forms.gle/9k4rjbZupwn4fN6) അപേക്ഷിക്കാവുന്നതാണ്.
- രജിസ്ട്രേഷൻ സൗജന്യമാണ്.

**For Free KMAT- Coaching Contact**

**VJIM- KMAT - 9400512240, 8111918367, 9497517396**

**For MBA Admission**

**☞ https://vjim.ac.in/admission/online-application/**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

*മാനേജർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

ബഹുമാനപ്പെട്ട വൈദികരെ, സഹപ്രവർത്തകരെ,

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനത്തെ ചേർത്ത് പിടിക്കുവാനും അനുയാത്ര ചെയ്യുവാനുമുള്ള സഭയുടെ ദൗത്യത്തിൽ വളരെ പ്രയോജനകരമായ അജപാലനസംവിധാനമാണ് കുടുംബക്കൂട്ടായ്മകൾ. ഇടവകയെ ചെറു യൂണിറ്റുകളായി തിരിച്ച് മാസത്തിലൊരിക്കൽ ഒന്നിച്ചുചേർന്ന് പ്രാർത്ഥിക്കുകയും സംഭാഷണത്തിലേർപ്പെടുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന ഈ ശൈലി ജനത്തിന് പരസ്പരം അടുപ്പവും ഉണർവ്വും നല്കുകയും ജനപങ്കാളിത്തത്തിന്റെയും സാമുദായിക ബോധത്തിന്റെയും വളർച്ച സാധ്യമാക്കുകയും ചെയ്യും. അതിനാൽ എല്ലാ ഇടവകകളിലും ഈ സംവിധാനം വളർത്തിയെടുക്കുകയും സജീവമാക്കുകയും ചെയ്യുവാൻ എല്ലാ വൈദികരോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ ജനുവരിയിലെ വിജ്ഞാപനപ്രകാരം തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്.

1. ഒരു യൂണിറ്റിൽനിന്ന് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സിക്രട്ടറി, ട്രഷറർ, കൺവീനർ എന്നീ അഞ്ച് ഭാരവാഹികളെ കണ്ടെത്തണം.
2. വാർഡ് പ്രസിഡണ്ട് പാരീഷ് കൗൺസിൽ പ്രതിനിധിയാണ്.
3. സിക്രട്ടറിയെയോ, കൺവീനറെയോ (ഒരാളെ) പാരീഷ് കൗൺസിൽ അംഗമായി നിശ്ചയിക്കാവുന്നതാണ്.
4. പാരീഷ് കൗൺസിൽ അംഗങ്ങളിൽ മൂന്നിലൊന്ന് വനിതകളായിരിക്കണം.
5. സഭയോടു വിശ്വസ്തരും ഇടവകയോടും വികാരിയോടും ആത്മാർത്ഥതയും സഹകരണവുമുള്ള വ്യക്തിയെ കോഡിനേറ്റർ ആയി തിരഞ്ഞെടുക്കാൻ ശ്രമിക്കുക.

# ഇൻഫാം

**കർഷക ദിനാചരണം ചെമ്പന്തൊട്ടിയിൽ**

ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ കെ.സി.ബി.സി. കർഷകദിനം ചെമ്പന്തൊട്ടിയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത കർഷക സമ്മേളനത്തിൽ ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് ശ്രീ. സ്കറിയ നെല്ലംകുഴിയിൽ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചു. ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ മുഖ്യ പ്രഭാഷണവും ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി റവ. ഫാ. ജോസഫ് കാവനാടി അനുഗ്രഹപ്രഭാഷണവും നടത്തിയ മീറ്റിംഗിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അഞ്ഞൂറിലധികം കർഷകർ പങ്കെടുത്തു.

---

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ലിസ്റ്റ് കുടുംബകൂട്ടായ്മ ഓഫീസിലേയ്ക്ക് മാർച്ച് 30നു മുമ്പ് തന്നെ അയച്ച് തരണേ.

ഏപ്രിൽ ആദ്യദിനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭാരവാഹികൾക്കായി ഫൊറോന തലത്തിൽ പരിശീലനക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്.

കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും പേര് വിവരം അതിരൂപത കൂരിയായിലേക്കാണ് അയയ്ക്കേണ്ടത്.

വാർഡ് തലത്തിൽ കൂട്ടായ്മ വിളിച്ച് ചേർത്ത് തിരഞ്ഞെടുപ്പ് നടത്തുവാൻ കഠിനാധ്വാനം ചെയ്യുന്ന വൈദികരെയും ഭാരവാഹികളെയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**ഫാ. മാത്യു ആശാരിപറമ്പിൽ**
*ഡയറക്ടർ*

അതിന് നേതൃത്വം നല്കിയ ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. തോമസ് ചെരുവിൽ, ഇൻഫാം ജില്ലാ ഭാരവാഹികളായ ശ്രീ. സണ്ണി തുണ്ടത്തിൽ, ശ്രീ ജോസ് തോണിക്കൽ ശ്രീ. ലാലിച്ചൻ കുഴിയാത്ത് ശ്രീ. ഉണ്ണികൃഷ്ണൻ എന്നിവരെയും ചെമ്പന്തൊട്ടി മേഖലാ ഭാരവാഹികളെയും പ്രത്യേകിച്ച് ഇൻഫാം നടുവിൽ - വിളക്കന്നൂർ - മണ്ടളം യൂണിറ്റ് ഭാരവാഹികളെയും അഭിനന്ദിക്കുന്നു. ഇതിന് എല്ലാ പ്രോത്സാഹനവും നല്കിയ ചെമ്പന്തൊട്ടി ഫൊറോനാ വികാരിയച്ചൻ ഫാ. ആന്റണി മഞ്ഞളാംകുന്നേൽ അച്ചനും ഫൊറോനയിലെ പ്രിയപ്പെട്ട വൈദികർക്കും ചെമ്പേരി, വായാട്ടുപറമ്പ്, പൈസക്കരി മേഖലയിലെ പ്രിയപ്പെട്ടവർക്കും. പ്രത്യേകം നന്ദി!

**കർഷക റാലി**

ചെമ്പന്തൊട്ടിയിൽ കർഷക ദിനത്തോട് അനുബന്ധിച്ച് നടന്ന കർഷകറാലി ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഫ്ളാഗ് ഒഫ് ചെയ്ത് സംസാരിച്ചു - ഇൻഫാം നേതാക്കൾ റാലിക്ക് നേതൃത്വം നല്കി.

**വിള പ്രദർശനം**

കർഷകദിനത്തോട് അനുബന്ധിച്ച് ഇൻഫാം ജില്ലാ സെക്രട്ടറി സണ്ണി തുണ്ടത്തിലിന്റെ നേതൃത്വത്തിൽ ഇൻഫാം വിളക്കന്നൂർ - മണ്ടളം യൂണിറ്റുകളുടെ സഹകരണത്തോടെ വിള പ്രദർശനം നടത്തി. മികച്ച കപ്പ, കാച്ചിൽ തേങ്ങക്കുല, മഞ്ഞൾ എന്നിവയ്ക്ക് പ്രോത്സാഹന സമ്മാനം നല്കി. വിള പ്രദർശനം റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**കർഷക ദിനാചരണം**

കണ്ണൂർ ജില്ലയിൽ നെല്ലിക്കാംപൊയിൽ ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടിയുടെ നേതൃത്വത്തിൽ പതാക ഉയർത്തി ദിനാചരണം നടത്തി.

**ജൈവ പച്ചകറി കൃഷിയുടെ ഉദ്ഘാടനം**

ഇൻഫാം മണിക്കടവ് നെല്ലിക്കാംപൊയിൽ മേഖലകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മാട്ടറ ഇടവകയിൽ വച്ച് ഇൻഫാം മേഖല ഡയറക്ടർ ബഹു. ഫാ. ജോർജ് ആശാരിക്കുന്നേൽ അച്ചന്റ നേതൃത്വത്തിൽ കർഷക സെമിനാർ നടത്തുകയും മേഖലയിലെ മികച്ച കർഷകരെ ആദരിക്കുകയും 250 കുടുംബങ്ങളെ പങ്കെടുപ്പിച്ച് ജൈവ പച്ചക്കറി കൃഷിക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഇൻഫാം പ്രവർത്തനങ്ങളോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും സഹകരണത്തിനും പ്രത്യേകം നന്ദി!

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

# കത്തോലിക്കാ കോൺഗ്രസ് (എ. കെ. സി. സി.)

**2023 ജനുവരിയിലെ പ്രവർത്തനങ്ങൾ**

ഛത്തീസ്ഗഡിലെ ക്രിസ്ത്യൻ ദേവാലയ ആക്രമണത്തിൽ കത്തോലിക്ക കോൺഗ്രസ് അപലപിച്ചു.

വടക്കേ ഇന്ത്യയിലെ നിരക്ഷരരും നിരാലംബരുമായ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈ പിടിച്ച് ഉയർത്തുന്ന ക്രൈസ്തവർക്ക് എതിരെ നടത്തുന്ന ആക്രമണ ങ്ങളിൽ ആശങ്ക രേഖപ്പെടുത്തിക്കൊണ്ട് കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ട്രഷറർ ഫിലിപ്പ് വെളിയത്ത് എന്നിവർ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് നിവേദനം സമർപ്പിച്ചു. ഛത്തീസ്ഗഡിൽ ക്രിസ്ത്യാനികൾക്കെതിരെ നടന്ന അനിഷ്ട സംഭവ ങ്ങളിൽ അതിരൂപത കമ്മിറ്റി ഉത്കണ്ഠ രേഖപ്പെടുത്തി.

AKCC ചന്ദനക്കാംപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി.

ബഹു. വികാരി ഫാദർ ജോസഫ് ചാത്തനാട്ട് ഉദ്ഘാടനം ചെയ്തു. ശ്രീ. കുര്യൻ ജോസഫ് കുരിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. പയ്യാവൂർ സബ് ഇൻസ്പെക്ടർ എം.ജെ. ബെന്നി ക്ലാസ്സിന് നേതൃത്വം നൽകി. റോബിൻ ജോസഫ് പ്രസംഗിച്ചു.

ചെമ്പേരി ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രിസ്തുമസി നോട് അനുബന്ധിച്ച് പുൽക്കൂട് മത്സരം നടത്തി.

കത്തോലിക്ക കോൺഗ്രസ് ചെമ്പേരി മേഖല പ്രഖ്യാപിച്ച പുൽക്കൂട് മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്ന് മെച്ചപ്പെട്ട രീതിയി

ലുള്ള പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു. പുൽക്കൂടു മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് വികാരിയച്ചൻ മാർക്കും കെസിവൈഎം പ്രവർത്തകർക്കും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ അഭിനന്ദനങ്ങളും നന്ദിയും അറിയി ക്കുന്നു. ക്രിസ്തുമസ് രാത്രിയിൽ ബുദ്ധിമുട്ടുകൾ സഹിച്ച് കത്തോലിക്കാ കോൺഗ്രസ് ചെമ്പേരി മേഖല കമ്മറ്റിയോട് സഹകരിച്ച ജഡ്ജസിനും നന്ദി അറിയിക്കുന്നു. പുൽക്കൂട് മത്സരത്തിൽ ഫസ്റ്റ് പ്രൈസിന് (2500 രൂപ) കുടിയാൻമലയും സെക്കൻഡ് പ്രൈസിന് (1500 രൂപ) നെല്ലിക്കുറ്റിയും അർഹരായ വിവരം എല്ലാവരെയും അറിയിക്കുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## ആതുരാലയ സന്ദർശനം

ക്രിസ്തുമസിനോട് അനുബന്ധിച്ച് ചെമ്പേരി മേഖല കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ചെമ്പേരി കരുണാലയം, വെമ്പുവാ തെരേസ ഭവൻ, പൂപ്പറമ്പ് മരിയ ഭവൻ, കരുവഞ്ചാൽ തിരുരക്ത ആശ്രമം എന്നിവിടങ്ങൾ സന്ദർശിച്ചു.

ചെമ്പേരി മേഖലയിലെ ഇടവകകളിൽ നിന്നും ലഭിച്ച ഒരു ലക്ഷത്തി ഒമ്പതിനായിരം രൂപ കൂടാതെ ഇരുപതിനായിരം രൂപയുടെ പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, സ്റ്റേഷനറി സാധനങ്ങൾ, ഡ്രസ്സുകൾ എന്നിവ നൽകുകയും ചെയ്തു. കഷ്ടത അനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കുക എന്ന ക്രിസ്തുമസ് സന്ദേശവുമായി ചെമ്പേരി മേഖല കത്തോലിക്ക കോൺഗ്രസിനെ ഈ കാരുണ്യ പ്രവർത്തിയിലേക്ക് നയിച്ച ചെമ്പേരി ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടിലിനും കത്തോലിക്ക കോൺഗ്രസ് ചെമ്പേരി മേഖല ഡയറക്ടർ ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ടച്ചനും എല്ലാ ഇടവക ഡയറക്ടർ അച്ചന്മാർക്കും ഈ കാരുണ്യ സ്പർശനത്തിന് നേതൃത്വം കൊടുത്ത കത്തോലിക്ക കോൺഗ്രസിന്റെ എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും പ്രവർത്തകർക്കും ഈ കാരുണ്യപ്രവർത്തിയിൽ സഹായിച്ച് പങ്കാളികളായ ചെമ്പേരി മേഖലയിലെ മുഴുവൻ സുമനസ്സുകൾക്കും പ്രത്യേകിച്ച് ഫൊറോന പ്രസിഡണ്ട് ജിമ്മി അയിത്തമറ്റത്തിനും കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അധികൃത കമ്മിറ്റിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## ദേവസ്യ കൊങ്ങോല അനുസ്മരണം നടത്തി

കത്തോലിക്കാ കോൺഗ്രസിന്റെ തലശ്ശേരി അതിരൂപത മുൻ പ്രസിഡണ്ട് ശ്രീ. ദേവസ്യ കൊങ്ങോല സമുദായ അംഗങ്ങൾക്ക് മാതൃകയാക്കാവുന്ന ഒരു പൊതുപ്രവർത്തകൻ ആയിരുന്നു. കത്തോലിക്ക കോൺഗ്രസിന്റെ അതിരൂപത പ്രസിഡണ്ട് എന്ന നിലയിൽ സമുദായത്തിനും സമൂഹത്തിനും

വേണ്ടി അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു. കർഷകരുടെയും പൊതു സമൂഹത്തിന്റെയും പ്രത്യേകിച്ച് കത്തോലിക്കാ സമുദായത്തിന്റെയും ശബ്ദമായി മാറുവാൻ കത്തോലിക്കാ കോൺഗ്രസിന് കഴിഞ്ഞത് അദ്ദേഹ ത്തിന്റെ നേതൃത്വപ്രവർത്തനം കൊണ്ടാണെന്ന് തലശ്ശേരി അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ അഭിപ്രായപ്പെട്ടു. കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ദേവസ്യ കൊങ്ങോലയുടെ രണ്ടാം ചരമവാർഷിക ആചരണം തലശ്ശേരി സന്ദേശഭവനിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുക യായിരുന്നു അദ്ദേഹം. അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. ബെന്നി പുതിയപുറം, ചാക്കോച്ചൻ കാരമയിൽ, ജോർജ് വടകര, പീയൂസ് പറയിടം, ഷീജ കാറുകളം, അൽഫോൻസ് കളപ്പുര, ഡേവിസ് ആലങ്ങാടൻ, സുരേഷ് ജോർജ്, ജോർജ് വലിയമുറത്താങ്കൽ, മാത്യു വെള്ളാങ്കോട്, പൈലി പേമല, സൈജു ജോസഫ് വട്ടക്കാവുങ്ങൽ, ജോസഫ് മേലഴകത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

## ജനുവരിമാസ പ്രോഗ്രാം

കാലിച്ചാനടുക്കം ഇടവകയിൽ വച്ച് 6ന് ജനുവരി മാസത്തിൽ വിവാഹിതരാകുന്ന ബധിര യുവതീ യുവാക്കൾക്ക് വിവാഹ ഒരുക്ക ക്ലാസ്സ്, കുമ്പസാരം എന്നിവ നടത്തി.

പുതുവർഷ ആഘോഷം ആറാം തീയതി വൈകുന്നേരം 6:30ന് കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് ആരാധനയും ജപമാലയും ഓൺലൈൻ വഴിയായി നടത്തി. പുതുവർഷത്തിൽ നന്മ നിറഞ്ഞവരാകുവാൻ, സ്നേഹത്തിൽ കൂടുതൽ ആഴപ്പെടുവാൻ അംഗങ്ങൾ തീരുമാനമെടുത്തു.

## ബാംഗ്ലൂർ മിഷൻ

എട്ടാം തീയതി ഞായറാഴ്ച ബാംഗ്ലൂർ എഫാത്ത ഗ്രൂപ്പ് അംഗങ്ങൾ ഒന്നിച്ചു ചേർന്ന് പരിശുദ്ധ കുർബാന അർപ്പിച്ചു. ആഘോഷങ്ങൾ ഭാഗമായി ഗ്രൂപ്പ് ആനിമേറ്റർ പീറ്റർ ആശംസകൾ നേരുന്നു.

## ലിറ്റിൽ ഫ്ളവർ ഡഫ് സ്കൂൾ വാറങ്കൽ

10 ചൊവ്വാഴ്ച വാറങ്കൽ ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ആശീർവാദകർമ്മത്തിലും, വാർഷിക ആഘോഷ ത്തിലും പങ്കുചേർന്നു. പരിശുദ്ധ ബലിക്കും, മീറ്റിങ്ങിനും ആംഗ്യഭാഷ യിൽ പരിഭാഷ നൽകി.

## വിവാഹ ആശീർവാദങ്ങൾ

ആദം മിനിസ്ട്രി അംഗങ്ങളായ എബിൻ പൂമറ്റത്തിൽ, ബബിത

തെങ്ങുംപള്ളി എന്നിവരുടെ വിവാഹം എടൂർ ദേവാലത്തിൽ വച്ച് പതിനാലാം തീയതിയും, അമൽ മേൽവട്ടം, സാനിയ കുളത്തൂർ എന്നിവരുടെ വിവാഹം പതിനാറാം തീയതി മണ്ഡളം ഇടവകയിൽ വച്ചും ആശീർവാദിച്ചു.

## ലോഗോസ് ക്വിസ് സമ്മാനങ്ങൾ

ഇരുപത്തിയൊന്നാം തീയതി തലശ്ശേരി ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ലോഗോസ് ക്വിസ് സമ്മാനദാന ചടങ്ങിൽ ബധിര വിഭാഗത്തിൽ സമ്മാനാർഹരായ നിമ്മി എലിയാസ്, തങ്കച്ചൻ, ആൻറണി. എന്നിവർ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിൽ നിന്നും സമ്മാനങ്ങൾ ഏറ്റുവാങ്ങി. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് നൽകിയ സ്നേഹാദരം ഡയറക്ടർ ജോർജ് കളരിമുറിയിൽ അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റുവാങ്ങി. ബധിര സമൂഹത്തിനായുള്ള ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കുന്ന ബൈബിൾ അപ്പൊസ്റ്റൊലേറ്റിന് ഹൃദയപൂർവം നന്ദി.

## ഫെബ്രുവരി മാസ പ്രോഗ്രാം

- ഓൺലൈൻ മിനിസ്ട്രി 1, 18, 25 തീയതികളിൽ വിശുദ്ധ കുർബാന
- 19-പത്തൊമ്പതാം വാർഷിക ആഘോഷം ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ.ഡി.എസ്.യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

### എ.ഡി.എസ്.യു. ത്രിദിന ക്യാമ്പ് വിമൽ ജ്യോതിയിൽ

എ.ഡി.എസ്.യു വിന്റെ ത്രിദിന ക്യാമ്പ് വിമൽ ജ്യോതിയിൽ വെച്ച് നടന്നു. 101 പ്രവർത്തകരും 10 മെന്റേഴ്സും ക്യാമ്പിൽ സംബന്ധിച്ചു. ഡിസം. 29ന് ആരംഭിച്ച ക്യാമ്പ് ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തപ്പെട്ടു.

സമാപന സമ്മേളനം ഡിസം. 31ന് ഇരിക്കൂർ എം.എൽ.എ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. ക്യാമ്പംഗങ്ങൾക്ക് ടീഷർട്ടും, ക്യാമ്പ് മെറ്റീരിയൽസും, മൊമെന്റോയും നൽകി.

### പുതുവർഷാരംഭം അധ്യാപക രക്ഷാകർത്തൃവിദ്യാർത്ഥി ലഹരി ബോധവത്ക്കരണ സംഗമം

**ദീപഗിരി :** ജനുവരി 1ന് അധ്യാപക രക്ഷാകർത്തൃ വിദ്യാർത്ഥി ലഹരി ബോധവൽക്കണ സെമിനാർ ദീപഗിരിയിൽ സംഘടിപ്പിച്ചു. രാവിലെ 9.45 മുതൽ ഉച്ചക്ക് 1.30 വരെയായിരുന്നു സമ്മേളനം. അതിരൂപതാ ഡയറക്ടർ സെമിനാർ നയിച്ചു. ഡെന്നീസ് കൂട്ടുങ്കൽ, അജേഷ് വാഴപ്പനാടി, തോമസ് ശാശ്ശേരി, ഡെയ്സി പിണക്കാട്ട് എന്നിവർ നേതൃത്വം നൽകി.

### അതിരൂപതാ ആലോചന സമിതി സമ്മേളനം – തലശ്ശേരിയിൽ

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മുക്തി ശ്രീ അതിരൂപതാ ആലോചന സമിതി ജനുവരി 6ന് സമ്മേളിച്ചു. പുതിയ വർഷത്തെ

പ്രവർത്തനങ്ങളുടെ ശൈലി രൂപീകരണം നടത്തി. ഡയറക്ടറച്ചൻ നേതൃത്വം നൽകി.

**ജനുവരി 7-8 മൈന്റ് മാസ്റ്ററി ക്യാമ്പ് - കോഴിക്കോട്**

ജനുവരി 7, 8 തീയതികളിൽ കോഴിക്കോട് അപ്പോളോ ഓഡിറ്റോറിയത്തിൽ വെച്ച് ദ്വിദിന സെമിനാർ നടന്നു. മദ്യപരെയും അവരുടെ കുടുംബാംഗങ്ങളെയും വ്യക്തിവികാസത്തിലേക്ക് നയിക്കുന്ന പരിശീലന പരിപാടിയിൽ ഡയറക്ടർ സംബന്ധിച്ചു.

**ജനുവരി 10 വിൻസെന്റ് ഡി പോൾ പ്രവർത്തകർക്ക് ബോധവൽക്കണം**

ജനുവരി 10ന് വിൻസെന്റ് ഡി പോൾ പ്രവർത്തകർക്ക് ലഹരി ബോധവത്ക്കരണവും പരിശീലന പരിപാടിയും നടത്തി. ഫാ. ചാക്കോ കുടിപ്പറമ്പിൽ, കരോൾ വി. എസ്. എന്നിവർ ക്ലാസ്സെടുത്തു.

**ജനുവരി 13 പ്രാർത്ഥനാദിനാചരണം**

ചെമ്പേരി മേഖലാ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ പ്രവർത്തകർ പ്രാർത്ഥനാദിനാചരണം നടത്തി. ജോസ് ചിറ്റേട്ട്, ഷെൽസി കാവനാടിയിൽ, ജോർജ് പിണക്കാട്ട്, ജിൻസി കുഴിമുള്ളിൽ എന്നിവർ നേതൃത്വം നൽകി.

**ജനുവരി 20 പ്രവർത്തക സമിതി സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ പ്രവർത്തക സമിതി സമ്മേളനം ജനുവരി 20ന് ചേപ്പറമ്പ് സെന്റ് ജൂഡ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ആന്റണി മേൽവെട്ടം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഷിനോ പാറയ്ക്കൽ മുഖ്യ പ്രഭാഷണവും സിസ്റ്റർ ജോസ് മരിയ സി.എം.സി. ആശംസയും അർപ്പിച്ചു. പുതിയ വർഷത്തെ പ്രവർത്തന പരിപാടികൾ അവതരിപ്പിച്ചു.

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

**ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ**

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടി - കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടറുടേയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുമല്ലോ.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 ഡിസംബർ 20-ന് ശേഷം 2023 ജനുവരി 20 വരെയുള്ള കണക്ക്)

1. St. Francis Assisi Church, Melechovva - 10,000/-

**ഏയ്ഞ്ചൽ - പണമിടപാടുകൾ**

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക്

ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻ നമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.)**

## TSSS ട്രസ്റ്റ് സെക്രട്ടറിമാർക്ക് അക്കൗണ്ടിംഗ് ട്രെയിനിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന TSSS ട്രസ്റ്റുകളുടെ സാമ്പത്തിക ഇടപാടുകൾ ഏകീകരിക്കുന്നതിനും സുഗമമാക്കുന്നതിനും ട്രസ്റ്റുകളുടെ സെക്രട്ടറിമാർക്കായി ACCOUNTING TRAINING സംഘടിപ്പിച്ചു. 2023 ജനുവരി 21 ശനിയാഴ്ച വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം മേഖലകൾക്കും, ജനുവരി 24 ചൊവ്വാഴ്ച ചെറുപുഴ, മേരിഗിരി, ആല ക്കോട് മേഖലകൾക്കും, ജനുവരി 25 ബുധൻ ചെമ്പേരി, പൈസക്കരി, നെല്ലിക്കാംപൊയിൽ, പേരാവൂർ, എടൂർ മേഖലകളിലെ ട്രസ്റ്റുകളുടെ സെക്രട്ടറിമാർക്കാണ് പരിശീലനം നൽകിയത്. ചാർട്ടേർഡ് അക്കൗണ്ടിംഗ് രംഗത്തെ വിദഗ്ധനായ ശ്രീ. മാത്യു അക്കൗണ്ടിംഗ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകി. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ട്രെയിനിംഗുകളിൽ അദ്ധ്യക്ഷത വഹിച്ചു. TSSS സ്റ്റാഫ് അംഗങ്ങളും ട്രെയിനിംഗിൽ പങ്കെടുത്ത് പരിശീലനം നേടി.

## മേഖലാ മീറ്റിംഗ്

2023 വർഷത്തെ TSSS-ന്റെ ആദ്യ മേഖലാ മീറ്റിംഗുകൾ ഫെബ്രു വരി മാസത്തിൽ സംഘടിപ്പിക്കുന്നു. 2023 ഫെബ്രുവരി 9 വ്യാഴാഴ്ച ഉച്ചയ്ക്ക് 2.30-ന് ആലക്കോട്വച്ച് മേരിഗിരി, ആലക്കോട് മേഖല കളുടെയും, വൈകുന്നേരം 4 മണിക്ക് ചെറുപുഴ മേഖലയുടെയും, ഫെബ്രുവരി 13 തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് തോമാപുരം, ഉച്ചയ്ക്ക് 1.30-ന് വെള്ളരിക്കുണ്ട്, വൈകുന്നേരം 4 മണിക്ക് പനത്തടി മേഖലകളുടെയും, ഫെബ്രുവരി 14 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30-ന് ഇരിട്ടി പള്ളി ഓഡിറ്റോറിയത്തിൽവച്ച് നെല്ലിക്കാംപൊയിൽ, എടൂർ,

പേരാവൂർ മേഖലകളുടെയും, ഫെബ്രുവരി 17 വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്ക് ചെമ്പേരിയിൽവച്ച് പൈസക്കരി, ചെമ്പേരി മേഖലകളുടെയും മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു.

### SHG ലീഡേഴ്സ് ട്രെയിനിംഗ്

TSSS-ന്റെ നേതൃത്വത്തിൽ NABARD-ന്റെ സഹകരണത്തോടെ Self Help Groups (SHGs) ലീഡേഴ്സിനുള്ള ട്രെയിനിംഗുകൾ മൂന്നിടങ്ങളിലായി സംഘടിപ്പിച്ചു. 2023 ജനുവരി 12 വ്യാഴാഴ്ച മുണ്ടാനൂർ വച്ചും, ജനുവരി 19 വ്യാഴാഴ്ച പേരാവൂർ വച്ചും, ജനുവരി 20 വെള്ളിയാഴ്ച എടപ്പുഴ വച്ചുമാണ് ട്രെയിനിംഗുകൾ സംഘടിപ്പിച്ചത്. ട്രെയിനിംഗിൽ SHG പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടിയുള്ള വിവിധ സംരംഭങ്ങളെക്കുറിച്ചുള്ള ചർച്ചകളും നടത്തി. TSSS സ്റ്റാഫ് അംഗങ്ങളായ ശ്രീ. ജോസ് പ്രകാശ്, മേഴ്സി ജേക്കബ്, ശ്രീമതി ഉഷ ദിനേശൻ, മൈക്രോ ഫൈനാൻസിംഗ് ഓഫീസർ ശ്രീ. അരവിന്ദ് എന്നിവർ വിവിധ വിഷയങ്ങളിൽ ലീഡേഴ്സിന് പരിശീലനങ്ങൾ നൽകി. മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന SHG-കളെ ട്രെയിനിംഗിൽ വച്ച് മൊമെന്റോ നൽകി ആദരിച്ചു.

### ഏകദിന ശിൽപശാല

National Bank for Agriculture and Rural Development (NABARD) കണ്ണൂരിൽവച്ച് സംഘടിപ്പിച്ച ഏകദിന ശിൽപശാലയിൽ NABARD-ന്റെ വിവിധ പ്രൊജക്ടുകളെക്കുറിച്ച് ചർച്ച നടത്തി. TSSS റീജിയണൽ ഡയറക്ടർ ഫാ. ജോജോ പൊടിമറ്റം, TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ്പ്രകാശ്, സ്റ്റാഫ് അംഗം ശ്രീ. ജോജോ എന്നിവർ ശിൽപശാലയിൽ സംബന്ധിച്ചു.

### ദ്വിദിന ശിൽപശാല

Kannur Association for Integrated Rural Organistion and Support (KAIROS)-ന്റെ സഹകരണത്തോടെ കണ്ണൂരിൽവച്ച് NGO-കൾക്കായി ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു. Co-operative Responsible Funds-നെക്കുറിച്ച് ശിൽപശാലയിൽ വിവിധ NGO പ്രതിനിധികൾ ചർച്ചകൾ നടത്തി. ശിൽപശാലയിൽ TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ പങ്കെടുത്തു.

### ആശാകിരണം ആരോഗ്യ ഇൻഷൂറൻസ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി വിവിധ ഇൻഷൂറൻസ് കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് TSSS പ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമായി പുതുതായി ആരോഗ്യ ഇൻഷൂറൻസ്

പദ്ധതി പ്രത്യേകമായി ആരംഭിക്കുന്നു. അഞ്ച് ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപ വരെ പരിരക്ഷ ലഭിക്കുന്ന നിരവധി പോളിസികളാണ് ഈ പദ്ധതി യിലൂടെ TSSS ഒരുക്കുക. പ്രീമിയം തുക ഒന്നിച്ച് അടച്ച് അംഗത്വമെടുക്കുവാൻ സാധിക്കാത്ത TSSS പ്രവർത്തകർക്ക് അതാത് യൂണിറ്റുകളിൽ നിന്നും പലിശ രഹിത സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതാണ്. ഇൻഷൂറൻസിൽ അംഗത്വമെടുക്കുവാൻ മാത്രമായി നൽകുന്ന ഈ സഹായം നിശ്ചിത കാലയളവിനുള്ളിൽ തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും TSSS-ന്റെ യൂണിറ്റുകൾ വഴി നൽകുന്നു.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയ മാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായി ക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി 18 ശനിയാഴ്ച ആലക്കോട് വച്ച് വായിലെ കാൻസറിനാണ് പരിശോധന സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**സ്വാഗതം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റ പ്രിയ ബഹു. ലൂക്കോസ് മാടശ്ശേരി അച്ചന് ബയോ മൗണ്ടൻ കൂട്ടായ്മയിലേക്ക് സ്നേഹപൂർവ്വം സ്വാഗതം. പുതിയ കർമ്മമേഖലയിൽ അച്ചന് എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥ നാശംസകളും നേരുന്നു.

**സന്ദർശനം**

തലശ്ശേരി അതിരൂപതയുടെ കർഷക കൂട്ടായ്മയായി പ്രവർത്തന മാരംഭിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ബിസിനസ് കൺസൾട്ടന്റ് ശ്രീ. ഷാജി എന്നിവർ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സന്ദർശിക്കുകയും വിവിധ കാർഷിക സംരംഭങ്ങളെക്കുറിച്ച് സംവദിക്കുകയും ചെയ്തു.

**ദ്വിദിന ട്രെയിനിംഗ്**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ തെരഞ്ഞെടുത്ത 20-ഓളം അംഗങ്ങൾക്ക് ദ്വിദിന ട്രെയിനിംഗ് സംഘ ടിപ്പിക്കുന്നു. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വ ത്തിലാണ് വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകുന്നത്.

**വനിതാ സംരംഭകത്വ വികസന പരിശീലനം**

സംരംഭകർ ആകാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി കേരള വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) പത്ത് ദിവസത്തെ വനിതാ സംരംഭകത്വ വികസന പരിപാടി

(Entrepreneurship Development Programme for Women) സംഘടിപ്പിക്കുന്നു. 2023 ഫെബ്രുവരി 06 മുതൽ 17 വരെ എറണാകുളം കളമശ്ശേരിയിൽ ഉള്ള KIED ക്യാമ്പസ്സിൽ വെച്ചാണു പരിശീലനം നടക്കുന്നത്. ബിസിനസ്സ് ആശയങ്ങൾ, ബ്രാൻഡിംഗ് & പ്രമോഷൻ, വിവിധ സർക്കാർ സ്കീമുകൾ, ബാങ്കുകളിൽ നിന്നുള്ള ബിസിനസ്സ് ലോണുകൾ, എച്ച്.ആർ. മാനേജ്മെന്റ്, കമ്പനി രജിസ്ട്രേഷൻ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ തെരഞ്ഞെടുത്ത അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുക്കുന്നു.

**പ്രൊഡക്ഷൻ യൂണിറ്റ് സന്ദർശനം**

കോട്ടയം ജില്ലയിൽ കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന KAPCO PRODUCTION UNIT ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സന്ദർശിച്ചു. കപ്പയുടെ വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനെക്കുറിച്ചും, ആധുനിക കാർഷികയന്ത്രങ്ങൾ ഏതെല്ലാം വിധത്തിൽ കപ്പ കർഷകർക്ക് പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചും ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി.

**ബയോ മൗണ്ടൻ ടീ പൗഡർ വിതരണം**

തലശ്ശേരി അതിരൂപതയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ ഉൽപന്നമായ ബയോ മൗണ്ടൻ ടീ പൗഡർ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിതരണം നടത്തിവരുന്നു. 250 ഗ്രാം തൂക്കം വരുന്ന ബോട്ടിലുകളിലും പാക്കറ്റുകളിലും ചായപ്പൊടി വിതരണം ചെയ്തുവരുന്നു. TSSS & ബയോ മൗണ്ടൻ അംഗങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് ഇവ ലഭ്യമാക്കുക. അംഗങ്ങളെല്ലാവരും ബയോ മൗണ്ടൻ ചായപ്പൊടികൾ വാങ്ങി ഉപയോഗിച്ചുകൊണ്ട് ഈ കർഷക കൂട്ടായ്മയെ ഉയർച്ചയിലേക്ക് നയിക്കുന്നതിന് പ്രിയ ബഹു. എല്ലാ അച്ചന്മാരുടെയും അംഗങ്ങളുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോസഫ് പാംപ്ലാനി

### ഡിസംബർ 2022

21 പുലിക്കുരുമ്പ ഇടവകാംഗമായ ബഹു. ജോൺ മുണ്ടോളിക്കൽ അച്ചന്റെ പിതാവ് ശ്രീ. ജോസഫ് മുണ്ടോളിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിലെ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ചെമ്പേരി ലൂർദ്ദ് മാതാ ദൈവാലയത്തിൽവച്ച് ബഹു. ലൂയീസ് മേനാച്ചേരി അച്ചന്റെ പുതിയ ഗാനങ്ങളുടെ ആൽബം പ്രകാശനം ചെയ്തു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കത്തീഡ്രൽ ഇടവകയുടെയും സാൻജോസ് സ്കൂളിന്റെയും നേതൃത്വത്തിൽ തലശ്ശേരിയിൽ സംഘടിപ്പിച്ച ടൗൺ കരോൾ പ്രോഗ്രാമിൽ മുഖ്യപ്രഭാഷണം നടത്തി.

22 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കനകപ്പള്ളിയിൽ നവീകരിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് ബളാൽ ഇടവകാംഗങ്ങളായ ഡീക്കൻ ആശിഷ് അറയ്ക്കലിന്റെയും ബ്രദർ നോയൽ ആനിക്കുഴിക്കാട്ടിലിന്റെയും ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരത്തോടെ വെള്ളരിക്കുണ്ട് സെന്റ് എലിസബത്ത് സ്കൂളിന്റെ ആനുവൽ ഡേ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് കനകപ്പള്ളി ഇടവകയുടെ നേതൃത്വത്തിൽ നടന്ന ക്രിസ്തുമസ് സന്ദേശ യാത്ര ഉദ്ഘാടനം ചെയ്തു. രാത്രിയോടെ ചികിത്സയിലായിരുന്ന ബഹു. തോമസ് കളത്തിൽ അച്ചനെ കണ്ണൂർ ആശുപത്രിയിൽ സന്ദർശിച്ചു.

23 രാവിലെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഓൺലൈനായി നടത്തപ്പെട്ട പെർമനന്റ് സിനഡിൽ സംബന്ധിച്ചു. ഉച്ചയോടെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽവച്ച് നടത്തപ്പെട്ട ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിക്കുകയും ബഹുമാനപ്പെട്ട അച്ചന്മാരുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബ്രദർ സിറിൽ ചെറു

കരയെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം ജോസ്മൗണ്ടിൽ പുതുതായി നിർമ്മിച്ച കുഴുമ്പിലെ ഭവനം വെഞ്ചരിച്ചു. തുടർന്ന് ഇരിട്ടി ടൗണിൽ നവീകരിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം പേരാവൂരിൽവച്ച് നടത്തപ്പെട്ട പേരാവൂർ മാരത്തോൺ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന് എടൂരിൽവച്ച് വൈ.എം.സി.എയുടെയും ഗ്രാമദീപത്തിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് പ്രോഗ്രാമിന് അധ്യക്ഷത വഹിച്ചു.

24 രാവിലെ രണ്ടാംകടവ് ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച ബലിപീഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. പത്തുമണിയോടെ അതിരൂപതാകേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ചെമ്പേരി ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട് കരുവഞ്ചാൽ, ചെമ്പേരി ആശുപത്രി ഡയറക്ടേഴ്സുമായി സംവദിച്ചു. മൂന്നുമണിയോടെ അതിരൂപതാ കേന്ദ്രത്തിലെത്തിയ എൽ.ഡി.എഫ് കൺവീനർ ശ്രീ. ഇ.പി. ജയരാജനെ സ്വീകരിച്ചു. അറബി ഇടവകാംഗമായ ശ്രീ. ജെയ്സൺ ആശാരിപ്പറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

25 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ക്രിസ്തുമസ് കുർബ്ബാന അർപ്പിച്ചു. ഉച്ചയ്ക്ക് തലശ്ശേരിയിൽവച്ച് നടത്തപ്പെട്ട ക്രിസ്തുമസ് പ്രോഗ്രാമിന് അധ്യക്ഷത വഹിച്ചു. എടൂരിൽവച്ച് മൈത്രീഭവൻ ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരത്തോടെ ആനപ്പന്തി ആവിലാസദൻ സന്ദർശിച്ചു. തുടർന്ന് ബ്രദർ ബിപിൻ ഉപ്പുകുന്നേലിന്റെ ഭവനം സന്ദർശിച്ചു.

26 മണിപ്പാറ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ അഗസ്റ്റിൻ കല്ലുങ്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കൊന്നക്കാട് ഇടവകാ ദൈവാലയത്തിൽ ബഹു. ആൻഡ്രൂസ് തെക്കേകണ്ടത്തിൽ അച്ചന്റെ സഹോദരി ശ്രീമതി സെലിൻ ആലയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. മൂന്നുമണിയോടെ പുതുതായി നിർമ്മിച്ച തിരൂർ ഇടവകാ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

27 രാവിലെ എടൂർ ഇടവകയിലെ വാഗാനിപുഴ സാജു-സിന്ധ്യ ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഫിയോണ മരിയയുടെ മാമ്മോദീസ നടത്തി. തുടർന്ന് അങ്ങാടിക്കടവ് ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജിത്ത് കുന്നപ്പള്ളിയുടെ (SDB) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ബഹു. ഫാ. സെബാ

സ്റ്റ്യൻ മണപ്പാത്തുപറമ്പിലിന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരി ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് പുലിയുറുമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം വിമലശ്ശേരിയിൽ പുതുതായി നിർമ്മിച്ച സൺഡേസ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

28 രാവിലെ ബിരിക്കുളം ഇടവകയിലെ തൊട്ടിയിൽ ജോളി-സൗമ്യ ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഇവാൻ ജോസഫിന്റെ മാമ്മോദീസ നടത്തി. ബെഡൂർ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ തോമസ് കൊന്നയിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മേരിഗിരിയിൽവച്ച് നടത്തപ്പെട്ട എൻ.എസ്.എസ്. വോളന്റിയർ മീറ്റിൽ വിദ്യാർത്ഥികളുമായി സംവദിച്ചു. കണിച്ചാർ ഇടവകാ ദൈവാലയത്തിൽവച്ച് ഡീക്കൻ കുര്യാക്കോസ് താഴത്തുപുരയ്ക്കലിന്റെയും (OSB) ഡീക്കൻ മാത്യു ചൊള്ളംപുഴയിലിന്റെയും (OSB) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ഉരുപ്പുംകുറ്റിയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

29 രാവിലെ പടുപ്പ് ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ തോമസ് പള്ളിക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ബിനോയി കാവാലത്തിന്റെ ഭവനം വെഞ്ചരിച്ചു. വെള്ളരിക്കുണ്ടിൽ പുതുതായി നിർമ്മിച്ച യു.പി. സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ദീപഗിരിയിൽ ബഹു. ഫ്രാൻസിസ് കിഴക്കേയിൽ അച്ചന്റെ ഭവനം സന്ദർശിച്ച് ജൂബിലി ആശംസകൾ നേർന്നു. വൈകുന്നേരത്തോടെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ട വൈദികരുടെ ജൂബിലി മീറ്റിംഗിൽ പങ്കുചേർന്നു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

30 രാവിലെ ചെമ്പന്തൊട്ടി ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് ഐക്കരയിലിന്റെ (MCBS) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് എ.ഡി.എസ്.യു വിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മീറ്റിംഗ് "സ്റ്റാൻഡ് അപ്" ഉദ്ഘാടനം ചെയ്തു. ചെമ്പേരിയിൽവച്ച് വിമലാ ഹോസ്പിറ്റലിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ കരുവഞ്ചാൽ ദൈവാലയത്തിൽവച്ച് നടന്ന ബഹു. ബെന്നി പുത്തൻനടയിൽ

അച്ചന്റെ ജൂബിലി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. ഇഗ്നേഷ്യസ് മുളങ്കാട്ടിൽ അച്ചനെ സന്ദർശിച്ചു.

31 രാവിലെ നെല്ലിപ്പാറ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ അൻവിൻ ജോൺ മണ്ണൂരിന്റെ (CMI) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ചെറുപുഴയിൽവച്ച് കല്ലറയ്ക്കൽ സച്ചിൻ രാജുവിന്റെയും മിന്നു ടോമി കുടകശ്ശേരിയുടെയും വിവാഹം ആശീർവ്വദിച്ചു. അങ്ങാടിക്കടവിൽവച്ച് ബഹു. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അച്ചന്റെ സഹോദരൻ ശ്രീ. ഷാജി കുറ്റിക്കാട്ടുകുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾ നടത്തി. ഉച്ചയ്ക്കുശേഷം നിർമ്മലഗിരി കോളേജിൽവച്ച് നടത്തപ്പെട്ട അലുംമ്നി മീറ്റിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് നിർമ്മലഗിരി ദൈവാലയത്തിൽവച്ച് കളപ്പുരയ്ക്കൽ പ്രഫുലിന്റെയും കാറ്റാംകോട്ടിൽ ആഷ്നയുടെയും വിവാഹം ആശീർവ്വദിച്ചു.

## ജനുവരി 2023

01 ശ്രീകണ്ഠാപുരം ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം തലശ്ശേരി ഹോളി ഫാമിലി കോൺവെന്റിൽ തിരുകുടുംബ തിരുനാളിനോടനുബന്ധിച്ച് സന്ദർശനം നടത്തി.

02 രാവിലെ കരിക്കോട്ടക്കരി ഇടവകയിലെ അറയ്ക്കൽ ജിൻസൺ-പ്രീതി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഗബ്രിയേലിന് മാമ്മോദീസാ നൽകി. തുടർന്ന് ആനറ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ കുര്യാക്കോസ് ചാത്തൻകുഴിക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. രണ്ടുമണിയോടെ പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ട പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ സംഗമമായ സാൾട്ട് ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളുമായി സംവദിച്ചു. കുന്നുംകൈ ഇടവകയിൽവച്ച് കാനക്കാട്ട് നൈജൽ മാനുവലിന്റെയും പടിയറ രാഗിൻ രാജുവിന്റെയും വിവാഹം ആശീർവ്വദിച്ചു. രാത്രിയോടെ അതിരൂപതാ കേന്ദ്രത്തിലെത്തിയ മരിയാ മാറ്റെർ എക്ലേസിയാ സെമിനാരിയുടെ റെക്ടറെയും വൈസ് റെക്ടറെയും സ്വീകരിച്ചു.

03 രാവിലെ ചരൾ ഇടവകയിൽ മരണപ്പെട്ട നടുവത്തേട്ട് ഏലിയാമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പേരട്ടയിൽ പുതു

തായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ കട്ടിളവയ്പ്പു ചടങ്ങ് നടത്തി. പടിയൂർ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ആന്റണി പാവംകോട്ടിലിന്റെ (CST) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പാലാവയലിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലെക്സിന്റെയും ബാസ്കറ്റ്ബോൾ കോർട്ടിന്റെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.ബി. രാജേഷിനെയും ശ്രീ. എം.വി. ജയരാജനെയും സ്വീകരിച്ചു. ഒൻപതു മണിയോടെ നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

04 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട ദീപികാ കണ്ണൂർ യൂണിറ്റിലെ ഡിപ്പാർട്ട്മെന്റ് മേധാവികളുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കൂരിയാ ഇവാല്യുവേഷൻ മീറ്റിംഗിൽ അധ്യക്ഷനായി.

05 വായാട്ടുപറമ്പ് ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ നിഖിൽ വാലേപുത്തൻപുരയിലിന്റെയും (CST), ഡീക്കൻ ജിബിൻ ആനിത്തോട്ടത്തിലിന്റെയും (MSFS) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വെമ്പുവായിൽവച്ച് ബഹു. ഫിലിപ്പ് ചേന്നാട്ട് അച്ചന്റെ ജൂബിലി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് വെള്ളരിക്കുണ്ട് കോളേജ് ഏറ്റെടുക്കലുമായി ബന്ധപ്പെട്ട മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. രാത്രി 9 മണിക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വെബിനാറിൽ ക്ലാസ്സ് നയിച്ചു.

06 കണ്ണൂർ രൂപതയുടെ കീഴിലുള്ള മരിയാപുരം ദൈവാലയത്തിൽവച്ച് നടത്തപ്പെട്ട സുക്കോളച്ചന്റെ ദൈവദാസപ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. രാത്രിയോടെ എറണാകുളത്തേയ്ക്കു യാത്രതിരിച്ചു.

07–14 എറണാകുളം മൗണ്ട് സെന്റ് തോമസിൽവച്ച് നടത്തപ്പെട്ട സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

15 ബാംഗ്ലൂർ ധർമ്മാരാം കോളേജിൽവച്ച് നടത്തപ്പെട്ട ഇന്റർനാഷണൽ കോൺഫറൻസിൽ ക്ലാസ്സ് നയിച്ചു.

16 രാവിലെ മേലെചൊവ്വ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോൺ മരിയാപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് ഒന്നാംവർഷ സെമിനാരി വിദ്യാർത്ഥികളുടെ മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. വൈകുന്നേരം ആലക്കോട് ഇടവകാ

ദൈവാലയത്തിൽവച്ച് വേലമാരുകുടിയിൽ ജോമിന്റെയും കായമ്മാക്കൽ നേഹയുടെയും വിവാഹം ആശീർവ്വദിച്ചു. ഒൻപതു മണിയോടെ അതി രൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

17 രാവിലെ കാർത്തികപുരം ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ ജോർജ് കിഴികണ്ടിയിലിന്റെ (MS) പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

18 രാവിലെ തലശ്ശേരി എസ്.ടി. കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. അതി രൂപതാ കേന്ദ്രത്തിൽവച്ച് കെ.സി.വൈ.എമ്മിന്റെ ലഹരിവിരുദ്ധ സന്ദേ ശയാത്ര ഫ്ളാഗ്ഓഫ് ചെയ്തു. പത്തുമണിയോടെ സന്ദേശഭവനിൽവച്ച് വൈദികർക്കായി ക്ലാസ്സ് നയിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

19 കോഴിക്കോട് വച്ച് നടത്തപ്പെട്ട മലബാർ റീജിയണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. രാത്രിയോടെ ആലപ്പുഴയിലേക്ക് യാത്രതിരിച്ചു.

20 രാവിലെ ആലപ്പുഴ ബിഷപ്സ് ഹൗസിൽ സന്ദർശനം നടത്തി. തുടർന്ന് അർത്തുങ്കൽ ബസലിക്കാ പള്ളിയിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം മറ്റക്കര ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

FEBRUARY 2023

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Visitors Day |
| 02 | 06.30 am | - | Peravoor: S H Provincial House |
| | 09.30 am | - | Kolakkad: School Blessing |
| | 11.30 am | - | Nirmalagiri: NAAC Meeting |
| | 03.30 pm | - | Nirmalagiri: St. Joseph's Convent |
| 03 | | - | Mumbai |
| 04 | 10.30 am | - | Josegiri Hospital: Jubilee |
| | 02.30 pm | - | Chemperi: School Silver Jubilee |
| | 03.30 pm | - | Chemperi: Vimala Hospital Inauguration |
| | 05.00 pm | - | Kottoor: Engagement |
| 05 | | - | Nellikkunnu: Pastoral Visit |
| 06 | 09.00 am | - | Vellad: Ordination |
| 07 | 10.00 am | - | Forane Vicars Meeting |
| | 02.00 pm | - | Catechism Council |
| 08 | | - | Kunnoth: GSMS |
| 09 | | - | Engaged |
| 10 | 05.00 pm | - | Chemperi: Jubilee Inauguration |
| 11 | 10.00 am | - | Pastoral Council |
| 12 | 06.00 am | - | Padannakkad: Pastoral Visit |
| | 05.00 pm | - | Mother Home: Retreat |
| 13 | | - | Idukki: Alpha Convocation |
| 14 | | - | Visitors Day (Priests) |
| 15 | | - | Visitors Day (General Public) |

| | | | |
|---|---|---|---|
| 16 | | - | Rajamudy: Marriage |
| 17 | 10.00 am | - | Finance Council |
| 18 | 10.00 am | - | Kuttikkol: Ashram Blessing |
| | 04.00 pm | - | Puncha: Jubilee |
| 19 | | - | Thalassery: Pastoral Visit |
| 20 | | - | Engaged |
| 21 | | - | Visitors Day (Priests) |
| | 07.00 pm | - | Department Heads Meeting |
| 22 | | - | Engaged |
| 23 | | - | Chalakkudy: Bible Convention |
| 24 | | - | Thomapuram Forane: Retreat |
| 25 | 10.00 am | - | Chemperi: Retirement Meeting, Corporate |
| 26 | | - | Padankavala |
| 28 | 10.00 am | - | Presbytarium |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോർജ് ഞറളക്കാട്ട്

## ഡിസംബർ 2022

27 പുഞ്ച ഇടവകയിൽവച്ച് ഡീക്കൻ ജോസഫ് തകിടിയേലിന് തിരുപ്പട്ടം നൽകി.

28 ചെങ്ങോം ഇടവകയിൽ വച്ച് ഡീക്കൻ ജോർജ് തുറക്കലിന് തിരുപ്പട്ടം നൽകി.

30 ആലക്കോട് ഇടവകയിൽ വച്ച് ഡീക്കൻ തോമസ് പാണാംകുഴിക്ക് തിരുപ്പട്ടം നൽകി.

## ജനുവരി 2023

02 ചെറുപാറ ഇടവകയിൽ വച്ച് ഡീക്കൻ ജേക്കബ് മൂങ്ങാമാക്കലിന് തിരുപ്പട്ടം നൽകി.

03 കമ്പല്ലൂർ ഇടവകയിൽ വച്ച് ഡീക്കൻ ചാക്കോ പനത്തോട്ടത്തിന് തിരുപ്പട്ടം നൽകി.

04 പാണത്തൂർ ഇടവകയിൽ വച്ച് ഡീക്കൻ തോമസ് വരകുകാലായിലിന് തിരുപ്പട്ടം നൽകി.

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോർജ് വലിയമറ്റം

## ഡിസംബർ 2022

21 പുലിക്കുരുമ്പ ഇടവകയിൽ തലശ്ശേരി അതിരൂപതാംഗമായ ജോൺ മുണ്ടോളിക്കൽ അച്ചന്റെ പിതാവ് ശ്രീ ജോസഫ് മുണ്ടോളിക്കലിന്റെ മൃതസംസ്കാര ചടങ്ങിൽ പള്ളിയിലെ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

25 കിളിയന്തറ ഇടവകയിൽ കാക്കനാട് ഡോ. ടോം ജോസ് – അമല ദമ്പതികളുടെ മകൾ എലിസബത്തിന് മാമ്മോദീസാ നൽകി.

27 പേരാവൂർ ഇടവകയിൽ ലണ്ടനിൽ വെച്ച് നിര്യാതനായ ഡോ. തങ്കം പാനൂസിന്റെ പൂജ്യ അവശിഷ്ടങ്ങൾ പുനർപ്രതിഷ്ഠിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

28 മണക്കടവ് ഇടവകയിൽ സി.എസ്.ടി. സഭാംഗമായ ഡീക്കൻ ജോമറ്റ് വെള്ളമറ്റത്തിന് തിരുപ്പട്ടം നൽകി.

29 ചെട്ട്യാംപറമ്പ് ഇടവകയിൽ ഒ.സി.ഡി സഭാംഗമായ ഡീക്കൻ സ്കറിയ മമ്മൂട്ടിലിന് തിരുപ്പട്ടം നൽകി. ഉച്ചയ്ക്ക് രണ്ടരയ്ക്ക് കല്ലുമുതിരകുന്ന് ഇടവകയിൽ ഒ.സി.ഡി സഭാംഗമായ ഡിക്കൻ അതുൽ മൂക്കിലിക്കാട്ടിന് തിരുപ്പട്ടം നൽകി.

31 മേരിഗിരി ഇടവകയിൽ തലശ്ശേരി അതിരൂപതാംഗമായ ഡീക്കൻ നിതിൻ പൂകമലയ്ക്ക് തിരുപ്പട്ടം നൽകി.

## ജനുവരി 2023

01 നിർമ്മലഗിരി ഇടവകയിൽ ആലഞ്ചേരി ഡേവിഡ് ബോണിക്കും അബിഗേറ്റിനും മാമ്മോദീസാ നൽകി.

02 ബളാൽ ഇടവകയിൽ തലശ്ശേരി അതിരൂപതാംഗമായ ഡീക്കൻ അഗസ്റ്റിൻ അറക്കലിന് തിരുപ്പട്ടം നൽകി.

04 കടുമേനി ഇടവകയിൽ തലശ്ശേരി അതിരൂപതാംഗമായ ഡീക്കൻ പ്രവീൺ കായംകാട്ടിലിന് തിരുപ്പട്ടം നൽകി.

05 താമരശ്ശേരി ഇടവകയിൽവെച്ച് കുരുമ്പാറ സുബിന്റെയും കൊട്ടാരത്തിൽ മിറാൻഡയുടെയും ഒത്തുകല്യാണം ആശിർവദിച്ചു.

06– 14. കാക്കനാട് വച്ചുനടന്ന സീറോ മലബാർ സഭാ സിനഡിൽ പങ്കെടുത്തു.

12 പാലാ രൂപതയിലെ കൂടല്ലൂർ ഇടവകയിൽ വച്ച് കുരുമ്പാറ സുബിൻ – മിറാൻഡ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

15 തിരുവനന്തപുരത്ത് നിര്യാതനായ ഫാദർ തോമസ് ഫെലിക്സ് സി.എം.ഐ. കുറിച്ചിയാപറമ്പിലിന്റെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്തു.

16 താമരശ്ശേരി കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ ശ്രീ. മാത്യു പുളിക്കെകാരന്റെ നാല്പത്തിയൊന്നാമത് സ്മരണദിനത്തിൽ ബലിയർപ്പിച്ചു. ഉച്ചയ്ക്ക് 3.00 മണിക്ക് കോടഞ്ചേരി ഇടവകയിൽ എഫ്.സി.സി സന്യാസ സമൂഹാംഗമായ സി. ബൈലോൺ എഫ്.സി.സിയുടെ മൃതസംസസ്കാര ചടങ്ങിൽ മുഖ്യകാർമികത്വം വഹിച്ചു.

18–19 കോഴിക്കോട് വച്ചുനടന്ന നോർത്ത് റീജിയണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.